# കേരള സർക്കാർ

## ബജറ്റ് പ്രസംഗം
## 2022-23

## കെ.എൻ.ബാലഗോപാൽ
## ധനകാര്യ മന്ത്രി

2022 മാർച്ച് 11

| | | പേജ് നമ്പർ |
|---|---|---|
| **ഭാഗം I** | - | 1 |
| ആമുഖം | - | 1 |
| **ഭാഗം II** | - | 11 |
| വിജ്ഞാന സമ്പദ്ഘടനയും നൈപുണ്യ വികസനവും | - | 14 |
| ഐ.ടിയും ഡിജിറ്റൽ മേഖലയും | - | 21 |
| കൃഷിയും മൂല്യവർദ്ധിത ഉത്പാദനവും | - | 31 |
| പരിസ്ഥിതി സൗഹൃദ കേരളത്തിലേക്ക് | - | 40 |
| **ഭാഗം III** | - | 45 |
| കാർഷിക മേഖല | - | 45 |
| ജലസേചനം | - | 50 |
| മൃഗസംരക്ഷണം | - | 51 |
| മത്സ്യ ബന്ധനം | - | 52 |
| സഹകരണം | - | 54 |
| വനവും വന്യജീവി സംരക്ഷണവും | - | 56 |
| ഗ്രാമ വികസനം | - | 57 |
| പ്രാദേശിക വികസനത്തിനായുള്ള പ്രത്യേക പദ്ധതികൾ | - | 62 |

| | | |
|---|---|---|
| വ്യവസായ മേഖല | - | 65 |
| ഗതാഗത മേഖല | - | 81 |
| പൊതുമരാമത്ത് | - | 82 |
| വിനോദസഞ്ചാരം | - | 92 |
| പൊതുവിതരണം | - | 96 |
| വിദ്യാഭ്യാസം | - | 96 |
| കായികവും യുവജനകാര്യവും | - | 106 |
| പൊതുജനാരോഗ്യം | - | 108 |
| പ്രാദേശിക സർക്കാരുകൾ | - | 113 |
| പട്ടികജാതി വികസനം | - | 124 |
| പട്ടികവർഗ്ഗ വികസനം | - | 127 |
| വനിതാ-ശിശു വികസനം | - | 134 |
| ട്രഷറി | - | 141 |
| എക്സൈസ് | - | 149 |
| **ഭാഗം IV** | - | 153 |
| നികുതി നിർദ്ദേശങ്ങൾ | - | 153 |
| ഉപസംഹാരം | - | 163 |

# ഭാഗം – I

## ആമുഖം

സർ,

1. 2022–23–ലേക്കുള്ള ബജറ്റ് പ്രസംഗം പ്രതീക്ഷാനിർഭരമായ വൃത്താന്തങ്ങൾ പറഞ്ഞുകൊണ്ട് തുടങ്ങാൻ കഴിയുന്നു എന്നത് ഏറെ സന്തോഷകരമാണ്.

2. നാം കൊടിയ പ്രതിസന്ധികളുടെ താഴ്ചകളെ അതിജീവിച്ച് മുന്നേറാൻ ആരംഭിച്ചിരിക്കുകയാണ്. അതിജീവനം യാഥാർത്ഥ്യമായിരിക്കുന്നു. ജനജീവിതം സാധാരണ നിലയിലേക്ക് തിരിച്ചു വന്നിരിക്കുന്നു. വാഹനങ്ങളിലും തെരുവുകളിലും, വ്യാപാര സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ദേവാലയങ്ങളിലും ഭക്ഷണശാലകളിലും പൂരപ്പറമ്പുകളിലും സിനിമാശാലകളിലും ജനജീവിതത്തിന്റെ ആരവം തിരിച്ചെത്തിയിരിക്കുന്നു. ഒറ്റപ്പെടലിന്റെ ദുഃഖത്തിൽ നിന്നും കൂടിച്ചേരലുകളുടെ സന്തോഷത്തിലേക്കുള്ള ഈ മാറ്റം സമ്പത്തുൽപ്പാദനത്തിലും നികുതി വരുമാനത്തിലും പ്രതിഫലിക്കും എന്ന കാര്യത്തിൽ സംശയമില്ല. മുൻവർഷങ്ങളെ അപേക്ഷിച്ച് 2022–23–ൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനവും തൊഴിലവസരങ്ങളും നികുതി വരുമാനവും കൂടുതൽ വേഗത്തിൽ വളരും എന്നാണ് പ്രതീക്ഷിക്കുന്നത്. ജി.എസ്.ടി വരുമാനത്തിൽ 2022 ജനുവരി ഫെബ്രുവരി മാസങ്ങളിൽ ശരാശരി 14.5 ശതമാനം വളർച്ച രേഖപ്പെടുത്തി എന്ന കാര്യം സഭയെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്. ഇത്

വീണ്ടെടുപ്പുണ്ടാവുന്നു എന്നതിന്റെ സൂചനയാണ്. പ്രതിസന്ധികൾ അവസാനിച്ചു എന്നല്ല പറയുന്നത്. കോവിഡ് മഹാമാരിയുടെ നാലാം തരംഗം ഉണ്ടായേക്കാം; റഷ്യ-യുക്രൈൻ യുദ്ധത്തിന്റെ ഫലമായി വലിയ വിലക്കയറ്റവും സംസ്ഥാനത്തെ ബാധിക്കുന്ന മറ്റ് പ്രതിസന്ധികളും ഉടലെടുത്തേക്കാം. പക്ഷേ പ്രതിസന്ധികൾ വന്നാലും ഒരുമിച്ചു നിന്ന് അവയെ അതിജീവിക്കാൻ കഴിയും എന്ന ആത്മവിശ്വാസം കേരളം നേടിയെടുത്തിരിക്കുന്നു എന്നതാണ് പ്രധാനം.

3. ാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടേയും ഭീഷണി ഒന്ന് മാറിവരുമ്പോഴേക്കും യുദ്ധത്തിന്റെയും വിലക്കയറ്റത്തിന്റെയും ഭീഷണി ലോകമെമ്പാടും മനുഷ്യന്റെ സ്വസ്ഥത തകർക്കുകയാണ്. റഷ്യ-യുക്രൈൻ യുദ്ധം ലോകത്തെ മൂന്നാം ലോക മഹായുദ്ധത്തിന്റെയും സർവ്വവും നശിപ്പിക്കാൻ സാധ്യതയുള്ള ആണവയുദ്ധത്തിന്റെയും വക്കിലെത്തിച്ചു. ഇപ്പോഴും അതിനുള്ള സാധ്യത പൂർണ്ണമായും ഒഴിഞ്ഞു പോയിട്ടില്ല. ഹിരോഷിമയുടെയും നാഗസാക്കിയുടെയും ഓർമ്മ സമാധാനത്തിനായി പ്രയത്നിക്കാൻ നമ്മെ ഓരോരുത്തരെയും ബാദ്ധ്യസ്ഥരാക്കുന്നുണ്ട്. 'ഞാൻ ബലത്തിനാളല്ല എന്നു പറഞ്ഞ് മാറി നിൽക്കുകയല്ല ഈ സന്ദർഭത്തിൽ വേണ്ടത്.' നമ്മളോരോരുത്തരും അതിനായി എളിയ സംഭാവന ചെയ്യേണ്ടതുണ്ട്. അങ്ങനെയൊരു നല്ലകാര്യത്തിനുവേണ്ടിയായിക്കൊള്ളട്ടെ 2022-23ലേക്കുള്ള സംസ്ഥാന ബജറ്റിലെ ആദ്യ പ്രഖ്യാപനം. **ലോകമെമ്പാടുമുള്ള പ്രഗത്ഭരായ സമാധാന**

**പ്രവർത്തകരേയും ചിന്തകരേയും സംഘടിപ്പിച്ചുകൊണ്ട് ഓൺലൈൻ ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുന്നതിനും സമാധാന പ്രസ്ഥാനങ്ങൾക്ക് ശക്തിപകരുന്നതിനുമായി 2 കോടി രൂപ നീക്കിവെയ്ക്കുന്നു.** യാത്രാ നിയന്ത്രണങ്ങൾ നീങ്ങുന്ന മുറയ്ക്ക് പ്രതിനിധികൾ നേരിട്ടു പങ്കെടുക്കുന്ന ആണവ നിരായുധീകരണത്തിനും സമാധാനത്തിനും വേണ്ടിയുള്ള ഒരു ലോക സമാധാന സമ്മേളനം തന്നെ വിളിച്ചു ചേർക്കാൻ കൊച്ചു കേരളത്തിലെ വിവിധ സ്ഥാപനങ്ങൾ ചേർന്നു മുൻകൈയ്യെടുക്കും.

4. ആഗോള സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചും അതിനു കാരണമായ ആഗോളവൽക്കരണ നയങ്ങളെക്കുറിച്ചും ചില കാര്യങ്ങൾ സൂചിപ്പിക്കേണ്ടതുണ്ട്.

5. മഹാമാരിയുടെ ആവിർഭാവത്തിന് മുമ്പ് തന്നെ ആഗോള സമ്പദ്ഘടനയും ഇന്ത്യയും സാമ്പത്തിക മാന്ദ്യത്തിന്റെ നിഴലിലായിരുന്നു. സാധാരണ ജനങ്ങളുടെ വരുമാനം കവർന്നെടുത്ത് ആർത്തിപിടിച്ച കോർപ്പറേറ്റുകൾ ലാഭം ഉയർത്തുകയും മൂലധനം കുന്നുകൂട്ടുകയും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുകയും ചെയ്യുമ്പോൾ ജനങ്ങളുടെ വാങ്ങൽ ശേഷി ഉയരുന്നില്ല. ഉൽപ്പാദിപ്പിച്ച സാധനങ്ങൾ വാങ്ങാനാളില്ലാതെ കെട്ടിക്കിടക്കുന്ന സ്ഥിതിയാണ് ഈ പ്രതിസന്ധിയുടെ മുഖ്യ ലക്ഷണം. ഇന്ത്യയിലെ കമ്പനികൾക്ക് സ്ഥാപിതശേഷിയുടെ വളരെ കുറച്ചുമാത്രമേ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ. ഈ പ്രതിസന്ധിയെ മറികടക്കാൻ എടുക്കുന്ന നയങ്ങൾ

തൊഴിലാളികളേയും കൃഷിക്കാരേയും മറ്റും കൂടുതൽ പാപ്പരാക്കുകയാണ്. ഈ സാഹചര്യത്തിലാണ് കൃഷിക്കാരുടേയും തൊഴിലാളികളുടേയും ഐതിഹാസിക ചെറുത്തുനിൽപ്പ് സമരങ്ങൾ ഇന്ത്യയിൽ ഉയർന്നുവന്നത്.

6. കോവിഡ് കാലത്തും കോർപ്പറേറ്റ് പ്രീണനം തുടരാനാണ് ഭരണകൂടങ്ങൾ തയ്യാറായത്. സമ്പദ്ഘടനയിൽ അഭൂതപൂർവ്വമായ മാന്ദ്യവും തകർച്ചയും നേരിട്ട മഹാമാരിക്കാലത്ത് കോർപ്പറേറ്റുകളുടെ ലാഭം റിക്കോർഡ് നിലവാരത്തിലേക്ക് ഉയർന്നു. അസമത്വം പെരുകി. സമ്പന്നരെ കൂടുതൽ സമ്പന്നരാക്കുകയും ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുകയും ചെയ്യുന്ന ഈ നയങ്ങൾ ഏറ്റവും ക്രൂരമായി നടപ്പിലാക്കപ്പെട്ട രാജ്യങ്ങളിൽ ഒന്ന് ഇന്ത്യയാണ്. അസമത്വത്തിന്റെയും ദാരിദ്ര്യത്തിന്റെയും ലോക റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം ഏറെ ലജ്ജാകരമായ അവസ്ഥയിലാണ്.

7. മഹാമാരി സമ്പദ്ഘടനയിലും സർക്കാരുകളുടെ ധനസ്ഥിതിയിലും ദീർഘകാലം നിലനിൽക്കുന്ന വിപരീത പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇത് **'ലോങ് എക്കണോമിക് കോവിഡ്'** എന്നാണ് അറിയപ്പെടുന്നത്. രണ്ടുവർഷത്തെ ഉൽപ്പാദന വളർച്ച ഏതാണ്ട് എല്ലാ രാജ്യങ്ങൾക്കും നഷ്ടമായി. ഇന്ത്യയുടെ ആഭ്യന്തര ഉൽപ്പാദനം കോവിഡിന് മുമ്പുണ്ടായിരുന്ന നിലവാര ത്തിലേക്ക് ഇനിയും എത്തിയിട്ടില്ല. സമാനതകളില്ലാത്ത തൊഴിൽ നഷ്ടമാണ് ഈ കാലയളവിൽ ഇന്ത്യയിൽ ഉണ്ടായതെന്ന് കണക്കുകൾ കാണിക്കുന്നു. സംസ്ഥാന സർക്കാർ നിർദ്ദേശ പ്രകാരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട്

നടത്തിയ പഠനം കോവിഡ് കാലത്ത് കേരളത്തിലും വലിയ തോതിൽ തൊഴിൽ നഷ്ടവും വരുമാന നഷ്ടവും ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

8. കോവിഡ് കാലത്ത് സമ്പദ്ഘടനയ്ക്കും പൗരന്മാർക്കും ഉണ്ടായ ക്ഷീണവും നഷ്ടവും പരിഹരിയ്ക്കാൻ ഭരണകൂടത്തിന്റെ ശക്തമായ ഇടപെടൽ ഉണ്ടായേ മതിയാകൂ. ജനങ്ങളുടെ കൈയ്യിലേക്ക് പണം എത്തിച്ച് സമ്പദ്ഘടനയിലെ ഡിമാന്റ് വർദ്ധിപ്പിക്കണം. അസമത്വം ലഘൂകരിക്കണം. ചെറുകിട വ്യവസായ വ്യാപാര സംരംഭങ്ങളെ സഹായിക്കണം. പശ്ചാത്തല മേഖലയിൽ വലിയ തോതിൽ പൊതുനിക്ഷേപം ഉണ്ടാവണം. പക്ഷേ, ധനകാര്യ യാഥാസ്ഥിതികത്വം തലയ്ക്ക് പിടിച്ച കേന്ദ്രസർക്കാർ അതിനൊന്നും തയ്യാറാവുന്നില്ല. 2022-23 ലേക്കുള്ള കേന്ദ്ര ബജറ്റ് എത്ര നിരാശാജനകമായിരുന്നു എന്നത് എല്ലാവരും കണ്ടതാണല്ലോ. അസമത്വം ഇത്രമേൽ വർദ്ധിച്ചിട്ടും വരുമാന നികുതി, കോർപ്പറേറ്റ് നികുതി, സ്വത്ത് നികുതി എന്നിവ ഉയർത്താൻ കേന്ദ്രസർക്കാർ തയ്യാറാവുന്നില്ല. പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേലുള്ള സർചാർജ്ജ് അടക്കമുള്ള സാധാരണ ജനങ്ങളെ ബാധിക്കുന്ന പരോക്ഷ നികുതികൾ വർദ്ധിപ്പിച്ച് ധനക്കമ്മി കുറയ്ക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്. എൽ.ഐ.സി അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കാനും, നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ തുടങ്ങിയ പരിപാടികളിലൂടെ പൊതു ആസ്തികൾ സ്വകാര്യമേഖലയ്ക്ക് കൈമാറാനുമാണ് കേന്ദ്രം ശ്രമിക്കുന്നത്.

9. സാമ്പത്തിക മാന്ദ്യത്തെ അതിജീവിക്കാൻ കേന്ദ്രസർക്കാർ ഇടപെടുന്നില്ല എന്നു മാത്രമല്ല, സംസ്ഥാനങ്ങളെ ഇടപെടുന്നതിൽ നിന്നും വിലക്കുകയുമാണ്. വിഭവങ്ങളെല്ലാം കേന്ദ്രത്തിനും വികസന–ക്ഷേമ ഉത്തരവാദിത്തങ്ങൾ എല്ലാം സംസ്ഥാനങ്ങൾക്കും എന്ന മട്ടിൽ കേന്ദ്ര–സംസ്ഥാന ധനകാര്യ ബന്ധങ്ങൾ മാറിയിരിക്കുന്നു. ചരക്ക് സേവന നികുതി (ജി.എസ്.ടി) നടപ്പിലായതോടുകൂടി സംസ്ഥാനങ്ങളുടെ നികുതി അധികാരം ഏതാണ്ട് പൂർണ്ണമായും ഇല്ലാതായി. ഈ മാറ്റങ്ങൾ എല്ലാ സംസ്ഥാനങ്ങളേയും ബാധിക്കുന്നുണ്ടെങ്കിലും കേരളത്തെ കൂടുതൽ പ്രതികൂലമായി ബാധിക്കുന്നു എന്നത് ആവർത്തിച്ചു പറയേണ്ട കാര്യമാണ്. ജീവിത ഗുണമേന്മയിൽ നാം കൈവരിച്ച നേട്ടങ്ങൾ എണ്ണിയെണ്ണി പറഞ്ഞ് കേന്ദ്രപൂളിൽ നിന്നുള്ള നമ്മുടെ നികുതി വിഹിതം കുറയ്ക്കുകയാണ്. കേന്ദ്രവിഹിതം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതി അവതരിപ്പിക്കുന്ന ഘട്ടത്തിൽ വ്യക്തമാക്കാം.

സർ,

10. ആഗോളവൽക്കരണ നയങ്ങളെക്കുറിച്ചും കേന്ദ്ര–സംസ്ഥാന ബന്ധങ്ങളെക്കുറിച്ചും കുറച്ച് വിശദമായി തന്നെ തുടക്കത്തിൽ സൂചിപ്പിച്ചത് മനഃപൂർവ്വമാണ്. സാമ്പത്തിക രംഗത്ത് ഇന്ന് നാം കാണുന്ന മിക്ക പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം ഈ നയങ്ങളാണ്. ഈ നയങ്ങളെ ചെറുത്തുകൊണ്ട് മാത്രമേ ജനകീയ ബദൽ വികസിപ്പിച്ചെടുക്കാനാവൂ. ഒന്നാം പിണറായി സർക്കാർ

ചെയ്യതും പുതിയ സർക്കാർ തുടരുന്നതും ഈ സമീപനമാണ്. ആഗോളവൽക്കരണ നയങ്ങൾക്കു ബദലായി കേരളമാതൃകയെ വളർത്താനാണ് ഞങ്ങൾ ശ്രമിക്കുന്നത്. അസമത്വത്തിന്റെയും ദാരിദ്ര്യത്തിന്റെയും പടുകുഴിയിലേക്ക് ഇന്ത്യയെ തള്ളിയിട്ട ആഗോള വൽക്കരണ നയങ്ങളുടെ തുടക്കം എങ്ങനെ ആയിരുന്നു എന്നും ആരൊക്കെയായിരുന്നു അതിന്റെ തലതൊട്ടപ്പ ന്മാർ എന്നും നമുക്കറിയാം. അന്നു തുടങ്ങിയ ആഗോളവൽക്കരണ നയങ്ങൾ കൂടുതൽ സാമ്രാജ്യത്വ ഭക്തിയോടെ മുന്നോട്ടു കൊണ്ടുപോകുകയാണ് ബി.ജെ.പി സർക്കാർ ചെയ്യുന്നത്.

## വിലക്കയറ്റവും പരിഹാരവും

11. റഷ്യ-യുക്രൈൻ യുദ്ധം മുറുകിയതോടെ വിലകൾക്ക് തീപിടിച്ച അനുഭവമാണ് ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നത്. 2022–23–ൽ സംസ്ഥാനം വലിയ മുൻഗണന നൽകി നേരിടേണ്ട ദുരന്ത സമാനമായ പ്രശ്നമായി വിലക്കയറ്റം മാറുകയാണ്.

12. എന്നാൽ യുദ്ധം തുടങ്ങുന്നതിനും വളരെ മുൻപുതന്നെ വിലക്കയറ്റത്തിന്റെ ഭീഷണി ലോകമെമ്പാടും ഉയർന്നിരുന്നു. വിലക്കയറ്റത്തെ നേരിടാൻ അമേരിക്ക യടക്കമുള്ള വികസിത രാജ്യങ്ങൾ പലിശനിരക്കുകൾ നല്ല തോതിൽ ഉയർത്തും എന്ന കാര്യം ഏറെക്കുറേ തീർച്ചയാണ്. അമേരിക്കൻ ഫെഡറൽ റിസർവ്വ് ഇത്തരമൊരു മുന്നറിയിപ്പ് നൽകുന്നുണ്ട്. അന്തർദേശീയ

നാണയ നിധിയും ഈ മുന്നറിയിപ്പ് ആവർത്തിക്കുന്നുണ്ട്. വികസിത രാജ്യങ്ങൾ പലിശ നിരക്ക് ഉയർത്തിയാൽ ഇന്ത്യയടക്കമുള്ള വികസ്വരരാജ്യങ്ങളിൽ നിന്നും വിദേശമൂലധനം പുറത്തേക്കൊഴുകും. ഇത് ഇന്ത്യൻ രൂപയുടെ വിനിമയ മൂല്യത്തേയും ഇന്ത്യൻ ഓഹരി വിപണിയേയും പ്രതികൂലമായി ബാധിക്കും. രൂപയുടെ വിനിമയ മൂല്യം ഇപ്പോൾതന്നെ വലിയ സമ്മർദ്ദത്തിലാണ്. രൂപയുടെ വിനിമയ മൂല്യം ഇടിയുന്നത് ക്രൂഡോയിൽ അടക്കമുള്ള ഇറക്കുമതികളുടെ വില വർദ്ധിക്കുന്നതിനും പൊതു വിലക്കയറ്റമായി മാറാനും ഇടയാക്കും.

13. വിലക്കയറ്റത്തെ നേരിടുന്നതിൽ നമ്മുടെ പൊതുവിതരണ സ്ഥാപനങ്ങളുടെ പ്രവർത്തന ക്ഷമത പുകൾപെറ്റതാണ്. വിവിധ സർക്കാർ-അർദ്ധസർക്കാർ ഏജൻസികളുടെ സംയുക്ത ഇടപെടലിലൂടെ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതയും വില സ്ഥിരതയും ഉറപ്പുവരുത്തും. മഹാമാരിക്കാലത്ത് പാലിന്റെയും മുട്ടയുടേയും പച്ചക്കറിയുടേയും പഴങ്ങളുടേയും ഉൽപ്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യ വിലക്കയറ്റത്തെ ഫലപ്രദമായി നേരിട്ട അനുഭവം നമ്മുടെ മുമ്പിലുണ്ട്. ആഭ്യന്തര ഉൽപ്പാദനത്തിലും പ്രാദേശിക ഉൽപ്പന്ന സമാഹരണത്തിലും ഊന്നിക്കൊണ്ടുള്ള സമീപനമായിരിക്കും ഇക്കാര്യത്തിൽ കേരളം സ്വീകരിക്കുക. **വിലക്കയറ്റ ഭീഷണിയെ അതിജീവിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി 2022-23 ലെ ബജറ്റിൽ 2000 കോടി രൂപ വകയിരുത്തുന്നുണ്ട്.**

14. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയും കടത്തുകൂലിയുമാണ് തലവേദന സൃഷ്ടിക്കാൻ സാദ്ധ്യത. വിവിധ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞ സ്ഥിതിയ്ക്ക് വില വർദ്ധിപ്പിക്കാൻ കേന്ദ്രം കമ്പനികളെ അനുവദിക്കും. കഴിഞ്ഞ നിരവധി വർഷങ്ങളായി കേരളം പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി വർദ്ധിപ്പിച്ചിട്ടില്ല. ക്രൂഡിന്റെ വില കുറഞ്ഞുവന്നപ്പോൾ നികുതി വർദ്ധിപ്പിച്ച് ലക്ഷക്കണക്കിന് കോടി ഉറുപ്പിക ജനങ്ങളിൽ നിന്നും വസൂലാക്കിയ കേന്ദ്രം നികുതി കുറയ്ക്കണം എന്ന് കേരളം ആവശ്യപ്പെട്ടപ്പോൾ സംസ്ഥാനത്തിനെതിര സമരം സംഘടിപ്പിക്കാനാണ് പ്രതിപക്ഷം തയ്യാറായത്. പക്ഷേ കേരളത്തിന്റെ നിലപാട് ശരിവച്ചും സ്വാഗതം ചെയ്തും കോൺഗ്രസ്സിന്റെ ദേശീയ നേതൃത്വം മുന്നോട്ടുവന്ന കാര്യം ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്.

15. വീണ്ടെടുപ്പിന്റെയും വളർച്ചയുടെയും പാതയിലേക്ക് നീങ്ങുന്ന ഈ സന്ദർഭത്തിൽ പ്രകൃതി ദുരന്തങ്ങളും മഹാമാരിയും മാനവരാശിയ്ക്ക് നൽകുന്ന പാഠം വിസ്മരിക്കുന്നത് ഒരു സമൂഹത്തിനും ഭൂഷണമാകില്ല. ഒപ്പം, അസമത്വം വളർത്തുകയും സാമ്പത്തിക വളർച്ച മുരടിപ്പിക്കുകയും ചെയ്യുന്ന ആഗോളവൽക്കരണ നയങ്ങൾക്ക് ബദൽ കണ്ടെത്തുകയും വേണം. ഈ രണ്ടു ലക്ഷ്യങ്ങളും പരസ്പരവിരുദ്ധമല്ല. പരിസ്ഥിതി സംരക്ഷണവും വികസനത്തിലെ സുസ്ഥിരതയും സാമൂഹ്യനീതിയും ഉറപ്പുവരുത്തിക്കൊണ്ട് തന്നെ മെച്ചപ്പെട്ട വളർച്ച കൈവരിക്കാൻ കേരളത്തിന് കഴിയും. നവകേരള നിർമ്മാണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതും

അതുതന്നെയാണ്. നവകേരള നിർമ്മാണത്തെ സഹായിക്കുന്ന തരത്തിലാണ് 2022-23 ലേക്കുള്ള ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. അതു തന്നെയാണ് കേരളത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കേന്ദ്ര ലക്ഷ്യവും.

## കേരളത്തിന്റെ നേട്ടങ്ങൾ

16. വളരെയേറെ പ്രതിസന്ധികൾ നേരിട്ടപ്പോഴും ദേശീയ അന്തർ ദേശിയ തലത്തിൽ സംസ്ഥാന സർക്കാർ അംഗീകരിക്കപ്പെട്ടുകയുണ്ടായി. കേരളത്തിന്റെ കോവിഡ് പ്രതിരോധത്തെ അന്താരാഷ്ട്ര മാധ്യമങ്ങൾ പോലും പ്രശംസിച്ചു. നീതി ആയോഗിന്റെ ആരോഗ്യ സൂചികയുടെ നാലാം പതിപ്പ് പ്രകാരം 2021-ൽ കേരളം മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. ഇതിനൊടൊപ്പം തന്നെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ കാര്യത്തിലും കേരളം ഒന്നാം സ്ഥാനത്താണ്. വിവിധ സംസ്ഥാനങ്ങളിലെ വികസന സൂചികകൾ പരിശോധിച്ച് പുറത്തിറക്കുന്ന പബ്ലിക് അഫയേഴ്സ് സെന്ററിന്റെ റിപ്പോർട്ട് പ്രകാരവും രാജ്യത്ത് ഏറ്റവും മികച്ച ഭരണ നിർവ്വഹണം കേരളത്തിലാണ്.

17. സർ, ഈ സർക്കാർ ഒരു ദീർഘകാല ലക്ഷ്യം മുൻനിർത്തിയാണ് പ്രവർത്തിക്കുന്നത്. അടുത്ത 25 വർഷം കൊണ്ട് കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരം വികസിത മധ്യവരുമാന രാഷ്ട്രങ്ങൾക്ക് സമാനമായി ഉയർത്താൻ കഴിയണം. സംസ്ഥാനത്തെ സംബന്ധിച്ചിട ത്തോളം ഇത് അസാദ്ധ്യമായ ലക്ഷ്യമല്ല. കേരളം പ്രകൃതി

കനിഞ്ഞനുഗ്രഹിച്ച നാടാണ്. വികസിത രാജ്യങ്ങളോട് പോലും കിടപിടിക്കുന്ന മനുഷ്യവിഭവശേഷിയും നമുക്കുണ്ട്. ഈ വിഭവശേഷിയോടൊപ്പം അറിവിന്റെ അനന്തമായ സാധ്യതകൾ കൂടി ഉപയോഗിക്കാൻ കഴിഞ്ഞാൽ ലക്ഷ്യമിട്ടതിലും നേരത്തേ തന്നെ ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാനാവും.

18. ഇതിനുതകുന്ന തരത്തിൽ വിജ്ഞാനത്തേയും ഉൽപ്പാദനത്തേയും ബന്ധിപ്പിച്ച് ഒരു പുതിയ വികസന കാഴ്ചപ്പാട് ഈ ബജറ്റിലൂടെ അവതരിപ്പിക്കാനാണ് ഞാൻ ശ്രമിക്കുന്നത്.

## ഭാഗം – II

സർ,

19. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമൂലമായ മാറ്റങ്ങൾക്കാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ കണ്ടെത്തലുകൾ നാടിന്റെ ഉല്പാദന മേഖലയ്ക്ക് ഗുണകരമാകുന്ന തരത്തിൽ ഉപയോഗിക്കപ്പെടണം. അക്കാദമിക് വൃത്തത്തിൽ ചുരുങ്ങി നിൽക്കാതെ പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖല മാറണം. അതിനായി ട്രാൻസ്ലേഷണൽ ലാബുകളും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന ഇൻകുബേഷൻ കേന്ദ്രങ്ങളും കൂടുതൽ ആരംഭിക്കണം. വിജ്ഞാന സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുവാനും അതു വഴി സംസ്ഥാനത്തിന്റെ മൂല്യവർദ്ധിത ഉല്പാദനവും ആഭ്യന്തര വരുമാനവും വർദ്ധിപ്പിക്കുവാനും കഴിയണം.

20. കേരളത്തിലെ സർവ്വകലാശാല കാമ്പസ്സുകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ വികസിപ്പിക്കും. ഈ സെന്ററുകളോട് ചേർന്ന് സ്റ്റാർട്ട് അപ്പ്, ഇൻകുബേഷൻ സെന്ററുകൾ സജ്ജമാക്കും. ഇതിനായി കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ, കുസാറ്റ്, ഫിഷറീസ്, മെഡിക്കൽ, ടെക്നിക്കൽ, വെറ്ററിനറി, അഗ്രികൾച്ചർ സർവ്വകലാശാലകൾക്ക് 20 കോടി രൂപവീതം ആകെ 200 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കും.

21. സർവ്വകലാശാല കാമ്പസ്സുകളിൽ പുതിയ ഹ്രസ്വകാല കോഴ്സുകളും, പി.ജി കോഴ്സുകളും പ്രോജക്ട് മോഡിൽ ആരംഭിക്കുന്നതിനായി പ്രത്യേക പദ്ധതികൾ അനുവദിക്കും. ആധുനികമായ പുതിയ കോഴ്സുകൾ രൂപകൽപ്പന ചെയ്ത് നിലവിലെ ഡിപ്പാർട്ടുമെന്റുകളുടെ സഹായത്തോടുകൂടി നടപ്പിലാക്കും. 5 വർഷത്തേക്ക് വിഭാവനം ചെയ്യുന്ന പദ്ധതിയിൽ ഓരോ യൂണിവേഴ്സിറ്റിയിലും 3 പ്രോജക്ടുകൾ വീതം ഈ വർഷം അനുവദിക്കും. **ഇതിനായി 20 കോടി രൂപ അനുവദിക്കുന്നു.**

22. 'ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്' 150 പേർക്കാണ് ഇത്തവണ നൽകുന്നത്. ഇവരുടെ ഗവേഷണങ്ങൾ നവകേരള സൃഷ്ടിക്ക് സഹായകരമാകുന്നതിനൊപ്പം സർവ്വകലാശാലകളിലും കോളേജുകളിലും അക്കാദമിക് ഗവേഷണ അന്തരീക്ഷത്തെ മെച്ചപ്പെടുത്തുന്നതിനായും ഉപയോഗിക്കും.

23. കേരളത്തിലെ സർവ്വകലാശാലാ കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്കാവശ്യമായ ഹോസ്റ്റൽ സൗകര്യങ്ങളുടെ അപര്യാപ്തത നിരന്തരമായി ചൂണ്ടിക്കാണിക്കപ്പെട്ടുന്നുണ്ട്. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകളോടൊപ്പം ഇന്റർനാഷണൽ ഹോസ്റ്റലുകളും നമുക്ക് നിർമ്മിക്കേണ്ടതുണ്ട്. കേരള, മഹാത്മാഗാന്ധി, കൊച്ചിൻ, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാല കാമ്പസ്സുകളിലായി 1500 പുതിയ ഹോസ്റ്റൽ മുറികൾ സമയബന്ധിതമായി നിർമ്മിക്കും. ഇത് കൂടാതെ 250 ഇന്റർനാഷണൽ ഹോസ്റ്റൽ മുറികളും നിർമ്മിക്കുന്നതാണ്. **ഇതിനായി 100 കോടി രൂപ കിഫ്ബി വഴി അനുവദിക്കും**

24. സർവ്വകലാശാല ഭരണം, പരീക്ഷാ നടത്തിപ്പ്, അക്കാദമിക് പ്രവർത്തനങ്ങൾ തുടങ്ങിയവ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള കമ്മീഷനുകൾ സർക്കാർ ഇതിനകം തന്നെ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ക്രിയാത്മക നടപടികൾ സ്വീകരിക്കും.

25. എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയോട് ചേർന്ന് ആധുനിക സാങ്കേതിക സൗകര്യങ്ങളുള്ള ചെറിയ വ്യവസായ യൂണിറ്റുകൾ, സ്റ്റാർട്ട് അപ്പുകൾ എന്നിവ സജ്ജീകരിക്കാൻ കഴിയും. ഇതുവഴി വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സാമ്പത്തിക ഉൽപ്പാദന പ്രക്രിയയിൽ പങ്കാളികളാകാനും പരിശീലനം നേടാനും വരുമാനമുണ്ടാക്കാനും കഴിയും.

പൂർവ്വ വിദ്യാർത്ഥികൾ ഉൾപ്പെടെ അഭ്യസ്തവിദ്യരായ ആളുകളെ ഈ സംരംഭങ്ങളുമായി ബന്ധപ്പെടുത്തുകയും ചെയ്യാം. ലോകത്തെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സമാനമായ തൊഴിൽ–സംരംഭക കേന്ദ്രങ്ങളുണ്ട്. **കേരളത്തിലെ 14 ജില്ലകളിലും ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ തുടങ്ങാനുള്ള പൈലറ്റ് പദ്ധതി പ്രഖ്യാപിക്കുന്നു. ഇതിനായി 25 കോടി രൂപ വകയിരുത്തുന്നു.**

## വിജ്ഞാന സമ്പദ്ഘടനയും നൈപുണ്യ വികസനവും

26. നോളജ് ഇക്കണോമി മേഖലയിൽ 20 ലക്ഷം തൊഴിലവസരങ്ങൾ നൽകുന്നതിനായി സർക്കാർ നോളജ് ഇക്കണോമി മിഷൻ ആരംഭിച്ചിരുന്നു. സംസ്ഥാനത്ത് ശക്തമായ സ്കിൽ ഇൻഫ്രാസ്ട്രക്ചർ ഇക്കോസിസ്റ്റം സ്ഥാപിക്കുക എന്നതാണ് മിഷന്റെ ലക്ഷ്യം.

27. മിഷന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഘട്ടംഘട്ടമായി സർക്കാർ ജില്ലാ സ്കിൽ പാർക്കുകൾ സ്ഥാപിക്കും. ഈ പാർക്കുകളിൽ അഞ്ചെണ്ണം ഐസിടി അക്കാദമി ഓഫ് കേരളയുടേയും, അഞ്ചെണ്ണം അസാപ് കമ്പനി ലിമിറ്റഡിന്റെയും, ബാക്കിയുള്ളവ KASE–ന്റെയും ചുമതലയിലായിരിക്കും. ഐസിടി അക്കാദമി IT, ITES കോഴ്സുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, ASAP ഉം KASE ഉം അവരുടെ വൈദഗ്ധ്യപ്രവർത്തന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

28. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബിയിൽ നീക്കിവച്ചിട്ടുള്ള തുക

ഉപയോഗിച്ച് **ഓരോ പാർക്കിനും ആവശ്യമായ 10–15 ഏക്കർ ഭൂമി ഏറ്റെടുക്കും.**

29. സ്കിൽ പാർക്കിലെ ആകെ സ്ഥലസൗകര്യത്തിന്റെ 50% വൈദ്ഗ്ധ്യം തെളിയിച്ച പ്രമുഖ സ്ഥാപനങ്ങൾക്കായി മാറ്റിവയ്ക്കും. പരിചയസമ്പന്നരായ സംരംഭകർക്ക് പ്രവർത്തന സൗകര്യങ്ങൾ നൽകുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

30. ഭാവി സംരംഭകർക്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആദ്യ അഞ്ച് വർഷത്തേക്ക് സബ്സിഡിയും മറ്റ് സൗകര്യങ്ങളും നൽകും. യൂണിറ്റുകളുടെ പ്രവർത്തനസ്ഥിരത നിലനിർത്തു വാൻ ഇത് സഹായിക്കും.

31. കിഫ്ബി ഇൻഫ്രാസ്ട്രക്ചർ ലാൻഡ് പൂളിൽ നിന്നുള്ള ഫണ്ടിന്റെ തിരിച്ചടവ് 30 വർഷത്തേക്ക് 5% സബ്സിഡി നിരക്കിൽ ആയിരിക്കും. ട്രെയിനികളിൽ നിന്ന് ഈടാക്കുന്ന ഫീസും നൈപുണ്യ ദാതാക്കളിൽ നിന്ന് ഈടാക്കുന്ന വാടകയും മിതമായിരിക്കും എന്ന് ഉറപ്പുവരുത്തും. പട്ടികജാതി–പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഫീസ് സബ്സിഡി നൽകും. മെറിറ്റ് അടിസ്ഥാനമാക്കിയുള്ള സ്കോളർഷിപ്പ് സ്കീമുകളും, പലിശ സബ്സിഡിയും മറ്റെല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കും.

32. **ഡിസ്ട്രിക്ട് സ്കിൽ പാർക്കുകൾക്കായി കിഫ്ബി വഴി 350 കോടി രൂപ വകയിരുത്തുന്നു.**

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകൾ

33. സംസ്ഥാനത്ത് സ്കിൽ എക്കോ സിസ്റ്റം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐകൾ എന്നിവയ്ക്ക് സ്കിൽ കോഴ്സുകൾ ഏറ്റെടുക്കുന്നതിന് സർക്കാർ പ്രോത്സാഹനം നൽകും. വിദ്യാഭ്യാസ സ്ഥാപനത്തോട് അനുബന്ധിച്ച് ഉല്പാദന കേന്ദ്രങ്ങൾകൂടി വികസിപ്പിക്കുന്നതിന് സഹായകരമായിട്ടാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്ഥാപനം എന്ന ക്രമത്തിൽ സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കും. നോളേജ് ഇക്കണോമി മിഷനിൽ പങ്കാളികളായി കെ-ഡിസ്കുമായി സഹകരിച്ച് കോഴ്സുകൾ ഏറ്റെടുക്കുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കാൻ സഹായം നൽകും. **ഇതിനായി കിഫ്ബിയിൽ നിന്നും 140 കോടി രൂപ വകയിരുത്തും.**

## മെഡിക്കൽ ടെക്നോളജി കൺസോർഷ്യം

34. കേരളത്തിൽ ഒരു മെഡിക്കൽ സംരംഭക ഇക്കോ സിസ്റ്റം സൃഷ്ടിക്കുന്നതിനായി മെഡിക്കൽ സാങ്കേതിക വിദ്യയുമായി

ബന്ധപ്പെട്ട അനുബന്ധ സ്ഥാപനങ്ങളെയെല്ലാം കൂട്ടിയിണക്കി ഒരു കൺസോർഷ്യം രൂപീകരിക്കും. **തിരുവനന്തപുരത്ത് ഒരു മെഡിക്കൽ ടെക് ഇന്നൊവേഷൻ പാർക്ക് സ്ഥാപിക്കുന്നതിന് കിഫ്ബി വഴി 100 കോടി രൂപ നീക്കിവെയ്ക്കുന്നു.** ഇന്നൊവേഷൻ പാർക്കിന്റെ പ്രധാന പ്രവർത്തനം ഇൻകുബേഷനായിരിക്കും.

**കേരള ജീനോമിക്സ് ഡാറ്റാ സെന്റർ**

35. "യുകെ ബയോബാങ്ക്" പോലെയുള്ള അന്താരാഷ്ട്ര മോഡലുകൾക്ക് അനുസൃതമായി മെഡിക്കൽ, കാർഷിക, കന്നുകാലി മേഖലയുമായി ബന്ധപ്പെട്ട ജീനോമിക് ഡാറ്റ സൃഷ്ടിക്കുന്നതിനും ക്യൂറേറ്റ് ചെയ്യുന്നതിനും പ്രസിദ്ധീകരി ക്കുന്നതിനുമായി ഒരു കേരള ജീനോം ഡാറ്റാ സെന്റർ (കെ.ജി.ഡി.സി) സ്ഥാപിക്കുന്നതിന് K-DISC ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ സംരക്ഷണം, നിർണായകമായ ജനിതക വൈകല്യങ്ങളുടെ പഠനം, പ്രാഥമിക മേഖലയിലെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ഇതു ഗുണം ചെയ്യും.

36. ഗവേഷണ സ്ഥാപനങ്ങൾ, ആശുപത്രികൾ, ബയോടെക് കമ്പനികൾ, ബയോ ഇൻഫോർമാറ്റിക്സ് ആൻഡ് ഡയഗ്നോസ്റ്റിക് സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് നിർണായക അടിത്തറയാകുന്ന തരത്തിൽ വലിയ അളവിൽ ജീനോമിക് ഡാറ്റ സംഭരിക്കാനും സംസ്കരിക്കാനും കഴിവുള്ള ഒരു ഉയർന്ന ശേഷിയുള്ള ഡാറ്റാ സെന്റർ

കേരള സർവ്വകലാശാലയുമായി സഹകരിച്ച് സ്ഥാപിക്കും. പദ്ധതിക്ക് അഞ്ചുവർഷം കൊണ്ട് 500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. **ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 50 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.**

**മൈക്രോബയോമുകളിലെ മികവിന്റെ കേന്ദ്രം**

37. അടുത്തകാലത്തായി അന്താരാഷ്ട്രതലത്തിൽ ഗവേഷണ രംഗത്ത് ഏറ്റവും ശ്രദ്ധ ആകർഷിച്ചിട്ടുള്ള ഒരു മേഖലയാണ് "മൈക്രോബയോം". മൈക്രോബയോം എന്നത് സൂക്ഷ്മാണുക്കളുടെയും അവയുടെ ജനിതക ഘടകങ്ങളുടെയും ഒരു പ്രത്യേക പരിതസ്ഥിതിയിലെ ഇടപെടലുകളുടെ ആകെത്തുകയാണ്. മനുഷ്യശരീരം, ചർമ്മം, മണ്ണ് എന്നിവയിലെ സൂക്ഷ്മാണുക്കളെക്കുറിച്ചുള്ള പഠനം ആരോഗ്യ സംരക്ഷണം, കൃഷി, ബയോ ഇൻഫോർമാറ്റിക്സ്, പ്രോബയോട്ടിക്സ് തുടങ്ങിയ മേഖലകളിൽ നടന്നു വരുന്ന പുരോഗതിയെ നല്ല രീതിയിൽ സ്വാധീനിക്കുന്നു. മനുഷ്യൻ, മൃഗം, പരിസ്ഥിതി എന്നിവ തമ്മിലുള്ള പരസ്പരബന്ധം മനസ്സിലാക്കുന്നതിനുള്ള ഒരു സുപ്രധാന താക്കോലാണ് മൈക്രോ ബയോമുകൾ. കോവിഡ് പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഇത് കൂടുതൽ പ്രസക്തമാകുന്നു. വർദ്ധിച്ചുവരുന്ന രോഗാവസ്ഥയും വാർദ്ധക്യ പ്രശ്നങ്ങളും പരിഹരിക്കാനും മൈക്രോബയോം ഗവേഷണം ലക്ഷ്യമിടുന്നു. വ്യത്യസ്ത ഗവേഷണ കേന്ദ്രങ്ങളെ

ബന്ധിപ്പിച്ച് ഒരു വർഷത്തിനുള്ളിൽ കേരളത്തിൽ മൈക്രോബയോമിൽ ഒരു സ്ട്രാറ്റജിക് പ്രോഗ്രാമും സെന്റർ ഓഫ് എക്സലൻസ് (COE) യും രൂപീകരിക്കുന്നതിനുള്ള നടപടികൾ K-DISC ന്റെ കീഴിൽ ഇതിനകം ആരംഭിച്ചിട്ടുണ്ട്. **ഈ കേന്ദ്രത്തിന്റെ പ്രാരംഭ ചെലവുകൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.**

## ന്യൂട്രാസ്യൂട്ടിക്കൽസിൽ മികവിന്റെ കേന്ദ്രം

38. രോഗ പ്രതിരോധത്തിനും രോഗ ചികിത്സയ്ക്കും പ്രയോജനകരമാകുന്ന ഭക്ഷണത്തേയോ ഭക്ഷണത്തിന്റെ ഭാഗമായ ഏതെങ്കിലും പദാർത്ഥത്തെയോ ആണ് "ന്യൂട്രാസ്യൂട്ടിക്കൽ" എന്ന് നിർവചിക്കുന്നത്. ആരോഗ്യ പരിപാലനത്തിനും സമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിലും ന്യൂട്രാസ്യൂട്ടിക്കല്സ് പ്രയോജനകരമാണ് എന്ന് ശാസ്ത്രജ്ഞരും ആരോഗ്യ വിദഗ്ധരും അഭിപ്രായപ്പെടുന്നു. ലോകമെമ്പാടുമുള്ള ആദിവാസി സമൂഹങ്ങൾ കൈമാറുന്ന പരമ്പരാഗത അറിവിനേയും പാരമ്പര്യ വൈദ്യശാസ്ത്ര രീതികളേയും പോഷകാഹാര, ഫാർമസ്യൂട്ടിക്കൽ ശാസ്ത്രരംഗങ്ങളുമായി ഈ പുതിയ വിജ്ഞാന മേഖല ബന്ധിപ്പിക്കുന്നു. ഗവേഷണ കേന്ദ്രങ്ങൾ, സ്റ്റാർട്ടപ്പുകൾ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു പ്രോഗ്രാമിന് K-DISC സൗകര്യമൊരുക്കും. കേരളത്തിൽ ന്യൂട്രാസ്യൂട്ടിക്കലുകൾക്കായി ഒരു പദ്ധതി ആവിഷ്കരിക്കുന്ന

തിനായി രൂപ രേഖ തയ്യാറാക്കുവാൻ ഒരു വിദഗ്ധ സംഘത്തെ നിയോഗിക്കും. **കേരളത്തിൽ ന്യൂട്രാസ്യൂട്ടിക്കൽസിൽ ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു.**

## ഗ്രാഫീൻ – നാളെയുടെ അത്ഭുത പദാർത്ഥം

39. മനുഷ്യജീവിതത്തിൽ വിപ്ളവകരമായ മാറ്റം വരുത്താൻ ശേഷിയുള്ള പദാർത്ഥമായി ഗ്രാഫീനെ ശാസ്ത്രലോകം കാണുന്നു. നാളെയുടെ അദ്ഭുത പദാർത്ഥം എന്നാണ് ഗ്രാഫീൻ വിശേഷിപ്പിക്കപ്പെടുന്നത്. വജ്രത്തേക്കാൾ 40 ഇരട്ടിയും ഉരുക്കിനേക്കാൾ 200 ഇരട്ടിയും ശക്തിയേറിയതും എന്നാൽ അതീവ നേർത്തതുമായ പദാർത്ഥമാണ് ഗ്രാഫീൻ. ഒരേസമയം സുതാര്യവും എന്നാൽ വൈദ്യുതിയുടെ ചാലകവുമായ ഗ്രാഫീന് സവിശേഷമായ ഭൗതിക, താപ, വൈദ്യുത, ഒപ്റ്റിക്കൽ പ്രത്യേകതകളുണ്ട്. അതുകൊണ്ട് തന്നെ ഇലക്ട്രോണിക്സ്, വ്യവസായം, നിർമ്മാണം തുടങ്ങിയ മേഖലകളിലെല്ലാം വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ഗ്രാഫീന് കഴിയും. ലോകമെമ്പാടും ഗ്രാഫീനുമായി ബന്ധപ്പെട്ട് നിരവധി ഗവേഷണങ്ങൾ നടക്കുകയാണ്. കേരള സർക്കാരും ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയവും (Meit-y) സംയുക്തമായി സി-മെറ്റിനേയും, ഡിജിറ്റൽ

സർവ്വകലാശാലയെയും നിർവ്വഹണ ഏജൻസികളും, ടാറ്റാ സ്റ്റീൽ ലിമിറ്റഡിനെ വ്യാവസായിക പങ്കാളിയുമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ'. ഗ്രാഫീൻ സംബന്ധിച്ച് ഗവേഷണ–പരീക്ഷണങ്ങൾ നടത്തുന്ന അറിവിന്റെ കേന്ദ്രമായി ഈ സ്ഥാപനത്തെ വളർത്തിയെടുക്കുന്ന താണ്. ഈ പദ്ധതിക്ക് കേന്ദ്ര മന്ത്രാലയം ഭരണാനുമതി നൽകിയിട്ടുണ്ട്. **സംസ്ഥാന സർക്കാർ ഇതിന്റെ ആദ്യ ഗഡുവായി 15 കോടി രൂപ വകയിരുത്തുന്നു.**

## ഐ.ടിയും ഡിജിറ്റൽ മേഖലയും

### 5G ലീഡർഷിപ്പ് പാക്കേജ്

40. അഞ്ചാം തലമുറ (5G) നെറ്റ്‌വർക്കുകൾ എന്നത് ന്യൂ റേഡിയോ (NR) സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന പുതിയ തലമുറ മൊബൈൽ നെറ്റ്‌വർക്കുകളാണ്. ഇത് കുറഞ്ഞ ലേറ്റൻസി, ഉയർന്ന ശേഷി, മൊബൈൽ മേഖലയിൽ കൂടുതൽ കണക്ഷനുകൾക്കുള്ള പിന്തുണ എന്നിവ പോലുള്ള മെച്ചപ്പെട്ട സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നു. 2022 ലെ കേന്ദ്ര ബജറ്റ് പ്രസംഗത്തിൽ, രാജ്യത്ത് 5G നെറ്റ്‌വർക്കുകൾ വ്യാപിപ്പിക്കുന്നതിന് വിവിധ തരം പ്രോത്സാഹനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. 5ജി സംവിധാനം സംസ്ഥാനത്ത് കൊണ്ടുവരുന്നതിനും സേവന രംഗത്ത് അതിദ്രുതം മുന്നിലെത്തുന്നതിനും വേണ്ടിയുള്ള നടപടികൾ സർക്കാർ

സ്വീകരിക്കും. 5G വിപ്ലവത്തിന്റെ മുൻ നിരയിൽ എത്തുവാൻ ഉതകുന്ന സവിശേഷ ഘടകങ്ങൾ സംസ്ഥാനത്തുണ്ട്.

41. ഇന്റർനെറ്റ് മൊബൈൽ വ്യാപനത്തിൽ രാജ്യ തലസ്ഥാനമായ ഡൽഹി കഴിഞ്ഞാൽ ഏറ്റവും മുന്നിലാണ് കേരളം. ഏതാണ്ട് 60% കേരളീയർക്കും സ്മാർട്ട് ഫോണുകളുണ്ട്. സംസ്ഥാനത്തിന്റെ 100% പ്രദേശങ്ങളിലും മൊബൈൽ നെറ്റ്വർക്കുകളുടെ സേവനം ലഭ്യമാണ്. K-FON കമ്മീഷൻ ചെയ്യുന്നതോടെ ഏറ്റവും ഉയർന്ന അതിവേഗ ഫൈബർ ഡാറ്റ കണക്റ്റിവിറ്റിയുള്ള സംസ്ഥാനമായും കേരളം മാറും.

42. ആഗോള തലത്തിൽ നടക്കുന്ന 5G വിപ്ലവത്തിൽ രാജ്യത്തെ മുൻ നിര സംസ്ഥാനമായി കേരളത്തെ മാറ്റുവാൻ സർക്കാർ ലക്ഷ്യമിടുന്നു. 5G ടവറുകളെ ബന്ധിപ്പിക്കുന്ന K-FON ബാക്ക്ബോൺ ഇൻഫ്രാസ്ട്രക്ചർ സംസ്ഥാനത്തിന് പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഈ ആവശ്യത്തിനായി KFON ഉപയോക്താക്കൾക്കായി ഒരു പ്രത്യേക വിലനിർണ്ണയ മോഡൽ തയ്യാറാക്കുക, ദ്രുത അനുമതികളിലൂടെ ടവർ ഇൻഫ്രാസ്ട്രക്ചർ നിർമ്മാണം സുഗമമാക്കുക, മിതമായ നിരക്കിൽ ആന്റിന വിന്യാസത്തിനായി സർക്കാർ, പൊതുമേഖല സ്ഥാപന ങ്ങളുടെ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുക, ഒരു നിശ്ചിത കാലയളവിലേക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്

ഇനത്തിൽ മിതമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുക എന്നിവ ഉൾപ്പെടുന്ന ഒരു പാക്കേജ് തയ്യാറാക്കും.

43. തിരുവനന്തപുരം–കൊല്ലം, എറണാകുളം – കൊരട്ടി, എറണാകുളം – ചേർത്തല, കോഴിക്കോട് – കണ്ണൂർ എന്നിവിടങ്ങളിലെ വിപുലീകൃത ഐടി ഇടനാഴികളിലാണ് 5G ലീഡർഷിപ്പ് പാക്കേജ് ആദ്യം അവതരിപ്പിക്കുക. 5G – ലീഡർഷിപ്പ് പാക്കേജ് തയ്യാറാക്കുവാൻ വിവര സാങ്കേതിക, ഊർജ്ജ, ധനകാര്യ സെക്രട്ടറിമാരുടെ ഒരു ഉന്നത തല കമ്മിറ്റി രൂപീകരിക്കുന്നതാണ്.

**ഐടി ഇടനാഴികളുടെ വിപുലീകരണം**

44. കോവിഡ് മഹാമാരിയെ ഫലപ്രദമായി കൈകാര്യം ചെയ്ത ലോകത്തിലെ ചുരുക്കം ചില പ്രദേശങ്ങളിൽ ഒന്നാണ് കേരളം. വലിയ ഷോപ്പിംഗ് കോംപ്ലക്സുകൾ, വിനോദ മേഖലകൾ, രാത്രി ജീവിത സൗകര്യങ്ങൾ (night life) തുടങ്ങിയവ പരിഗണിക്കുമ്പോൾ കേരളത്തിലെ നഗരങ്ങൾ ഇന്ത്യയിലെ മറ്റ് വലിയ നഗരങ്ങളെക്കാൾ പിന്നിലാണ്. കൊവിഡിന് ശേഷമുള്ള ലോകത്ത് ഈ നഗര ഘടകങ്ങൾക്ക് പ്രാധാന്യം കുറയുകയാണ്. മറിച്ച് ഇന്റർനെറ്റ് കണക്റ്റിവിറ്റി, വൈദ്യുതിയുടെ ലഭ്യത, സിവിൽ ഇൻഫ്രാസ്ട്രക്ചർ, ഗുണനിലവാരമുള്ള ആരോഗ്യ പരിപാലന സംവിധാനങ്ങളുടെ ലഭ്യത, വൃത്തിയുള്ള അന്തരീക്ഷം തുടങ്ങിയവയാണ് ബിസിനസ് വളർച്ചയുടെ നിർണായക ഘടകങ്ങൾ.

45. മഹാമാരിയുടെ കാലത്ത് നിരന്തരം അഭിവൃദ്ധിയുണ്ടായ ഒന്നാണ് വിവര സാങ്കേതിക മേഖല. അവിടെ തൊഴിലവസരങ്ങളുടെ അത്ഭുതകരമായ വളർച്ചയുണ്ടാകുന്നതും നിരവധി തൊഴിൽ മേഖലകളിൽ ശമ്പളം കുതിച്ചുയരുന്നതും നാം കണ്ടു. ഇത് പരിഗണിച്ച്, നിലവിൽ 4-വരിപ്പാതയായി വികസിപ്പിക്കുന്ന ദേശീയ പാത 66-ന് സമാന്തരമായി നാല് ഐടി ഇടനാഴികൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ നാല് ഇടനാഴികളും സംസ്ഥാനത്തെ നിലവിലുള്ള ഐടി കേന്ദ്രങ്ങളിൽ നിന്ന് ഉത്ഭവിക്കും. ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ നിന്ന് കൊല്ലത്തേക്ക്, എറണാകുളത്ത് നിന്ന് കൊരട്ടിയിലേക്ക്, എറണാകുളത്ത് നിന്ന് ചേർത്തലയിലേക്ക്, കോഴിക്കോട് നിന്ന് കണ്ണൂരിലേക്ക് എന്നിവയാണ് നിർദ്ദിഷ്ട ഇടനാഴികൾ. കണ്ണൂർ വിമാനത്താവളം വികസിപ്പിച്ചതോടുകൂടി ഐ.ടി വ്യവസായത്തിന് കൂടുതൽ സാധ്യതകളുണ്ടാകും. **കണ്ണൂരിൽ പുതിയ ഐ.ടി പാർക്ക് ആരംഭിക്കും. ഐടി കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഐടി സൗകര്യം നിർമിക്കും. ടെക്നോപാർക്ക് ഫേസ് III, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച്, NH66-ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദിഷ്ട ഇടനാഴികളിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 15-25 ഏക്കർ ഭൂമി പൊന്നും വിലക്ക് വാങ്ങി സാറ്റലൈറ്റ് ഐ.റ്റി പാർക്കുകൾ സ്ഥാപിക്കും.**

46. ഇങ്ങനെ ഏറ്റെടുക്കുന്ന ഭൂമിയിൽ 50,000 മുതൽ 2 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള 20 ചെറിയ പാർക്കുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

47. K-FON ന്റെ അതിവേഗ ഒപ്റ്റിക് ഫൈബർ കേബിൾ വഴി ഐ.റ്റി ഇടനാഴിയിലൂടെ പാർക്കുകൾ തമ്മിലുള്ള കണക്ടിവിറ്റി ഉറപ്പുവരുത്തും. ഞാൻ നേരത്തെ പ്രഖ്യാപിച്ച 5G ലീഡർഷിപ്പ് പാക്കേജ് വഴി ഒരുക്കുന്ന എല്ലാ സൗകര്യങ്ങളും ഈ നാല് ഇടനാഴികളിൽ ആദ്യം ലഭ്യമാക്കും.

48. അടുത്ത അഞ്ച് വർഷം കൊണ്ട് ഇപ്പോഴുള്ളതിന്റെ ഇരട്ടിയോളം ഐ.ടി ഉൽപ്പന്നങ്ങളുടേയും സേവന ങ്ങളുടേയും കയറ്റുമതി നമുക്ക് സാധ്യമാക്കാൻ കഴിയും എന്നാണ് പഠനങ്ങൾ പറയുന്നത്. നിലവിലുള്ള ഐ.ടി പാർക്കുകളിൽ 2 ലക്ഷം പുതിയ തൊഴിലവസരങ്ങളെങ്കിലും സൃഷ്ടിക്കപ്പെടും. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക്, ടെക്നോസിറ്റി, ഇൻഫോപാർക്ക്, മറ്റ് ഐ.ടി കേന്ദ്രങ്ങൾ എന്നിവ വിപുലീകരിക്കും. **പദ്ധതിയ്ക്കായി കിഫ്ബി വഴി 100 കോടി രൂപ അധികമായി അനുവദിക്കും.**

49. **കൊല്ലം, കണ്ണൂർ ഐടി പാർക്കുകളും മറ്റു പ്രദേശങ്ങളിലെ പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽ നിന്ന് 1000 കോടി രൂപ വകയിരുത്തും.** ഓരോ പാർക്കിനും വേണ്ടുന്ന ഭൂമി ഏറ്റെടുക്കുന്ന മുറക്ക് പാർക്കുകളുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

സർ,

50. ഐ.ടി, ഐ.ടി ഇതര വ്യവസായങ്ങളുടെ ആവശ്യത്തിനായി മതിയായ പരിശീലനം നേടിയവരെ ലഭിക്കുന്നില്ല എന്ന പ്രശ്നം വ്യവസായികൾ ഉന്നയിക്കുന്നുണ്ട്. സ്കിൽ ട്രെയിനിംഗ് സെന്ററുകൾക്കും ഫിനിഷിംഗ് സ്കൂളുകൾക്കും തൊഴിലന്വേഷകർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിൽ പരിമിതികൾ ഉള്ളതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. അതുകൊണ്ട് ഇന്റേൺഷിപ്പ് എന്ന നിലയിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് ഐ.ടി സ്ഥാപനങ്ങളിലും മറ്റ് വ്യവസായ സ്ഥാപനങ്ങളിലും പരമാവധി 6 മാസം ദൈർഘ്യമുള്ള പരിശീലന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. മാസം 5000 രൂപവരെ സർക്കാർ വിഹിതമായി നൽകും. നിയമിക്കുന്ന സ്ഥാപനവും കുറഞ്ഞത് സർക്കാർ നൽകുന്ന വിഹിതമെങ്കിലും നൽകണം. പരിശീലന കാലയളവിന് ശേഷം മികവ് തെളിയിക്കുന്നവരെ സ്ഥാപനങ്ങൾക്ക് തന്നെ നിയമിക്കാൻ കഴിയും. മികച്ച ഒരു പരിശീലന പദ്ധതിയായി ഇതിനെ മാറ്റിയെടുക്കാൻ കഴിയും. അയ്യായിരം പേർക്ക് ഈ വർഷം ഇന്റേൺഷിപ്പിനായി സർക്കാർ സഹായം നൽകും. ഇതുകൂടാതെ കമ്പനികൾക്കാവശ്യമുള്ള ട്രെയിനിംഗ് നൽകാൻ കഴിയുന്ന പൊതു സൗകര്യം ടെക്നോപാർക്കിലും ഇൻഫോ പാർക്കിലും നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കും. അതോടൊപ്പം അദ്ധ്യാപകരുടെയും /ട്രെയിനർമാരുടെയും ഒരു പൂൾ തയ്യാറാക്കും. സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള

തരം പരിശീലനം നൽകാൻ ഈ സംവിധാനം സഹായിക്കും. **ഈ പദ്ധതിയ്ക്കായി 20 കോടി രൂപ മാറ്റിവെയ്ക്കുന്നു.**

**വർക്ക് നിയർ ഹോം പദ്ധതി**

51. കോവിഡാനന്തരവും വർക്ക് ഫ്രം ഹോം ഉൾപ്പടെയുള്ള ആശയങ്ങൾ നിലനിൽക്കാനും വലിയ അളവിൽ തുടർന്ന് പോകാനുമാണ് സാധ്യത. ഗ്രാമങ്ങളും ചെറു പട്ടണങ്ങളും കേന്ദ്രീകരിച്ച് ലോകമെമ്പാടുമുള്ള കമ്പനികൾക്കുവേണ്ടി ഓൺലൈനായി തൊഴിലെടുക്കുക എന്ന സാദ്ധ്യത നമുക്ക് ഉപയോഗപ്പെടുത്തേണ്ടതുണ്ട്. വർക്ക് ഫ്രം ഹോം പോലെ വർക്ക് നീയർ ഹോം എന്ന ആശയവും സ്വീകാര്യമാവുക യാണ്. ഐ.ടി അധിഷ്ഠിത സൗകര്യങ്ങളുള്ള തൊഴിൽ കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും തുടങ്ങുന്നതോടെ അഭ്യസ്തവിദ്യരായ വീട്ടമ്മമാർക്കുൾപ്പടെ തൊഴിലുകളുടെ ഭാഗമാകാൻ കഴിയും. **ഈ പദ്ധതിയ്ക്കായി 50 കോടി രൂപ നീക്കിവെയ്ക്കുന്നു.**

**ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ**

52. സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ഗണ്യമായി വർധിപ്പിക്കുന്നതിനുള്ള സർക്കാരിന്റെ നയത്തിന് അനുസൃതമായി, സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. സ്വകാര്യ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായവും സ്ഥലസൗകര്യവും നൽകുന്നതിന്

പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ സ്ഥാപിക്കാനുള്ള ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കുകയാണ്. ഓരോ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കിലും (IFP), 25000–50000 ചതുരശ്ര അടി വിസ്തീർണമുള്ള ഒരു കെട്ടിടവും അടിസ്ഥാന വ്യാവസായിക സൗകര്യങ്ങളും ഉണ്ടായിരിക്കും. പൊതുമേഖലാ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കാൻ ഗുണഭോക്താക്കളെ അനുവദിക്കും. **ഇത്തരം ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ നിർമ്മിക്കുന്നതിന് കിഫ്ബിക്ക് കീഴിൽ 200 കോടി രൂപ കോർപ്പസ് ഫണ്ടായി വകയിരുത്തും.** പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലത്തു സ്ഥിതിചെയ്യുന്ന യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്–ൽ നടപ്പിലാക്കും.

**ആയിരം കോടി രൂപ മുതൽമുടക്കിൽ 4 സയൻസ് പാർക്കുകൾ**

സർ,

53. ശാസ്ത്രസാങ്കേതിക മേഖലയിലെ നേട്ടങ്ങൾ ധാരാളം പുതിയ വ്യവസായ സാധ്യതകൾ തുറക്കുന്നു. ഈ സാധ്യതകൾ കാര്യക്ഷമമായി ഉപയോഗിക്കാൻ 1000 കോടി രൂപ മുതൽമുടക്കിൽ നാല് സയൻസ് പാർക്കുകൾ സംസ്ഥാനത്ത് സ്ഥാപിക്കുകയാണ്. തിരുവനന്തപുരം, കൊച്ചി, കണ്ണൂർ എന്നിവിടങ്ങളിലെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ സമീപം ഇരട്ട ബ്ലോക്കുകളുള്ള

സയൻസ് പാർക്കുകൾ സ്ഥാപിക്കും. ഇതുകൂടാതെ ഒരു ഡിജിറ്റൽ സയൻസ് പാർക്ക്, ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് സമീപവും സ്ഥാപിക്കും.

54. **ഓരോ സയൻസ് പാർക്കും 200 കോടി രൂപ വീതം മുതൽമുടക്കുള്ളതും രണ്ട് ബ്ലോക്കുകളിലായി 10 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ളതും ആയിരിക്കും.** മൂന്ന് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കും.

55. ഈ പാർക്കുകൾ സ്ഥാപിക്കുന്നത് സംസ്ഥാനത്തെ ഐടി പാർക്കുകളിലോ, ഏറ്റെടുക്കൽ ഘട്ടത്തിലുള്ള മറ്റു പാർക്കുകളിലോ ആയിരിക്കും. അത്തരം സ്ഥലസൗകര്യങ്ങൾ ലഭ്യമല്ലെങ്കിൽ, പാർക്കുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ 10 ഏക്കർ സ്ഥലം ഏറ്റെടുക്കും.

56. പാർക്കുകളിൽ വ്യവസായ, ഗവേഷണ, വിദ്യാഭ്യാസ രംഗങ്ങളിൽ നിന്നുള്ള 100 ഉപയോക്താക്കൾക്ക് പ്രത്യേക താമസ സൗകര്യം ഏർപ്പെടുത്തും.

57. പാർക്കുകളിൽ വിവിധ പ്രായോഗിക ശാസ്ത്ര ഗവേഷണ (applied scientific research) മേഖലകൾക്ക് കേന്ദ്രങ്ങൾ സ്ഥാപിക്കും. മൈക്രോബയോമുകൾ, ജീനോമിക്സ്, ഫ്ലൂയിഡ് മെക്കാനിക്സ് ആൻഡ് എയറോഡൈനാമിക്സ്, ഹൈഡ്രജൻ, എമർജിംഗ് ഫ്യൂവൽസ് ആൻഡ് ഫ്യൂവൽ സെല്ലുകൾ, വേസ്റ്റ് ടു റിസോഴ്സ്, ബയോ എനർജി, ബയോമോളിക്യൂൾസ്, ഇലക്ട്രിക്, ഹൈബ്രിഡ് വാഹനങ്ങൾ, നവീകരിക്കാവുന്ന ഊർജ്ജ സാങ്കേതിക വിദ്യകൾ, ഫോട്ടോണിക്സ്, ഒപ്റ്റിക്കൽ സയൻസസ്,

ഇമേജിംഗ് സയൻസസ് ആൻഡ് ടെക്നോളജീസ്, അഗ്രിടെക്, സിസ്റ്റംസ് കൺട്രോൾ ആൻഡ് റോബോട്ടിക്സ്, ഫ്ലെക്സിബിൾ ആൻഡ് പ്രിന്റഡ് ഇലക്ട്രോണിക്സ്, സെൻസർ ടെക്നോളജീസ്, മെഡിക്കൽ ഡിവൈസ് ആൻഡ് ടെക്നോളജീസ്, നരവംശശാസ്ത്രം, പുരാവസ്തു ശാസ്ത്രം, മ്യൂസിയം സയൻസസ്, കോഗ്നിറ്റീവ് സയൻസസ് തുടങ്ങിയവയാണ് പ്രായോഗിക ശാസ്ത്ര ഗവേഷണത്തിന്റെ ചില സാധ്യതാ മേഖലകൾ.

a) ഈ കേന്ദ്രങ്ങളിൽ ഓരോന്നിനും ഏകദേശം ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു നില വീതം നൽകും.

b) ഈ പാർക്കുകളെ സജ്ജീകരിക്കുന്നതിന് 200 കോടി രൂപ മുതൽമുടക്കിൽ ഒരു ഉപകരണ സംഭരണ ഫണ്ട് (Equipment Procurement Fund) രൂപീകരിക്കും. ഉപകരണങ്ങൾ വാങ്ങുന്നതിനായി സ്വകാര്യ വ്യാവസായിക സ്ഥാപനങ്ങളിൽ നിന്നും കേന്ദ്ര സർക്കാരിൽനിന്നും നിക്ഷേപം തേടും.

c) വ്യവസായ മേഖല, കേരളത്തിലെ സർവ്വകലാശാലകൾ, റിസർച്ച് ഓർഗനൈസേഷനുകൾ എന്നിവയുടെയും ആ മേഖലയിൽ വിദഗ്ധരായ രണ്ട് ഗവേഷകരുടെയും സഹകരണത്തിലൂടെ പി.പി.പി മാതൃകയിൽ ആയിരിക്കും ഓരോ കേന്ദ്രവും സജ്ജമാക്കുന്നത്. മൊത്തത്തിലുള്ള സൗകര്യങ്ങൾ ക്രമീകരണം ചെയ്യുന്നതിനായി 'കേരള സയൻസ് പാർക്ക്സ് കമ്പനി ലിമിറ്റഡ്' എന്ന പേരിൽ

സിയാൽ മാതൃകയിൽ ഒരു ഫെസിലിറ്റി മാനേജ്മെന്റ് കമ്പനി രൂപീകരിക്കും. സയൻസ് പാർക്കിലെ സൗകര്യങ്ങളുടെ ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ്, ബാഹ്യ സേവനങ്ങൾ നൽകുന്ന നിയുക്ത ഏജൻസികൾ വഴിയായിരിക്കും.

58. ഇരട്ട ബ്ലോക്ക് ടവറുകൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ ഉചിതമായ നിർമ്മാണ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഓരോ നിലയും ഘട്ടം ഘട്ടമായി പൂർത്തിയാക്കാനും പൂർത്തിയാകുമ്പോൾ തന്നെ അവയെ സേവനത്തിലേക്ക് കൊണ്ടുവരുവാനും കഴിയും.

### ആഗോള ശാസ്ത്രോൽസവം (Global Science Festival)

59. കേരള ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ **തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ആഗോള ശാസ്ത്രോൽസവത്തിന് 4 കോടി രൂപ വകയിരുത്തുന്നു.**

## കൃഷിയും മൂല്യവർദ്ധിത ഉത്പാദനവും

സർ,

60. സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും കാർഷിക വിഭവങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ജനകീയ മാതൃകകൾ വിജയകരമായി നടന്നുവരുന്നുണ്ട്.

61. തൃശ്ശൂരിലെ അളഗപ്പനഗർ പഞ്ചായത്തിലെ ആമ്പല്ലൂർ-വട്ടണാത്ര സർവ്വീസ് സഹകരണ ബാങ്കുകളുടെ

കൺസോർഷ്യം മഞ്ഞൾ കർഷകരെ സഹായിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. 2017 ജൂൺ മാസത്തിൽ കുർക്കുമിൻ കൂടുതലുള്ള 16 ടൺ പ്രതിഭ ഇനത്തിൽപ്പെട്ട മഞ്ഞൾവിത്ത് 52 കർഷകർക്ക് നൽകുകയും അവരത് 26 ഏക്കർ സ്ഥലത്ത് കൃഷിയിറക്കുകയും ചെയ്തു. 6 മാസത്തിന് ശേഷം 17 ഇരട്ടിയായി (272 ടൺ) മഞ്ഞൾ വിളവെടുത്തു. മഞ്ഞൾപ്പൊടിയായും മഞ്ഞൾ വിത്തായും അത് വിപണനം ചെയ്തു. ഏക്കർ ഒന്നിന് അറുപതിനായിരം മുതൽ എഴുപത്തയ്യായിരം രൂപ വരെ ആദായം ലഭിക്കുന്ന സംരംഭമായത് മാറി. 'മഞ്ഞപ്പൊടി' യിൽ നിന്നും 'മഞ്ഞൾ' പ്പൊടിയിലേയ്ക്കുള്ള മാറ്റത്തിന്റെ ഈ ജനകീയ മാതൃക മറ്റിടങ്ങളിലേക്കും മറ്റ് ഉല്പന്നങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനായി സഹകരണ ബാങ്കുകളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും കൂട്ടിയിണക്കി പദ്ധതികൾ ആവിഷ്കരിക്കും.

62. കേരളത്തിൽ വളരെ സുലഭമായി ലഭിക്കുന്ന ചക്കയിൽ നിന്ന് ആരോഗ്യദായകമായ ഉല്പന്നങ്ങൾ ഉണ്ടാക്കി 12 കോടി രൂപയോളം വിറ്റുവരവ് നേടിയ ഒരു സ്റ്റാർട്ടപ്പിന്റെ വിജയകഥയും നമ്മുടെ മുന്നിലുണ്ട്. **സർ,** ഇത്തരം സംരംഭകർക്ക് പ്രോത്സാഹനം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ക്ലിനിക്കൽ ട്രയൽ സൗകര്യങ്ങൾ, സ്റ്റാൻഡേർഡൈസേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ അനുമതികൾ വളരെ വേഗത്തിൽ സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ

സ്വീകരിക്കും. ഉദാരമായ വ്യവസ്ഥയിൽ സബ്സിഡിയും പലിശ ഇളവോട്ടുകൂടി വായ്പയും ഈ മേഖലയ്ക്ക് ലഭ്യമാക്കും.

63. മത്സ്യ മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും കയറ്റുമതി ചെയ്യുകയും ചെയ്യുന്ന വിജയകരമായ സംരംഭങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. ഭക്ഷ്യ, ഭക്ഷ്യേതര കാർഷിക വിഭവങ്ങളിൽ നിന്നും വികസിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് സർക്കാർ പ്രോത്സാഹനം നൽകും.

64. പഴവർഗ്ഗങ്ങളും മറ്റ് കാർഷിക ഉൽപ്പന്നങ്ങളും ഉപയോഗിച്ച് എഥനോൾ ഉൾപ്പടെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. **പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം കിഴങ്ങ് ഗവേഷണ കേന്ദ്രത്തിൽ മരച്ചീനിയിൽ നിന്നും എഥനോളും മറ്റ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും ഉൽപാദിപ്പിക്കാനുള്ള പദ്ധതിയ്ക്കായി 2 കോടി രൂപ മാറ്റിവെയ്ക്കുന്നു.**

65. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കാനായി മിഷൻ മോഡിലുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്.

**മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM)**

66. കാർഷിക വിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം

സാക്ഷാത്കരിക്കുന്നതിനായി **മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM)** രൂപീകരിക്കും. ഇതിന്റെ ഭാഗമായി അഞ്ച് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തന തന്ത്രങ്ങൾ ആവിഷ്കരിക്കും- 1) കാർഷിക ഉത്പാദനക്ഷമത, കാർഷിക ഇൻപുട്ടുകൾ, 2) അഗ്രി ഇൻഡസ്ട്രീസ് ആൻഡ് ടെക്നോളജി, 3) ട്രെയിനിംഗ് സപ്പോർട്ട്, 4) മാർക്കറ്റിംഗ്, 5) ഫിനാൻസ്. ഈ അഞ്ചു വർക്കിംഗ് ഗ്രൂപ്പുകളും വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുകയും തുടർന്ന് ഒരു സംയോജിത പദ്ധതിക്ക് രൂപം നൽകുകയും ചെയ്യും. **മൂല്യവർദ്ധിത കാർഷിക മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.**

67. മൂല്യവർദ്ധിത കൃഷിയും മൂല്യവർദ്ധിത കാർഷിക ഉൽപന്നങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക മേഖലയെ നമ്മുടെ സംസ്ഥാനത്തിന്റെ ഊർജ്ജസ്വല മായ ഒരു സാമ്പത്തിക എഞ്ചിനാക്കി മാറ്റുന്നതിനുമായി സർക്കാർ ആരംഭിക്കുന്ന മൂല്യവർദ്ധിത കാർഷിക ദൗത്യത്തിന്റെ ഭാഗമായി ഏഴ് ജില്ലകളിലായി കൃഷി വകുപ്പിന് കീഴിൽ ഏഴ് അഗ്രിടെക് ഫെസിലിറ്റി കേന്ദ്രങ്ങൾ കൃഷി വകുപ്പിന്റെ കൈവശമുള്ള 5-10 ഏക്കർ ഭൂമിയിൽ സ്ഥാപിക്കും.

68. ഈ കേന്ദ്രങ്ങളുടെ നടത്തിപ്പ് ഫാർമർ കളക്റ്റീവുകളെ (എഫ് പി ഒ കളും കൃഷിക്കാരുടെ പ്രതിനിധികൾ അടങ്ങുന്ന സമിതികളും) ഏൽപ്പിക്കും.

69. കൃഷിക്കാർക്കും കൃഷി സംരംഭങ്ങൾക്കും സേവനങ്ങൾ നോ-ലോസ്-നോ-പ്രോഫിറ്റ് അടിസ്ഥാനത്തിലായിരിക്കും

നൽകപ്പെടുക. പ്രത്യേക മൂല്യവർദ്ധിത ഉൽപ്പന്ന ങ്ങൾക്കുള്ള ബൾക്ക് ടെട്രാ പാക്കിംഗ് ഉൾപ്പെടെയുള്ള പാക്കിങ് സൗകര്യങ്ങൾ, പരിശോധന, സർട്ടിഫിക്കേഷൻ, എന്നിവയ്ക്കുള്ള ഉപകരണങ്ങൾ തുടങ്ങിയവ ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കും.

70. **കിഫ്ബിയുടെ കീഴിൽ അഗ്രികൾച്ചർ പാർക്കുകൾക്കായി മാറ്റിവെക്കപ്പെട്ടിട്ടുള്ള വിഹിതത്തിൽ നിന്ന് ഈ സേവന കേന്ദ്രങ്ങൾക്ക് 175 കോടി രൂപയുടെ ധനസഹായം നൽകും.**

## ഫുഡ് പ്രോസസ്സിംഗ് പാർക്ക്

71. കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധന വിനുമുള്ള സൗകര്യങ്ങൾ കൂടുതലായി സൃഷ്ടിക്കണം. അന്തർദേശീയതലത്തിൽ പോലും ശ്രദ്ധിക്കപ്പെടുന്ന ഒരു വലിയ വിപണി നമുക്ക് സൃഷ്ടിക്കാൻ കഴിയും. **കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും സൗകര്യമുള്ള 10 മിനി ഫുഡ് പാർക്കുകൾ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കാൻ 100 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിക്കുന്നു.**

## മാർക്കറ്റിങ്ങിനായി കമ്പനി

72. വിദേശ രാജ്യങ്ങളിലുൾപ്പടെ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരെയും വ്യവസായ വാണിജ്യ സംരംഭകരേയും സഹകരിപ്പിച്ച് കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്താനായി

സിയാൽ മാതൃകയിൽ 100 കോടി രൂപ മൂലധനമുള്ള ഒരു മാർക്കറ്റിംഗ് കമ്പനി ആരംഭിക്കും. ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, ഗുണമേന്മ ഉറപ്പുവരുത്തൽ, മാർക്കറ്റിംഗ് ഉൾപ്പടെയുള്ള ചുമതലകൾ കമ്പനി നിർവ്വഹിക്കും. **ഈ പദ്ധതിക്കായി 20 കോടി രൂപ അനുവദിക്കുന്നു.**

## പ്ലാന്റേഷൻ

73. പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ വലിയ ഇടപെടലുകൾ ആവശ്യമാണ്. ആസിയാൻ കരാറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാനും ഇറക്കുമതി നിയന്ത്രിക്കാവാനും വേണ്ട നടപടികൾക്കായുള്ള ശ്രമങ്ങൾ നമുക്ക് തുടരണം.

74. പ്ലാന്റേഷൻ നിർവ്വചനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന റബ്ബർ, കാപ്പി, തേയില എന്നിവയ്ക്കൊപ്പം പുതിയ വിളകൾ കൂടി ചേർക്കണം. പഴവർഗ്ഗ കൃഷികൾ ഉൾപ്പടെ പ്ലാന്റേഷന്റെ ഭാഗമാക്കികൊണ്ടുള്ള കാലോചിതമായ ഭേദഗതികൾ നിയമത്തിൽ കൊണ്ടുവരേണ്ടതുണ്ട്. എന്നാൽ ഭൂപരിഷ്കരണ നിയമത്തിന്റെ ലക്ഷ്യങ്ങൾ സംരക്ഷിക്കുകയും വേണം. ഈ മേഖലയിലെ കർഷകരെ സഹായിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകും. **റബ്ബർ സബ്സിഡിക്ക് 500 കോടി രൂപ വകയിരുത്തുന്നു.**

75. റബ്ബർ മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ റബ്ബറിന്റെ വിലയും ഉൽപ്പാദനവും ഉപഭോഗവും ഒരേപോലെ വർദ്ധിപ്പിക്കാനുള്ള നടപടികൾ

ആവിഷ്ക്കരിക്കേണ്ടതുണ്ട്. റബ്ബറൈസ്ഡ് റോഡുകൾ കൂടുതലായി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കും. പൊതുമരാമത്ത് വകുപ്പും കിഫ്ബിയും ഏറ്റെടുക്കുന്ന റോഡ് നിർമ്മാണങ്ങളിൽ ടാറിനൊപ്പം റബ്ബർ മിശ്രിതം കൂടി ചേർക്കുന്ന രീതി അവലംബിക്കും. **ഈ പദ്ധതിയുടെ പ്രോത്സാഹനത്തിനായി 50 കോടി രൂപ മാറ്റിവെയ്ക്കുന്നു.**

## കാർഷിക യന്ത്രങ്ങളും തൊഴിൽ സംഘങ്ങളും

76. കാർഷിക മേഖലയിലെ തൊഴിലുകൾ പരമ്പരാഗത രീതിയിലും വലിയ ശാരീരിക അദ്ധ്വാനത്തോടെയും ചെയ്തുവരുന്ന രീതിയിൽ നിന്നും മാറേണ്ടതുണ്ട്. കേരളത്തിലെ കൃഷി ഭൂമിയുടെ സ്വഭാവവും പ്രത്യേകതകളും അനുസരിച്ചുള്ള ഉപകരണങ്ങളും ചെറു കാർഷിക യന്ത്രങ്ങളും ഉപയോഗിച്ച് കായികാദ്ധ്വാനവും ജോലി സമയവും ലഘൂകരിക്കാൻ കഴിയണം. ഇത് കൂടുതൽ യുവജനങ്ങളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കും. വിയറ്റ്നാമും, മലേഷ്യയും, തായ്‌ലന്റും, തായ്‌വാനും ശ്രീലങ്കയും അടക്കമുള്ള തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങളിലെ ചെറു കാർഷിക ഉപകരണങ്ങൾ നമ്മുടെ നാട്ടിലെ കാർഷിക രംഗത്ത് ഉപയോഗിക്കാനുള്ള സാധ്യതകൾ പരിശോധിക്കും.

77. കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങാനായി സ്വയം തൊഴിൽ കാർഷിക ഗ്രൂപ്പുകൾക്ക് ഉദാരമായ വ്യവസ്ഥയിൽ 50 ലക്ഷം രൂപ വരെ വായ്പയായി ലഭ്യമാക്കും. ഇതിൽ 25 ശതമാനമോ 10 ലക്ഷം രൂപയോ ഏതാണോ കുറവ് അത് സബ്സിഡിയായി നൽകാനും

കഴിയുന്ന ഒരു പദ്ധതി പ്രഖ്യാപിക്കുന്നു. **ഈ പദ്ധതിയ്ക്കായി 20 കോടി രൂപ മാറ്റിവെയ്ക്കുന്നു.**

78. പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് കൃഷി ലാഭകരമായി ചെയ്തുവരുന്ന ഇന്ത്യയിലും വിദേശത്തുമുള്ള കൃഷിയിടങ്ങൾ സന്ദർശിച്ച് 'Best Practices in Agriculture' മനസ്സിലാക്കാനായി സംസ്ഥാനത്തെ കർഷകർക്ക് അവസരമൊരുക്കുന്ന ഒരു പദ്ധതി ആവിഷ്കരിക്കും. വിവിധ നാട്ടുകളിലെ വിജയകരമായ കൃഷിരീതികൾ അവലംബി ക്കുന്നതിലൂടെ നമ്മുടെ വിളവും വരുമാനവും പല മടങ്ങ് വർദ്ധിപ്പിക്കാനാകും. **ഈ പദ്ധതിയ്ക്കായി 2 കോടി രൂപ അനുവദിക്കുന്നു.**

79. ചെറിയ ട്രാക്ടറുകൾ, ടില്ലറുകൾ തുടങ്ങി കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന നിരവധി ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു സ്ഥാപനമാണ് കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (KAMCO). **ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് പുതിയ സാങ്കേതികവിദ്യകൾ കരസ്ഥമാക്കുന്നതിനും ആധുനിക ഉപകരണങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനുമുള്ള മൂലധന നിക്ഷേപമായി 5 കോടി രൂപ നീക്കിവെയ്ക്കുന്നു.**

80. കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉൽപ്പാദനപരമായ പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും വളരെ ആസൂത്രിതമായ പരിശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. കോവിഡ് കാലഘട്ടത്തിൽ ലക്ഷക്കണക്കിന് അഭ്യസ്തവിദ്യരായ പ്രവാസികളാണ്

നമ്മുടെ സംസ്ഥാനത്തേക്ക് മടങ്ങിയെത്തിയത്. ഇതിൽ മികച്ച തൊഴിൽ പരിശീലനം ലഭിച്ചവരും ദീർഘകാല തൊഴിൽ പരിചയമുള്ളവരുമുണ്ട്. യുവജനങ്ങളോടൊപ്പം ഇവരേയും കോർത്തിണക്കിയാൽ തൊഴിൽ രംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാക്കാൻ സാധിക്കും. ഏതാണ്ട് 25 ലക്ഷത്തോളം ആളുകൾ സംസ്ഥാനത്തിന് പുറത്തുനിന്ന് കേരളത്തിൽ തൊഴിലെടുക്കുന്നുണ്ട് എന്നത് തൊഴിലെടുക്കാനുള്ള സാഹചര്യവും തൊഴിലവസരവും ഇവിടെയുണ്ട് എന്നതിന്റെ തെളിവാണ്.

81. പ്രാദേശിക തലത്തിൽ നിർമ്മാണ മേഖലയിൽ അൻപത് മുതൽ നൂറ് വരെ വ്യക്തികളെ ചേർത്ത് തൊഴിൽ സേനകൾ രൂപീകരിക്കാനും അവർക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങാൻ വായ്പ നൽകാനുമുള്ള ഒരു പദ്ധതി ആവിഷ്കരിക്കും. നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ നൂതന യന്ത്രങ്ങൾ വാങ്ങുന്നതിനായി 1 കോടി രൂപ വരെ വായ്പയായി അനുവദിക്കാനും ഇതിൽ 25 ശതമാനമോ 20 ലക്ഷം രൂപയോ ഏതാണോ കുറവ് അത് സബ്സിഡിയായി നൽകാനും കഴിയുന്ന ഒരു പദ്ധതി ആരംഭിക്കും. തെരഞ്ഞെടുക്കപ്പെടുന്ന സ്വയംതൊഴിൽ ഗ്രൂപ്പുകൾക്കാകും ഈ പദ്ധതി വഴി സഹായം ലഭിക്കുന്നത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റേയും പ്രാദേശിക സർക്കാരുകളുടേയും നേതൃത്വത്തിൽ നടപ്പിലാക്കുന്ന **ഈ പദ്ധതിയ്ക്കായി ആദ്യ ഘട്ടത്തിൽ 20 കോടി രൂപ അനുവദിക്കുന്നു.**

## പരിസ്ഥിതി സൗഹൃദ കേരളത്തിലേക്ക്

82. ആഗോള താപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റേയും പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്ന പ്രദേശങ്ങളിലൊന്നാണ് കേരളം. സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന നിരവധി പ്രദേശങ്ങൾ നമ്മുടെ നാട്ടിലുണ്ട്.

### 2050 ഓടെ നെറ്റ് സീറോ കാർബൺ എമിഷൻ

83. ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ചുകൊണ്ടു വന്ന് ആഗോളതാപനത്തിന്റെ അളവ് 1.5 ഡിഗ്രി സെൽഷ്യസ് ആയി കുറയ്ക്കുക എന്ന ദീർഘകാല ലക്ഷ്യം കൈവരിക്കാനായി ലോകരാഷ്ട്രങ്ങൾ പാരീസ് ഉടമ്പടി പ്രകാരം ധാരണയിലെത്തിയിട്ടുണ്ട്. 2070 ഓട് കൂടി രാജ്യത്തെ നെറ്റ് കാർബൺ ബഹിർഗമന നിരക്ക് പൂജ്യത്തിലെത്തിക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിട്ടുന്നത്. ആസൂത്രിതമായ പദ്ധതികളിലൂടെയും വിവിധ ദേശീയ അന്തർദേശീയ ഫണ്ടിംഗ് ഏജൻസികളുടേയും മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളുടേയും കേന്ദ്ര സർക്കാർ വകുപ്പുകളുടേയും എക്സ്പെർട്ട് ഗ്രൂപ്പുകളുടേയും വ്യവസായ സംഘടനകളുടേയും സഹകരണത്തോടെ 2050 ഓട് കൂടിത്തന്നെ നെറ്റ് കാർബൺ ബഹിർഗമന നിരക്ക് പൂജ്യത്തിലെത്തിക്കുക എന്ന ലക്ഷ്യം കൈവരിച്ച് രാജ്യത്തിനാകെ മാതൃകയാകാനുള്ള നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളും.

84. ഇന്ത്യയിലെ ആദ്യത്തെ സോളാർ ഫെറിയായ ആദിത്യ ബഹു.മുഖ്യമന്ത്രിയാണ് ഉദ്ഘാടനം ചെയ്ത് നീറ്റിലിറക്കിയത്. കഴിഞ്ഞ 5 വർഷം കൊണ്ട് 43000 കിലോമീറ്റർ ദൂരം

സഞ്ചരിക്കാനും 15 ലക്ഷം യാത്രക്കാരെ കമ്മ്യൂട്ട് ചെയ്യാനും ആദിത്യയ്ക്ക് കഴിഞ്ഞു. അതിലൂടെ 1.5 ലക്ഷം ലിറ്റർ ഡീസലും 400 ഓളം ടൺ കാർബൺ ഡയോക്സൈഡ് ബഹിർഗമനവുമാണ് കുറയ്ക്കാനായത്. അടുത്ത അഞ്ച് വർഷം കൊണ്ട് 50 ശതമാനം ഫെറി ബോട്ടുകൾ സോളാർ ആക്കി മാറ്റുന്നതാണ്.

85. പരിസ്ഥിതി സൗഹൃദ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും കാര്യക്ഷമമായി നടപ്പിലാക്കുന്നതിലും പ്രാദേശിക സർക്കാരുകൾക്ക് വലിയ പങ്കുണ്ട്. തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് ഊർജ്ജ മേഖലയിൽ നടത്തിയ ഇടപെടൽ മാതൃകാപരമാണ്. പഞ്ചായത്തിന്റെ മുൻകൈയിൽ ആ പ്രദേശത്തെ സഹകരണ ബാങ്കിന്റെയും, സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടേയും, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സഹായത്തോടെ വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യ ഗ്രാമപഞ്ചായത്തായി പെരിഞ്ഞനം മാറി. ഗ്രാമ പഞ്ചായത്തിന് യാതൊരു വിധ പണച്ചെലവുമില്ലാത്ത 'പെരിഞ്ഞനോർജ്ജം' എന്ന ഈ പദ്ധതി 2019-ൽ ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ഇത്തരം മാതൃകകൾ നമ്മുടെ സംസ്ഥാനത്താകെ വ്യാപിപ്പിക്കേണ്ടതുണ്ട്. അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സഹകരണ ബാങ്കുകളും കൈകോർക്കണം.

86. കേരളത്തിലെ വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനായി ഉപഭോക്താക്കൾ എടുക്കുന്ന വായ്പകൾക്ക് പലിശ ഇളവ് നൽകും. **500 കോടി രൂപയുടെ**

**വായ്പയ്ക്ക് പലിശ ഇളവ് ചെയ്ത് നൽകുന്നതിനായി 15 കോടി രൂപ അനുവദിക്കുന്നു.**

87. അന്തരീക്ഷ താപം കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളും നീക്കംചെയ്യേണ്ടതുണ്ട്. പുഴകളുടെയും നദികളുടേയും കായലുകളുടേയും ഡാമുകളുടേയും സംഭരണ ശേഷിയുടെ ഒരു ഭാഗം മണലും മറ്റ് മാലിന്യങ്ങളും അഴുക്കും നിറഞ്ഞിരിക്കുകയാണ്. ഇത് ശുദ്ധീകരിക്കുന്നതോടെ ജലാശയങ്ങളിലും നദികളിലും കൂടുതൽ ജലം ഉൾക്കൊള്ളാനും വെള്ളപ്പൊക്കം തടയാനും കഴിയും.

88. കായലുകളിലും പുഴകളിലും ഡാമുകളിലും അടിഞ്ഞു കൂടിയിട്ടുള്ള മണലും അഴുക്കും നീക്കി ആഴം കൂട്ടാനുള്ള ഒരു പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. എന്നാൽ പ്രായോഗിക ബുദ്ധിമുട്ടുകൾ മൂലം അത് വേഗത്തിൽ നിർവ്വഹിക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഇതിനാവശ്യ മായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് തുക അനുവദിക്കും. ബൃഹത്തായ ഒരു ജനകീയ കർമ്മപദ്ധതി തന്നെ ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കും.

89. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന്റെ പലയിടങ്ങളിലും ഈ നിലയിലുള്ള ചില പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വാമനപുരം, പമ്പയാർ തുടങ്ങിയ ശുചീകരണ പദ്ധതികൾ പുരോഗമിക്കുകയാണ്. **വാമനപുരം നദീശുചീകരണത്തിന് 2 കോടി രൂപ അനുവദിക്കും. അഷ്ടമുടി, വേമ്പനാട് കായലുകൾ ശുചീകരണത്തിനായി 20 കോടി രൂപ**

**അനുവദിക്കും. ശാസ്താംകോട്ട കായൽ സംരക്ഷണത്തിനും ശുചീകരണത്തിനുമായി 1 കോടി രൂപ അനുവദിക്കും.**

90. **ഡാമുകളിലെ മണൽവാരലിനായി യന്ത്രങ്ങൾ വാങ്ങാൻ 10 കോടി രൂപ അനുവദിക്കും.**

91. ഈ നിലയിൽ മുന്നോട്ട് പോയാൽ 2030 ഓടുകൂടി ജലാശയങ്ങളിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യ നിരക്ക് ഇരട്ടിയോളം ആകുമെന്നാണ് ഐക്യരാഷ്ട്ര സംഘടനയുടെ പഠന റിപ്പോർട്ട്. 2040 ഓട് കൂടി സമുദ്ര മേഖലകളിലെ പ്ലാസ്റ്റിക് മലിനീകരണത്തിന്റെ അളവ് ഏകദേശം മൂന്നിരട്ടി ആകും. പ്രതിവർഷം 23 മുതൽ 37 വരെ ദശലക്ഷം മെട്രിക് ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ സമുദ്രത്തിലേക്ക് ചേരുമെന്നും മുന്നറിയിപ്പ് നൽകുന്നു.

92. കേരളത്തിലെ കായലുകളുടേയും കടലിന്റേയും അടിത്തട്ടിൽ വലിയരീതിയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്ന സ്ഥിതിവിശേഷമുണ്ട്. മത്സ്യസമ്പത്തിനെ ഇത് പ്രതികൂലമായി ബാധിക്കുന്നു. ജലാശയങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വേണ്ടിയുള്ള **ശുചിത്വസാഗരം പദ്ധതി കേരളമാകെ വ്യാപിപ്പിക്കും. ഈ പദ്ധതിയ്ക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

93. നിർമ്മാണ വസ്തുക്കളുടെ അഭാവവും പാരിസ്ഥിതിക പ്രശ്നങ്ങളും നിർമ്മാണ മേഖലയെ ബാധിക്കുന്നുണ്ട്. ഉപയോഗശൂന്യമായ വസ്തുക്കൾ ശാസ്ത്രീയമായി പുനരുപയോഗിക്കുന്നതിലൂടെ വലിയൊരളവിൽ പാരിസ്ഥിതികാഘാതം കുറയ്ക്കാനും അസംസ്കൃത

വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താനും കഴിയും. ഉപയോഗശൂന്യമായ വസ്തുക്കളെ റോഡ് നിർമ്മാണത്തിൽ പുനരുപയോഗിക്കുന്നതിനുവേണ്ടിയുള്ള ഗവേഷണങ്ങൾ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നുണ്ട്. കെട്ടിടനിർമ്മാണ മേഖലയിലും പുനരുപയോഗത്തിന്റെ സാധ്യതകൾ തേടേണ്ടതുണ്ട്. സർവ്വകലാശാലകളും ഗവേഷണ കേന്ദ്രങ്ങളും നിർമ്മാണ മേഖലയിലെ ഏജൻസികളും ഈ മേഖലയിലെ കൂടുതൽ ഗവേഷണങ്ങളും പഠനങ്ങളും ഏറ്റെടുക്കണം. നദികളും കായലുകളും ആഴം കൂട്ടുന്നതിലൂടെ ലഭിക്കുന്ന എക്കലും ചെളിയും ഉപയോഗപ്പെടുത്താനും പദ്ധതികൾ തയ്യാറാക്കും.

94. കൂടാതെ തടിയ്ക്ക് പകരമായി ശക്തിപ്പെടുത്തിയ പ്രകൃതിജന്യ വസ്തുക്കൾ ഉപയോഗപ്പെടുത്താനുള്ള പഠനങ്ങൾ നടത്തേണ്ടതുണ്ട്. ഈറ, മുള, റബ്ബർ തുടങ്ങിയവ ഉപയോഗിച്ച് ഗുണമേന്മയുള്ള ഫർണിച്ചർ ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കും. കയർ, ചകിരി, തൊണ്ട് എന്നിവ നിർമ്മാണ മേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയും. **പുനരുപയോഗ സാധ്യതകളെക്കുറിച്ച് പഠിക്കാനും നവീന ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണം നടത്തുന്നതിനുമായി 10 കോടി രൂപ മാറ്റിവെയ്ക്കുന്നു.**

## പരിസ്ഥിതി ബജറ്റ്

95. പരിസ്ഥിതി സൗഹൃദ ഹരിത മാനദണ്ഡങ്ങൾ ധനകാര്യ മാനേജ്മെന്റിലടക്കം പാലിക്കുന്നതിൽ കേരളം പ്രതിജ്ഞാബദ്ധമാണ്. കാലാവസ്ഥ വ്യതിയാന പ്രതിരോധം സംബന്ധിച്ച് കൂടുതൽ സുതാര്യതയും വിശ്വാസ്യതയും

സംസ്ഥാന ബജറ്റിലൂടെയും ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നു. 2023-24 സാമ്പത്തിക വർഷം മുതൽ കേരളം 'പരിസ്ഥിതി ബജറ്റ്' എന്ന പേരിൽ ബജറ്റിനോടൊപ്പം പാരിസ്ഥിതിക ചെലവ് വിവരങ്ങൾ അടങ്ങിയ ഒരു രേഖ കൂടി അവതരിപ്പിക്കുന്നതാണ്. ഇതോടെ സുപ്രധാന പാരിസ്ഥിതിക സൗഹൃദ മുന്നേറ്റം നടത്തുന്ന സംസ്ഥാനമായി കേരളം മാറും.

## ഭാഗം – III

## കാർഷിക മേഖല

96. കാർഷിക മേഖലയുടെ വികസനത്തിനായി നിലവിലെ പദ്ധതികളുടെ വിപുലീകരണത്തിന് പുറമേ പുതിയ പദ്ധതികളും ഈ ബജറ്റിലൂടെ മുന്നോട്ടുവെയ്ക്കുന്നു. **കൃഷി വകുപ്പിനുള്ള ആകെ അടങ്കൽ 881.96 കോടി രൂപയാണ്. ഇത് മുൻവർഷത്തെക്കാൾ 48 കോടി രൂപ അധികമാണ്.**

### ഫാം പ്ലാൻ

97. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി പരമാവധി ഉപയോഗപ്പെടുത്തി ഉൽപ്പാദനവും വരുമാനവും വർദ്ധിപ്പിക്കുക എന്നതാണ് ഈ സമീപനംകൊണ്ട് ലക്ഷ്യമാക്കുന്നത്. വിളയധിഷ്ഠിത സമീപനത്തിൽ നിന്നും മാറി സംയോജിത ബഹുവിള കൃഷി സമ്പ്രദായത്തിന് പ്രാധാന്യം നൽകും. മൂന്ന് പുതിയ സ്കീമുകളിലൂടെയാണ് ഈ വികസന സമീപനം ലക്ഷ്യ പ്രാപ്തിയിലെത്തിക്കുന്നത്:

(i)ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള ഉൽപ്പാദന പരിപാടികൾ; (ii) ഉൽപ്പാദക സംഘങ്ങളുടെ വികസനവും സാങ്കേതിക സഹായവും; (iii) വിതരണ/മൂല്യ ശൃംഖലയുടെ (Supply / Value Chain) വികസനം.

98. **ഈ പദ്ധതികൾക്കായി ആകെ 29 കോടി രൂപ വകയിരുത്തുന്നു.**

99. വിളനാശത്തിന്റെ വ്യാപ്തി, കീടബാധയുടെ വിശദാംശങ്ങൾ എന്നിവയുടെ ഏറ്റവും കൃത്യതയാർന്നതും സൂക്ഷ്മവുമായ വിവരശേഖരണം നടത്തുന്നതിനായി സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകി 'ഡ്രോണുകളുടെ നിർമ്മാണവും ഉപയോഗവും സാധ്യമാക്കുന്നതാണ്'.

## ഞങ്ങളും കൃഷിയിലേയ്ക്ക്

100. 'ഞങ്ങളും കൃഷിയിലേക്ക്' എന്ന ഒരു ജനകീയ പ്രചാരണ പരിപാടിക്ക് തുടക്കം കുറിയ്ക്കുകയാണ്. ഈ പ്രചാരണ പരിപാടിയിൽ വിദ്യാർത്ഥികൾ, സ്ത്രീകൾ, തൊഴിലാളികൾ, പ്രൊഫഷണലുകൾ, സെലിബ്രിറ്റികൾ തുടങ്ങി സമൂഹത്തിലെ വിവിധ മേഖലകളിലുള്ള വ്യക്തികളെ ഉൾപ്പെടുത്തും.

101. സർക്കാർ നൽകിയ അകമഴിഞ്ഞ പ്രോത്സാഹനത്തിന്റെ ഫലമായി കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ നെൽകൃഷി ഗണ്യമായി വർദ്ധിക്കുകയുണ്ടായി. കോവിഡ് കാലത്ത് സുഭിക്ഷ കേരളം പദ്ധതിയിലൂടെ ആയിരക്കണക്കിന് ഏക്കർ തരിശുനിലങ്ങളിലാണ്

പുതുതായി കൃഷിയിറക്കിയത്. സുസ്ഥിര നെൽകൃഷി വികസനത്തിന് ഉല്പാദനോപാധികൾക്കുള്ള സഹായം ഹെക്ടറിന് 5500 രൂപ നിരക്കിൽ നൽകുന്നതിനും നെൽവയൽ ഉടമസ്ഥർക്ക് ഹെക്ടറിന് 3000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നതിനുമായി 60 കോടി രൂപ വകയിരുത്തിയിരിക്കുന്നു. **ഇതുൾപ്പടെ നെൽകൃഷി വികസനത്തിനായി 76 കോടി രൂപ വകയിരുത്തുന്നു.**

102. നെല്ലിന്റെ താങ്ങുവില 28.20 രൂപയായി ഉയർത്തുന്നു. **ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു.**

103. കോൾ നിലങ്ങളിലെ ജലവിഭവം കാര്യക്ഷമമായ രീതിയിൽ കൈകാര്യം ചെയ്തുകൊണ്ട് **വെള്ളപ്പൊക്കത്തിൽ നിന്ന് കോൾ മേഖലയെ സംരക്ഷിക്കുവാനും നെല്ലുല്പാദനം വർദ്ധിപ്പിക്കുവാനുമായി 10 കോടി രൂപ വകയിരുത്തുന്നു.**

104. വിഷരഹിതമായ പച്ചക്കറികളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുകയും, പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയും വേണം. ഈ മേഖലയിൽ ഭാഗഭാക്കായിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി മിഷൻ മാതൃകയിൽ പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതാണ്.

105. **പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് VFPCK യ്ക്കുള്ള അടങ്കൽ 14 കോടി രൂപയിൽ നിന്ന് 25 കോടി രൂപയായി ഉയർത്തും.**

106. കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ ഇക്കോ ഷോപ്പുകളുടെ പുതിയ ശൃംഖല സ്ഥാപിക്കും.

107. മലയോര മേഖലകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങളും പച്ചക്കറികളും കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള **കോൾഡ് ചെയിൻ സൗകര്യം ശക്തിപ്പെടുത്തുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു.**

108. **നാളികേര വികസനത്തിന് 73.90 കോടി രൂപ വകയിരുത്തുന്നു.** 2022, ജൂൺ – ജൂലൈ കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെയും സഹായത്തോടുകൂടി കേര രക്ഷാവാരം ആചരിക്കുന്നതായിരിക്കും.

109. തദ്ദേശീയ ഫലങ്ങൾക്കു പുറമെ റംബൂട്ടാൻ, ലിച്ചി, അവക്കാഡോ, മാംഗോസ്റ്റീൻ തുടങ്ങിയ പഴങ്ങളുടെ കൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. പഴവർഗ്ഗങ്ങളുടെ ഉൽപാദനവും, ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും സഹായം ലഭ്യമാക്കുന്നതാണ്. **പദ്ധതിക്കായി 18.92 കോടി രൂപ വകയിരുത്തുന്നു.**

110. കാലാവസ്ഥാ വ്യതിയാനത്തിന്റെ സ്വാധീനം കണക്കിലെടുത്ത് ശാസ്ത്രീയമായ രീതിയിൽ കാർബൺ തുല്യതാ കാർഷിക രീതികൾക്ക് പ്രോത്സാഹനം നൽകും.

**2022–23 സാമ്പത്തിക വർഷത്തിൽ ഇതിനായി 6 കോടി രൂപ വകയിരുത്തുന്നു.**

**കൃഷിശ്രീ കേന്ദ്രങ്ങൾ**

111. കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേനകളും കസ്റ്റം ഹയറിംഗ് സെന്ററുകളും ശക്തിപ്പെടുത്തി ഏകജാലക വിതരണ സംവിധാനം വികസിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ മൂന്ന് സംവിധാനങ്ങളെയും സംയോജിപ്പിച്ച് 'കൃഷിശ്രീ കേന്ദ്രങ്ങൾ' എന്ന പേരിൽ കാർഷിക മേഖലയിൽ സ്വയം സഹായ ഗ്രൂപ്പുകൾ രൂപീകരിക്കും. **2022–23 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 19.81 കോടി രൂപ വകയിരുത്തുന്നു.**

സർ,

112. കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തിനും കാർഷിക അഭിവൃദ്ധിക്കും തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികളുടെ പങ്കു കൂടി ഉറപ്പു വരുത്തേണ്ടതുണ്ട്. ഇതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ അവസാന വർഷ വി.എച്ച്.എസ്.ഇ അഗ്രികൾച്ചർ–ഓർഗാനിക് ഫാമിംഗ് കോഴ്സ് വിദ്യാർത്ഥികൾക്കും, ഈ കോഴ്സ് പൂർത്തീകരിച്ചവർക്കും 2500 രൂപ പ്രതിമാസ ഇൻസെന്റീവോടു കൂടി 6 മാസ പ്രായോഗിക പരിശീലന പരിപാടി നടപ്പിലാക്കുന്നതിനായി 2.8 കോടി രൂപ അനുവദിക്കുന്നു.

113. കർഷകർക്കും വിളകൾക്കുമുള്ള ഇൻഷ്വറൻസ് പരിരക്ഷയ്ക്കുള്ള വിഹിതം 30 കോടിയായി ഉയർത്തുന്നു. കൂടാതെ പ്രകൃതിക്ഷോഭത്തിലും മറ്റും **വിള നാശം സംഭവിച്ചാലുള്ള അടിയന്തിര സഹായം നൽകുന്നതിനായി 7.5 കോടി രൂപ അനുവദിക്കുന്നു.**

**ജലസേചനം**

114. ജലസേചന വകുപ്പിനുള്ള ആകെ അടങ്കൽ 552.45 കോടി രൂപയാണ്. കാരാപ്പുഴ, ബാണാസുരസാഗർ, ഇടമലയാർ പ്രോജക്ടുകൾ 2025-ഓടു കൂടി കമ്മീഷൻ ചെയ്യുന്നതിന് സമയക്രമം അടിസ്ഥാനമാക്കി പ്രവൃത്തി പൂർത്തിയാക്കാൻ തുക വകയിരുത്തുന്നു. പഴശ്ശി പ്രോജക്റ്റിന്റെ പദ്ധതി വിഹിതം 5 കോടിയിൽ നിന്ന് 10 കോടി രൂപയാക്കി ഉയർത്തി വേഗത്തിൽ പണി പൂർത്തിയാക്കും. **CADA കനാലുകളുടെ അറ്റകുറ്റപ്പണികൾക്ക് 8 കോടി രൂപ വകയിരുത്തുന്നു.**

115. **തീരപ്രദേശങ്ങളെ മണ്ണൊലിപ്പിൽ നിന്നും കാലാവസ്ഥാ വ്യതിയാനത്തിൽ നിന്നും സംരക്ഷിക്കുന്നതിനായുള്ള പുതിയ പദ്ധതിക്ക് 100 കോടി രൂപ വകയിരുത്തുന്നു.** 2022-23-ൽ ഈ EAP പദ്ധതിയുടെ മൊത്തം ചെലവ് 333 കോടി രൂപയാകും.

116. മലയോര മേഖലകളിൽ ശാസ്ത്രീയമായ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനായി 4 കോടി രൂപ വകയിരുത്തുന്നു.

117. **സൂക്ഷ്മ ജലസേചന പദ്ധതികൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

118. കേന്ദ്ര ജല കമ്മീഷന്റെ തത്വത്തിലുള്ള അംഗീകാരത്തോടെ ആരംഭിച്ചിട്ടുള്ള 'ഡാം സുരക്ഷയും പുനരുദ്ധാരണവും' പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 15 ഡാമുകളെ പുനരുദ്ധാരണത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. **ഈ പദ്ധതി പ്രവർത്തനങ്ങൾക്കായി 2022-23 -ൽ 30 കോടി രൂപ വകയിരുത്തുന്നു.**

119. വർഷകാലത്ത് പരിസര പ്രദേശങ്ങളെ വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി അധിക ജലം തോട്ടപ്പള്ളി സ്പിൽ വേയിലൂടെ കടലിലേയ്ക്ക് ഒഴുക്കി വിടേണ്ടതുണ്ട്. **തോട്ടപ്പള്ളിയുടെ സമീപത്തുള്ള പമ്പാ നദീ തീരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.**

120. **ഇടുക്കിയിൽ ജലസേചന മ്യൂസിയം സ്ഥാപിക്കാൻ 1 കോടി രൂപ അനുവദിക്കുന്നു.**

**മൃഗസംരക്ഷണം**

121. **മൃഗസംരക്ഷണ വകുപ്പിന്റെ ആകെ അടങ്കൽ 392.64 കോടി രൂപയാണ്. ഇത് മുൻ വർഷത്തേക്കാൾ 91.33 കോടി രൂപ അധികമാണ്.**

122. മൃഗസംരക്ഷണ മേഖലയുടെ ഗുണനിലവാരമുയർത്തുവാൻ ത്രിതല ആരോഗ്യ പരിരക്ഷാ സംവിധാനമാണ് വിഭാവനം ചെയ്യുന്നത്. ജില്ലാ മൃഗചികിത്സാ കേന്ദ്രങ്ങളും,

കുടപ്പനക്കുന്നിലെ മൾട്ടിസ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയും ജില്ലാതല റഫറൽ യൂണിറ്റുകളായി പ്രവർത്തിക്കും. വെറ്ററിനറി പോളിക്ലിനിക് താലൂക്ക്തല യൂണിറ്റായും, വെറ്ററിനറി ആശുപത്രി/ വെറ്ററിനറി ഡിസ്പെൻസറി പഞ്ചായത്തുതലത്തിലും പ്രവർത്തിക്കും. **ഇതിനായി 34 കോടി രൂപ അനുവദിക്കുന്നു.**

123. **രാത്രികാലത്തും അടിയന്തിര വെറ്ററിനറി സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിക്കായി 9.80 കോടി രൂപ വകയിരുത്തുന്നു.**

**പൗൾട്രി വികസനം**

124. **സംസ്ഥാനത്തെ കോഴിമുട്ടയുടെയും മാംസത്തിന്റെയും ഉൽപാദനത്തിലും ഉപഭോഗത്തിലും സ്വയം പര്യാപ്തത കൈവരിക്കാൻ പൗൾട്രി വികസന കോർപ്പറേഷന് 7.50 കോടി രൂപ അനുവദിക്കുന്നു.**

125. കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷന് നടപ്പ് വർഷം 40.22 കോടി രൂപ അനുവദിക്കുന്നു. ഇതിൽ **32.72 കോടി രൂപ വിനിയോഗിച്ച് മലപ്പുറം ജില്ലയിലെ മൂർക്കനാട് ആർ.ഐ.ഡി.എഫ് സ്കീമിന്റെ സഹായ ത്തോടെ പാൽപ്പൊടി ഉൽപാദന കേന്ദ്രം പൂർത്തീകരിക്കും.**

**മത്സ്യ ബന്ധനം**

126. **മത്സ്യബന്ധന മേഖലക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 240.60 കോടി രൂപ വകയിരുത്തുന്നു.**

**ഇത് കഴിഞ്ഞ വർഷത്തേക്കാൾ 37 കോടി രൂപ അധികമാണ്.**

## കടൽ സുരക്ഷ

127. സമുദ്ര സുരക്ഷ വർദ്ധിപ്പിക്കുകയും രക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ആധുനിക വിവര വിനിമയ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി 75% തുക ഗ്രാന്റായി അനുവദിക്കും. ഇവയുൾപ്പെടെ **സമുദ്ര സുരക്ഷയ്ക്കായി 5.50 കോടി രൂപ അനുവദിക്കുന്നു.**

1. മത്സ്യബന്ധനത്തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷാ ഉറപ്പുവരുത്തുന്നതിനും ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിഹിതം വർദ്ധിപ്പിക്കുന്നു.

2. **പുനർഗേഹം പദ്ധതിക്കായി 16 കോടി രൂപ വകയിരുത്തുന്നു.** കൂടാതെ, മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾക്കും മാനവ വികസനത്തിനുമായി 72 കോടി രൂപയും അനുവദിക്കുന്നു.

3. കേരള അക്വാ വെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിന് (KAVIL) മത്സ്യവിത്ത് സർട്ടിഫിക്കേഷന് 50 ലക്ഷം രൂപ അനുവദിക്കുന്നു. **അലങ്കാര മത്സ്യകൃഷി പ്രോത്സാഹനത്തിനുള്ള വിഹിതം 5 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.**

128. അക്വാകൾച്ചർ എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, സാങ്കേതിക നിർദ്ദേശങ്ങൾ നല്കുക, മത്സ്യ കർഷകർക്കിടയിൽ IEC- മാനവശേഷി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക, പ്രദർശന കൃഷി അവാർഡുകൾ ഏർപ്പെടുത്തുക എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനാണ് അക്വാകൾച്ചർ എക്സ്റ്റൻഷൻ സർവ്വീസസ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ നിയമിക്കുന്ന പ്രോജക്ക് കോർഡിനേറ്റർമാർക്ക് പ്രതിമാസം 30000 രൂപ സ്റ്റൈപ്പന്റ് നല്കും. **ഈ പദ്ധതിക്കായി 7.11 കോടി രൂപ വകയിരുത്തുന്നു.**

## സഹകരണം

129. **സഹകരണ വകുപ്പിന്റെ ആകെ അടങ്കൽ 196.23 കോടി രൂപയാണ്.**

1) കാർഷിക രംഗത്ത് സംഭരണം, വിപണനം, മൂല്യവർധന എന്നിവയിൽ സഹകരണ സംഘങ്ങൾ കൂടുതൽ ഊർജ്ജിതമായി ഇടപടേണ്ടതുണ്ട്. 22.5 കോടി രൂപ വകയിരുത്തിക്കൊണ്ട് 'Co-operative Initiative in Technology-driven Agriculture' എന്ന പുതിയ പദ്ധതി അവതരിപ്പിക്കുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ സംഭരണം, നിലവാരമനുസരിച്ച് തരം തിരിക്കൽ, ശീതീകരണിയിൽ സൂക്ഷിക്കൽ, e-NAM-വുമായ ബന്ധിപ്പിക്കൽ, കർഷക ഉല്പാദക സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ, മൂല്യവർധന തുടങ്ങിയ സൗകര്യങ്ങളുള്ള വിപണി ഒരു

പഞ്ചായത്തിൽ ഒന്ന് എന്ന കണക്കിൽ സ്ഥാപിക്കുകയാണ് ലക്ഷ്യം.

2) മുൻ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നബാർഡിൽ നിന്നും കേരള ബാങ്ക് മുഖേന പശ്ചാത്തല സൗകര്യ പുനർ വായ്പ ലഭ്യമാക്കുന്ന Co-operatives' Initiative for Agriculture Infrastructure in Kerala (CAIK) പദ്ധതി തുടരുന്നതാണ്.

3) സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും (PACS) ഒരു ഏകീകൃത സോഫ്റ്റ് വെയർ പ്രയോഗത്തിൽകൊണ്ടുവരാൻ ഫണ്ട് വകയിരുത്തുന്നു.

**4) SC/ST സഹകരണ സംഘങ്ങളുടെ ആധുനിക വൽക്കരണത്തിന് 14 കോടി രൂപ വകയിരുത്തുന്നു.**

5) കാർഷിക സബ്സിഡി വിതരണം ചെയ്യുന്ന രീതിയിൽ മാറ്റംവരുത്താൻ പദ്ധതിയിടുന്നു. സബ്സിഡി നേരിട്ട് പണമായി നൽകുമ്പോൾ പലപ്പോഴും അർഹതയില്ലാത്തവരിലേക്ക് അതെത്തുന്നതായി കണ്ടുവരുന്നു. ഇതിന് പകരമായി എല്ലാ ഗ്രാമങ്ങളിലും കൃഷി സാമഗ്രികൾ കർഷകർക്ക് നിശ്ചിത സബ്സിഡി നിരക്കിൽ വിൽക്കുന്ന അംഗീകൃത പി.എ.സി.എസ് സംവിധാനം നടപ്പാക്കും. **ഈ പദ്ധതിക്കായി 77.2 കോടി രൂപ വകയിരുത്തുന്നു.**

130. സഹകരണ വകുപ്പിന് കീഴിൽ 5 യുവജന സഹകരണ സംഘങ്ങൾക്ക് രൂപം നൽകുന്നു. ഈ സംഘങ്ങൾക്ക് ഇവന്റ് മാനേജ്മെന്റ്, ഭക്ഷ്യവിതരണം എന്നിവയുമായി ബന്ധപ്പെട്ട് സ്റ്റാർട്ട് അപ്പ് ആരംഭിക്കുന്നതിലേക്കായി 2 കോടി രൂപ വകയിരുത്തുന്നു.

**വനവും വന്യജീവി സംരക്ഷണവും**

131. **വനവും വന്യ ജീവി സംരക്ഷണവും വകുപ്പിനായി 2022-23 സാമ്പത്തിക വർഷത്തിൽ 281.31 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻ വർഷത്തേക്കാൾ 30.11 കോടി രൂപ അധികമാണ്.**

132. വനാതിർത്തികളുടെയും വനപരിധിയിലുള്ള പ്രദേശ ങ്ങളുടെയും സർവ്വേ, അതിർത്തി തിരിക്കൽ, വനവല്ക്കരണ പ്രവർത്തനങ്ങൾ, വനാതിർത്തിയിൽ താമസിക്കുന്ന സമൂഹത്തെ വനസംരക്ഷണത്തിൽ പങ്കാളികളാക്കൽ തുടങ്ങി **വിവിധങ്ങളായ പദ്ധതികൾക്കായി 26 കോടി രൂപ അനുവദിക്കുന്നു.**

133. **ഇക്കോട്ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പരിപാലനത്തിനുമായി 10 കോടി രൂപ വകയിരുത്തുന്നു.**

134. കൃഷി നാശം, വനാതിർത്തികളിൽ മനുഷ്യർക്കും കന്നുകാലികൾക്കും വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന ജീവഹാനി എന്നിവ പ്രധാന പ്രശ്നങ്ങളാണ്. **മനുഷ്യ-വന്യ മൃഗ സംഘർഷ മേഖലകളിലെ പ്രശ്നങ്ങൾക്ക് ദീർഘകാല**

**പരിഹാര പദ്ധതികൾ രൂപപ്പെടുത്തുന്നതിനായി 25 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 7 കോടി രൂപ വകയിരുത്തിയിരിക്കുന്നത് വന്യമൃഗങ്ങളുടെ ആക്രമണ ത്തിൽ ജീവഹാനി സംഭവിക്കുന്നവർക്കും പരിക്കേൽക്കുന്ന വർക്കും നഷ്ട പരിഹാരം നൽകുന്നതിനാണ്.**

## ഗ്രാമ വികസനം

135. **ഗ്രാമ വികസന മേഖലയ്ക്കാകെ അടങ്കൽ 6096.30 കോടി രൂപയാണ്. ഇത് മുൻ വർഷത്തേക്കാൾ 130 കോടി രൂപ അധികമാണ്.**

136. **കുടുംബശ്രീയുടെ വിവിധ പദ്ധതികൾക്കായി ഈ വർഷം 260 കോടി രൂപ വകയിരുത്തുന്നു.** ഇതിൽപ്പെടുന്ന പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. **വിവിധ തൊഴിൽ ദായക പദ്ധതികളിലൂടെ 2 ലക്ഷം പേർക്ക് തൊഴിൽ**
2. നൈപുണ്യ കേരളം പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനങ്ങളിലൂടെ **അടുത്ത 5 വർഷം കൊണ്ട് 8 ലക്ഷം യുവതീയുവാക്കൾക്ക് തൊഴിൽ.**
3. അട്ടപ്പാടി, തിരുനെല്ലി, മറയൂർ തുടങ്ങി പ്രത്യേക പരിഗണന നൽകേണ്ട ആദിവാസി മേഖലകളിലെ 500 യുവതി-യുവാക്കൾക്ക് സൗജന്യ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികളിലൂടെ തൊഴിൽ.

4. കുടുംബശ്രീ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി സുസ്ഥിരമായ ഉത്പന്ന-വിതരണ ശൃംഖല രൂപീകരിക്കും. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷൻ പരിധികളിലാണ് പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.
5. 14 ബ്ലോക്കുകളിൽ മൈക്രോ എന്റർപ്രൈസസ് റിസോഴ്സ് സെന്ററുകളും 3 (MERC) റീജിയണൽ ഫെസിലിറ്റി മാനേജ്മെന്റ് സെന്ററുകളും ആരംഭിക്കും.
6. ട്രാൻസ് ജെൻഡർ വ്യക്തികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ ക്ഷേമത്തിനുമായി ജില്ലാതലത്തിൽ ഒരു ഇടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 14 ജില്ലകളിലും ജില്ലാതല ട്രാൻസ് ജെൻഡർ ഫോറം രൂപീകരിക്കുന്നതാണ്.
7. അയൽക്കൂട്ട അംഗങ്ങളെയും ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളെയും പൊതുസമൂഹത്തിന്റെ പ്രതിനിധി കളേയും ഉൾപ്പെടുത്തിക്കൊണ്ട് വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ 'സ്ത്രീപക്ഷ നവകേരളം' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കും.
8. തുല്യ നീതിയിൽ അധിഷ്ഠിതമായ ഒരു സമൂഹം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് ജൻഡർ ക്ലബ്ബുകൾ ആരംഭിക്കും.
9. മദ്യാസക്തിക്ക് അടിമപ്പെട്ടവരെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരാനും അവരുടെ കുടുംബത്തിന് മാനസിക - സാമൂഹിക - സാമ്പത്തിക പിന്തുണ

ഉറപ്പുവരുത്തുന്നതിനുമായുള്ള ബോധന എന്ന കൂട്ടായ്മ സംഘടിപ്പിക്കും.

137. **യുവതലമുറയെ** കുടുംബശ്രീയുടെ ഭാഗമാക്കാനും ഇവരെ പൊതുധാരയിൽ കൊണ്ടുവരുന്നതിനും സമൂഹിക സാമ്പത്തിക സ്ത്രീ ശാക്തീകരണ വിഷയങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വിവിധ തൊഴിൽ സാദ്ധ്യതകളെക്കുറിച്ചുള്ള അറിവുകൾ നൽകുന്നതിനുള്ള പൊതുവേദി സൃഷ്ടിക്കുന്നതിനുമായി കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കാനും ആയതിലൂടെ 306790 യുവതികളെ അംഗങ്ങളാക്കാനും കുടുംബശ്രീയ്ക്ക് സാധിച്ചിട്ടുണ്ട്. ഓക്സിലറി ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തി **പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമായി കുറഞ്ഞ പലിശ നിരക്കിൽ 500 കോടി രൂപയുടെ വായ്പ ലഭ്യമാക്കും. ഇതിന്റെ പലിശയിളവ് നൽകുന്നതിനായി 18 കോടി രൂപ വകയിരുത്തുന്നു.**

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

138. 2020–21 ൽ ആരംഭിച്ച വികേന്ദ്രീകരണ സർവ്വേ പൂർത്തിയാക്കുന്നതുൾപ്പടെയുള്ള പദ്ധതികൾക്കായി **കിലയ്ക്ക് 33 കോടി രൂപ അനുവദിക്കുന്നു.** കിലയെ ഒരു പരിസ്ഥിതി സൗഹൃദ സൗരോർജ്ജ കാമ്പസായി മാറ്റുന്നതാണ്.

139. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ കഴിഞ്ഞ വർഷം 10.23 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. **2022–23 സാമ്പത്തിക വർഷം 12 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള**

**പ്രത്യേക യജ്ഞം നടത്തുന്നതാണ്.** മറ്റു ഘടകങ്ങളുൾപ്പെടെ ഇതിനായി 3827.69 കോടി രൂപ കേന്ദ്ര വിഹിതം പ്രതീക്ഷിക്കുന്നു.

140. എന്നാൽ 2022-23 ലെ കേന്ദ്ര ബജറ്റിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കുള്ള വിഹിതം കാൽ ലക്ഷം കോടി രൂപ വെട്ടി കുറച്ചിരിക്കയാണ്. ഇത് അങ്ങേയറ്റം ആശങ്കാജനകമാണ്. തൊഴിലുറപ്പ് പദ്ധതിക്ക് സമയ ബന്ധിതമായി പണം അനുവദിക്കാത്ത കേന്ദ്ര സർക്കാർ നിലപാട് ഈ പദ്ധതിയെ ദുർബ്ബലപ്പെടുത്തും.

## നബാർഡ് - ആർ.ഐ.ഡി.എഫ് പ്രോജക്ടുകൾ

141. 1995-96 മുതൽ ആരംഭിച്ച നബാർഡ് - ആർ.ഐ.ഡി.എഫ് പ്രോജക്ടുകൾ നിലവിൽ വിവിധ വകുപ്പുകളിലായി ചെറുകിട പദ്ധതികളായി നടപ്പാക്കിവരുന്ന രീതിയാണ് പിൻതുടർന്ന് വരുന്നത്. പലപ്പോഴും ഇത്തരം ചെറുകിട പദ്ധതികൾ നടപ്പാക്കാൻ വളരെ അധികം കാലതാമസം നേരിടുന്നുണ്ട്. നബാർഡ് - ആർ.ഐ.ഡി.എഫ് ഫണ്ട് ലഭിച്ച പല സ്ഥാപനങ്ങളും അത് തിരിച്ച് അടക്കാൻ വിമുഖത കാണിക്കുന്നതും പതിവാണ്. നബാർഡ് - **ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ചെറുകിട പദ്ധതികൾക്ക് പകരം ഓരോ മേഖലയിലും വാണിജ്യപരമായി വിജയസാധ്യതയുള്ളതും വരുമാനം ഉറപ്പു വരുത്തുന്നതുമായ 100 കോടിയോ അതിന് മുകളിലോ അടങ്കൽ വരുന്ന മെഗാ പ്രോജക്ടുകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.**

## ഗ്രാമീൺ ബാങ്ക്

142. കേരള ഗ്രാമീൺ ബാങ്കിൽ സംസ്ഥാന സർക്കാരിന്റെ ഓഹരി 15 ശതമാനമാണ്. കേന്ദ്ര ഗവൺമെന്റിന് 50% ഓഹരിയും സ്പോൺസർ ബാങ്ക് എന്ന നിലയിൽ കാനറാ ബാങ്കിന് 35% ഓഹരിയുമാണുള്ളത്. ബാങ്കിന്റെ Capital to Risk weighted Ratio (CRAR) അനുപാതം റിസർവ് ബാങ്ക് മാനദണ്ഡപ്രകാരം 9% ആയി നിലനിർത്തുന്നതിനായി 611.69 കോടിരൂപയുടെ റീക്യാപിറ്റലൈസേഷൻ ( അധിക മൂലധനനിക്ഷേപം ) നടത്തേണ്ടതുണ്ട്. ആയതിലേക്ക് സംസ്ഥാന ഗവൺമെന്റിന്റെ **അധികവിഹിതമായി 91.75 കോടി രൂപ വകയിരുത്തുന്നു.**

143. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുക എന്ന കേന്ദ്ര നയത്തിൽ നിന്നും വ്യത്യസ്തമാണ് കേരളത്തിന്റെ സമീപനം. കേരള സർക്കാരിന്റെ മുൻകൈയിൽ പ്രവർത്തിക്കുന്ന ലോകത്തിന് തന്നെ മാതൃകയായ പദ്ധതിയാണ് CIAL (Cochin International Airport Limited). സിയാലിന്റെ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കാനായി ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. **കേരള ഗവൺമെന്റിന്റെ അവകാശ മൂലധനം സിയാലിൽ ഉറപ്പു വരുത്താനായി 200 കോടി രൂപ അനുവദിക്കുന്നു.**

## പ്രാദേശിക വികസനത്തിനായുള്ള പ്രത്യേക പദ്ധതികൾ

### രണ്ടാം കുട്ടനാട് പാക്കേജ്

144. രണ്ടാം കുട്ടനാട് വികസന പാക്കേജിലുൾപ്പെടുത്തി **കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമായി 140 കോടി രൂപ വകയിരുത്തുന്നു.**

145. രാമങ്കരി, എടത്വ, ചമ്പക്കുളം, നീലംപേരൂർ, കൈനകരി എന്നീ പഞ്ചായത്തുകളിലുൾപ്പെടുത്തിയിട്ടുള്ള വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യവികസന പ്രവർത്തികളും ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതാണ്.

146. ലോവർകുട്ടനാട് മേഖലകളിലെ കാർഷികോൽപാദന വിപുലീകരണം ലക്ഷ്യമിട്ട് കനാലുകളുടെ ആഴം കൂട്ടൽ, പുറം ബണ്ടുകളുടെ നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം, എഞ്ചിൻ തറ, എഞ്ചിൻ ഷെഡ് എന്നിവ വിവിധ പാടശേഖരങ്ങളിൽ നിർമ്മിക്കാനുള്ള ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു. **2022–23 വർഷത്തേക്ക് ഇതിലേക്കായി 20 കോടി രൂപ വകയിരുത്തുന്നു.**

147. **കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ വിളനാശം പരമാവധി കുറച്ച് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി 54 കോടി രൂപ വകയിരുത്തുന്നു.**

148. **ആലപ്പുഴ, കോട്ടയം ജില്ലകളിൽ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിലേയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കാൻ 33 കോടി രൂപ നീക്കി വയ്ക്കുന്നു.**

149. **ഇടുക്കി, വയനാട്, കാസർഗോഡ് പാക്കേജുകൾക്കായി 75 കോടി രൂപ വീതം വകയിരുത്തുന്നു.**

**ശബരിമല മാസ്റ്റർ പ്ലാൻ**

150. പ്രകൃതി സംരക്ഷണം ഉറപ്പുവരുത്തിയും പ്രദേശവാസികളുടെ ജീവനോപാധികൾ സംരംക്ഷിച്ചുമാണ് ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പാക്കുന്നത്. **ശബരിമല മാസ്റ്റർ പ്ലാനിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 30 കോടി രൂപ വകയിരുത്തുന്നു.**

**ഊർജ്ജം**

151. **ഊർജ്ജ മേഖലയുടെ ഈ വർഷത്തെ പദ്ധതി അടങ്കൽ 1152.93 കോടി രൂപ ആയിരിക്കും.** ഇതിൽ 44.44 കോടി രൂപ അനർട്ടിന് വകയിരുത്തുന്നു.

152. വനമേഖലകളിലെ വൈദ്യുതീകരിക്കാത്ത ഉൾനാടൻ ആദിവാസി ഊരുകളിൽ 300 കിലോവാട്ട് ശേഷിയുള്ള മൈക്രോ ഗ്രിഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 3 കോടി രൂപ വകയിരുത്തുന്നു.

153. **വഴിയോര കച്ചവടക്കാർക്ക് വെളിച്ചത്തിനും വൈദ്യുതോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുമായി ബാറ്ററി സഹിതം സോളാർ സംവിധാനങ്ങൾ സ്ഥാപിച്ച സോളാർ പുഷ് കാർട്ടുകൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.** ഓരോ പുഷ് കാർട്ടിന്റെയും സോളാർ പി.വി കപ്പാസിറ്റി 500 മുതൽ 600 വാട്ട് വരെയാണ്. ഇത്തരം 100 വാഹനങ്ങളുടെ ഡെമൊൺസ്ട്രേഷൻ പ്രോജക്ടുകൾ ലക്ഷ്യമിടുന്നു.

154. ആഴക്കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യബന്ധന ബോട്ടുകൾക്ക് ഇന്ധനം ലാഭിക്കുന്നതിനും ബാക്ക് അപ് പവർ ലഭിക്കുന്നതിനുമായി പൈലറ്റ് അടിസ്ഥാനത്തിൽ 1 കിലോ വാട്ട് സോളാർ–സ്മോൾ വിൻഡ് ഹൈബ്രിഡ് പവർ സംവിധാനം ഏർപ്പെടുത്തും. പദ്ധതിയുടെ വിജയകരമായ പ്രദർശനത്തിന്റെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ പരിപാടി വിപുലീകരിക്കും.

155. നൂതനമായ ഊർജ്ജ വിഭവങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി പൈലറ്റ് മോഡിൽ 3 മെഗാവാട്ട് ഡെമോൺസ്ട്രേഷൻ പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കെ.എസ്.ഇ.ബി.എൽ, ഇ.എം.സി ഡെവലപ്പർമാർ എന്നിവ സ്പോൺസർ ചെയ്യുന്ന രീതിയിൽ സംയുക്ത സംരംഭമായാണ് പദ്ധതി നടപ്പിലാക്കുക. ഇതിനായി 4.5 കോടി രൂപ വകയിരുത്തുന്നു.

156. **കേരളത്തിൽ ആദ്യമായി 25 കിലോ വാട്ട് കപ്പാസിറ്റിയുള്ള ഹൈഡ്രോ കൈനറ്റിക് ടർബൈൻ പ്രോജക്ട് ചിറ്റൂർ ഇറിഗേഷൻ പദ്ധതിയിലെ മൂലത്തറ ലെഫ്റ്റ് ബാങ്ക് കനാലിൽ സ്ഥാപിക്കുന്നതാണ്.** എനർജി മാനേജ്മെന്റ് സെന്ററും കെ.എസ്.ഇ.ബി ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരംഭമായ ഈ പദ്ധതിയുടെ ശേഷി ഭാവിയിൽ 3 മെഗാ വാട്ടായി ഉയർത്തുന്നതാണ്. ഇത് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്കായി **എനർജി മാനേജ്മെന്റ് സെന്ററിന് 9.14 കോടി രൂപ അനുവദിക്കുന്നു.**

157. സൗരോർജമുൾപ്പടെയുള്ള ഗാർഹികമായ പാരമ്പര്യേതര ഹരിത–ഊർജ്ജ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് കൊണ്ടു വരുന്നു. **ഇതിനായി 32 കോടി രൂപ അനുവദിക്കുന്നു.**

**വ്യവസായ മേഖല**

158. **വ്യവസായ മേഖലയുടെ ആകെ ബജറ്റ് വിഹിതം മുൻ വർഷത്തെ 1058.38 കോടി രൂപയിൽ നിന്നും 1226.66 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.**

159. കേരളത്തെ ഒരു പരിസ്ഥിതി സൗഹൃദവും ഉൽപാദനക്ഷമവും വ്യവസായിക നിക്ഷേപങ്ങൾക്ക് അനുകൂലവുമായ ഇടമാക്കി മാറ്റേണ്ടതുണ്ട്. അതു വഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സംസ്ഥാനത്തിന്റെ സുസ്ഥിര സാമ്പത്തിക വളർച്ച ഉറപ്പാക്കുവാനുമാണ് ലക്ഷ്യമിടുന്നത്. വ്യവസായത്തിന് വേണ്ട പശ്ചാത്തല വികസനം, മൂലധന ലഭ്യത, സംരംഭകത്വം, ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം എന്നിവയ്ക്കാണ് ഈ വർഷത്തെ പ്രധാന ഊന്നൽ.

160. **"ഉത്തരവാദിത്വ വ്യവസായം – ഉത്തരവാദിത്വ നിക്ഷേപം" എന്നതാണ് വ്യാവസായിക വികസനത്തിന്റെ ആപ്തവാക്യം.**

161. **മെഡിക്കൽ ഉല്പന്നങ്ങൾ, മൂല്യമേറിയ ഇലക്ട്രോണിക് ഉപകരണങ്ങൾ, കൃഷി മൂല്യവർദ്ധിത ഉല്പാദനം, പരിസ്ഥിതി**

**സൗഹൃദ "Green Mobility Tech" എന്നിവയ്ക്ക് ഊന്നൽ നൽകും.**

162. വ്യവസായിക ഉൽപാദനത്തിന് അടിസ്ഥാന സൗകര്യങ്ങളായ ഊർജ്ജം, ജല ലഭ്യത, മാലിന്യ സംസ്കരണം, അഗ്നി സുരക്ഷ എന്നിവ ഉറപ്പ് വരുത്തണം. ഇത്തരം സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന ഫ്ലാറ്റ് മാതൃകയിലുള്ള കെട്ടിടങ്ങളാണ് ബഹുനില എസ്റ്റേറ്റുകൾ. **ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.**

163. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പി.പി.പി മാതൃകയിൽ വ്യവസായ പാർക്ക് വികസിപ്പിക്കുന്നതിനുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിന് ഊന്നൽ നൽകും. **ഇത്തരത്തിലെ 25 പാർക്കുകളുടെ വികസനത്തിനായി 5 കോടി രൂപ വകയിരുത്തുന്നു.**

**സംരംഭകത്വം**

164. കോവിഡ് കാരണം കോട്ടം സംഭവിച്ച സമ്പദ് വ്യവസ്ഥയെ കരകയറ്റാനും ഉൽപാദനവും തൊഴിലും വർദ്ധിപ്പിക്കാനും അതു വഴി സംസ്ഥാനത്തിന്റെ പൊതു വരുമാനം കൂട്ടാനുമായി സ്വയം സംരംഭകത്വം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇതിനായി വിവിധ പരിപാടികൾ മുന്നോട്ട് വക്കുന്നു. അതിൽ പ്രധാനമായി രണ്ട് പുതിയ ഹബ്ബുകൾ സ്ഥാപിക്കുന്നതാണ്.

I. **ഒരു ഇലക്ട്രോണിക് ഹാർഡ് വെയർ ടെക്നോളജീസ് ഹബ്ബ് സ്ഥാപിക്കുന്നതിനായി 28 കോടി രൂപ നീക്കിവയ്ക്കുന്നു.**

II. കെ-ഡിസ്ക്, കെ.ഇ.എൽ.ഇ.എം.എൽ ലിമിറ്റഡ്, കെൽട്രോൺ, കെൽ, ഓട്ടോകാസ്റ്റ്, കെ.എ.എൽ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് ഇലക്ട്രിക് വാഹന ഭാഗങ്ങളും മറ്റും വികസിപ്പിച്ചെടുക്കുന്ന ഗ്രീൻ മൊബിലിറ്റി ടെക്നോളജീസ് ഹബ്ബ് സ്ഥാപിക്കുന്നതാണ്.

165. **2022-23 വർഷം സംരംഭക വർഷമായി ആചരിക്കും. 'എന്റെ സംരംഭം നാടിന്റെ അഭിമാനം'എന്നതായിരിക്കും പ്രധാന മുദ്രാവാക്യം.**

166. വിവിധ വകുപ്പുകളുടെ യോജിച്ച പ്രവർത്തനത്തിലൂടെ പുതിയ ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കും. അതിലൂടെ ഏകദേശം 3 മുതൽ 5 ലക്ഷം വരെ തൊഴിലവസരങ്ങൾ നൽകാനാകും. **ഇതിനായി 120 കോടി രൂപ വകയിരുത്തുന്നു.**

167. **ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതിക്കായി 7 കോടി രൂപ അനുവദിക്കുന്നു.**

168. **ഇന്നവേഷൻ ആക്സിലറേഷൻ പ്രോഗ്രാമിനായി 7 കോടി രൂപ വകയിരുത്തുന്നു.**

169. **ചെറുകിട ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് വിവിധങ്ങളായ സഹായങ്ങൾ നൽകുന്നതിന് 20 കോടി രൂപ അനുവദിക്കുന്നു.**

170. സൂക്ഷ്മ യൂണിറ്റുകൾ ചെറുകിട യൂണിറ്റായും, ചെറുകിട യൂണിറ്റുകൾ ഇടത്തരം യൂണിറ്റുകളായും ഉയർത്തുന്നതിനുള്ള ധനസഹായമായി 11.40 കോടി രൂപ അനുവദിക്കുന്നു.

171. സംസ്ഥാനത്ത് നാനോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇത്തരം സംരംഭകരുടെ വായ്പാധിഷ്ഠിത പ്രൊജക്റ്റുകൾക്ക് മാർജ്ജിൻ മണി ഗ്രാന്റ് നൽകാൻ പദ്ധതിയിടുന്നു. 10 ലക്ഷം രൂപ വരെ പ്രവർത്തന മൂലധനമുള്ള പദ്ധതികൾക്കാണ് മാർജിൻ മണി അനുവദിക്കുന്നത്. പദ്ധതിയിൽ അംഗവൈകല്യമുള്ളവർ, വിമുക്തഭടന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം എന്നിവർക്ക് മുൻഗണന നൽകും.

172. നാനോ യൂണിറ്റുകൾക്ക് 2.25 കോടി രൂപ മാർജ്ജിൻ മണി ഗ്രാന്റായും 1 കോടി രൂപ പലിശ സഹായമായും വകയിരുത്തുന്നു.

173. കയറ്റുമതി പ്രോത്സാഹന സഹായമായി 2.30 കോടി രൂപ അനുവദിക്കുന്നു.

174. സംസ്ഥാനത്ത് കൂടുതൽ തൊഴിൽ പാർക്കുകൾ ആരംഭിക്കേണ്ടത് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് അനിവാര്യമാണ്. സർക്കാർ നേതൃത്വത്തിലുള്ള

വ്യവസായ പാർക്കുകൾ കൊണ്ടു മാത്രം നിലവിലെ അവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ കഴിയുകയില്ല. ഇതിനൊരു പരിഹാരമാർഗ്ഗമായി സ്വകാര്യ വ്യവസായ പാർക്കുകൾ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നു. **ഇതിനായി 20 കോടി രൂപ നീക്കി വയ്ക്കുന്നു.**

175. **പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യം ഒരുക്കാൻ 7 കോടി രൂപ നീക്കി വയ്ക്കുന്നു.**

176. **സ്റ്റാർട്ടപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 6.5 കോടി രൂപ വകയിരുത്തുന്നു.**

177. **സംസ്ഥാന സഹായത്തോടെയുള്ള ക്ലസ്റ്റർ വികസന പരിപാടികൾക്കായി 4.4 കോടി രൂപ വകയിരുത്തുന്നു.**

178. **ടെക്സ്ഫെഡിന്റെ പുനരുജ്ജീവന പദ്ധതിക്കായി 15 കോടി രൂപ അനുവദിക്കുന്നു.**

**പരമ്പരാഗത വ്യവസായം**

179. കോവിഡ് പ്രതിസന്ധി മൂലം സർക്കാർ വരുമാനം ഗണ്യമായി കുറഞ്ഞ സാഹചര്യത്തിലും നമ്മുടെ പരമ്പരാഗത മേഖലയ്ക്ക് മുന്തിയ പരിഗണന നൽകുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

180. ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾ ജീവനോപാധികൾ നഷ്ടപ്പെട്ട അവസ്ഥയിലാണ്. ഇവക്ക് പ്രവർത്തന മൂലധനവും ആധുനികവത്കരണത്തിനുള്ള മൂലധന സഹായവും, പലിശ സഹായവും നൽകേണ്ടതുണ്ട്.

**ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി 7 കോടി രൂപ വകയിരുത്തുന്നു.**

181. കേരള സ്റ്റേറ്റ് കാഷ്യു ഡവലപ്മെന്റ് കോർപ്പറേഷന് 6 കോടി രൂപയും കാപെക്സിന് 4 കോടി രൂപയും, കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷന് 7.15 കോടി രൂപയും കേരള കാഷ്യു ബോർഡിന് 40.85 കോടി രൂപയും ഉൾപ്പെടെ **ആകെ 58 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തുന്നു.** നൂതനമായ അൾട്രാ-ഹൈഡെൻസിറ്റി കശുമാവ് നടീൽ രീതി അവലംബിച്ച് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കാനുള്ള പുതിയ പദ്ധതിക്ക് 7 ലക്ഷം രൂപ അനുവദിക്കും.

182. **കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശ ഇളവ് നല്കാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 30 കോടി രൂപ അനുവദിക്കുന്നു.** സ്വകാര്യ കശുവണ്ടി വ്യവസായ മേഖല പൂർണ തോതിൽ പ്രവർത്തന സജ്ജമാകുന്നതിന് ഈ പദ്ധതികൾ സഹായകരമാകും.

183. **കഴിഞ്ഞ ബജറ്റിൽ 112 കോടി രൂപയാണ് കയർ വ്യവസായ മേഖലക്ക് വകയിരുത്തിയിരുന്നത്. ഇത് 117 കോടി രൂപയായി ഉയർത്തുന്നു.**

184. ഫൈബർ ഉൽപന്നങ്ങളിൽ നിന്നുള്ള വിലമത്സരത്തെ അതിജീവിച്ച് ഗുണ നിലവാരമുള്ളതും വൈവിധ്യമാർന്നതുമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് ആഗോളതലത്തിലുള്ള ഡിമാൻഡ് നിറവേറ്റാൻ കഴിയുന്ന തരത്തിൽ കയർ മേഖലയെ പ്രാപ്തമാക്കും. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി സംസ്ഥാനത്തെ **കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 10 കോടി രൂപയും, സഹകരണ മേഖലയ്ക്ക് 12 കോടി രൂപയും, സംരംഭകർക്കായി 20 കോടി രൂപയും ഉൾപ്പെടെ ആകെ 42 കോടി രൂപ വകയിരുത്തുന്നു.**

185. കയർ മേഖലയിലെ സാങ്കേതിക ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി നടപ്പ് വർഷം 8 കോടി രൂപ വകയിരുത്തുന്നു.

186. കയർ മേഖലയിൽ ഒരു വിപണനകേന്ദ്രം ആരംഭിക്കുന്നതിന് ആവശ്യമായ മാർക്കറ്റിംഗ്, പ്രചരണം, വ്യാപാര പ്രദർശനങ്ങൾ എന്നിവയ്ക്കായുള്ള സഹായമായി 10 കോടി രൂപ വകയിരുത്തുന്നു.

187. കയർ ഉൽപ്പന്നങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ നേരിട്ട് ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. **കയർ നാരുകൾ, നൂല്, കയർ ഉൽപ്പന്നങ്ങൾ എന്നിവയുടെ വിലസ്ഥിരത ഉറപ്പ് വരുത്തുന്നതിനുള്ള വില സ്ഥിരതാ ഫണ്ടിനായി 38 കോടി രൂപ വകയിരുത്തുന്നു.**

## ഖാദി-ഗ്രാമ വ്യവസായം

188. കേരളത്തിലെ ഖാദിയുടെ ആകെ വിൽപ്പനയുടെ 30 ശതമാനവും ഖാദി പട്ടാണ്. എന്നാൽ ഖാദി പട്ടിന്റെ ഉത്പാദനം സംസ്ഥാനത്ത് പരിമിതമാണ്. ഖാദിസിൽക്ക് നെയ്ത്ത് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനായി പദ്ധതി തയ്യാറാക്കും.

189. **ഖാദി വ്യവസായത്തിന്റെ സമഗ്ര വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷം 16.10 കോടി രൂപ വകയിരുത്തുന്നു.**

## കൈത്തറി - യന്ത്രത്തറി മേഖല

190. കൈത്തറി-യന്ത്രത്തറി മേഖലയിൽ സാങ്കേതിക വിദ്യാ നവീകരണവും അതുവഴി മൂല്യവർദ്ധിത ഉൽപാദനവും വലിയ നിലയിൽ സാധ്യമാക്കേണ്ടതുണ്ട്. ഉൽപന്നങ്ങളുടെ വിപണനത്തെ സഹായിക്കുന്നതിനായി മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകാൻ ലക്ഷ്യമിടുന്നു. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി **കൈത്തറി മേഖലയ്ക്ക് 40.56 കോടി രൂപയും യന്ത്രത്തറി മേഖലയ്ക്ക് 16.17 കോടി രൂപയും വകയിരുത്തുന്നു. കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്ക് അനുവദിക്കുന്ന 140 കോടി രൂപ ഇതിനു പുറമേയുള്ളതാണ്.**

**കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (KSIDC)**

191. **KSIDC-യ്ക്ക് നടപ്പ് സാമ്പത്തികവർഷം 113 കോടി രൂപ വകയിരുത്തുന്നു.** ഈ തുകയിൽ ചുവടെ പറയുന്ന പദ്ധതികൾ കൂടി ഉൾപ്പെടുന്നതാണ്.

1. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സംരംഭങ്ങൾക്കും ഓൺലൈൻ ക്ലിയറൻസ് സംവിധാന പദ്ധതികൾക്കുമായി 14 കോടി രൂപ.

2. മെഡിക്കൽ ഡിവൈസ് പാർക്ക് പദ്ധതിയുടെ നിലവിലെ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് 25 കോടി രൂപ.

3. ഇൻകുബേഷൻ, ടെക്ക് ബിസിനസ് ഇൻകുബേറ്റർ എന്നിവയ്ക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും മറ്റുമായി 5 കോടി രൂപ.

192. **മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയുടെ കീഴിൽ ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് കുറഞ്ഞത് 100 സ്റ്റാർട്ടപ്പുകൾക്കും MSME-കൾക്കുമായി ഒരു അപേക്ഷകന് 2 കോടി രൂപ വീതം KSIDC മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.** പ്രസ്തുത പദ്ധതിയ്ക്ക് 3 ശതമാനം പലിശ ഇളവ് നൽകുന്നതിനായി നടപ്പ് വർഷം 6 കോടി രൂപ വകയിരുത്തുന്നു.

193. കാസറഗോഡ് KSIDC-യുടെ കീഴിലുള്ള 1.99 ഏക്കർ സ്ഥലത്ത് പുതുതായി വ്യവസായം ആരംഭിക്കുന്നതിനായി KSIDC -യ്ക്ക് 2.5 കോടി രൂപ അനുവദിക്കും.

194. കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിന് സമീപം വ്യവസായ യൂണിറ്റുകൾക്കും സ്റ്റാർട്ടപ്പുകൾക്കും ഇൻകുബേറ്ററുകൾക്കുമായി 2.5 കോടി രൂപ വകയിരുത്തുന്നു.

195. തിരുവനന്തപുരം തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിന്റെ ആകെ പദ്ധതി ചെലവ് 374 കോടി രൂപയാണ്. ഇതിൽ ബയോടെക് ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിന് 12 കോടി രൂപയുടെ ധനസഹായത്തിന് ഭാരത സർക്കാരിന്റെ ബയോടെക്നോളജി വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

## കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KINFRA)

196. **2022-23 സാമ്പത്തിക വർഷത്തിൽ വിവിധ പ്രവർത്തനങ്ങൾക്കായി KINFRA-യ്ക്ക് 332.53 കോടി രൂപ വകയിരുത്തുന്നു.**

197. കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിയിൽ ഗിഫ്റ്റ് സിറ്റി, വ്യവസായ ഇടനാഴി എന്നീ രണ്ട് വ്യവസായ ശൃംഖലകളിലായി പതിനായിരം കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. 22,000 പേർക്ക് നേരിട്ടും 80,000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിയ്ക്ക് ആവശ്യമായ 2000 ഏക്കർ ഭൂമിയിൽ 1000 ഏക്കർ സംസ്ഥാന പ്ലാൻ വിഹിതം

ഉപയോഗിച്ചും 1000 ഏക്കർ KIIFB-യുടെ ധനസഹായം ഉപയോഗിച്ചുമാണ് ഏറ്റെടുക്കുന്നത്.

## പൊതുമേഖലാ യൂണിറ്റുകൾ

198. പൊതുമേഖലാ യൂണിറ്റുകളുടെ പുനരുജ്ജീവനത്തിന് അഞ്ചിന പരിപാടികൾ മുന്നോട്ട് വയ്ക്കുന്നു.

I. ഒറ്റത്തവണ മൂലധന സഹായത്തോടെ പുനരുജ്ജീവിപ്പിക്കേണ്ട ടെക്സ്റ്റൈൽ മേഖല ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വ്യവസായ വകുപ്പ് 'റിയാബ് ' മുഖേന കണ്ടെത്തിയിട്ടുണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ ആരംഭിച്ചതും, നിലവിൽ നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ പൂർത്തീകരണത്തിനായി നടപ്പുവർഷം 262.01 കോടി രൂപ വകയിരുത്തുന്നു.

II. തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറി പുറംതള്ളുന്ന മലിന ജലത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിനായി 23 കോടി രൂപ അനുവദിക്കുന്നു.

III. പവർ ഇലക്ട്രോണിക്സ്, പ്രതിരോധ ഇലക്ട്രോണിക്സ് സംവിധാനങ്ങൾ, ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം എന്നീ പുതിയ പദ്ധതികൾക്കായി കെൽട്രോണിന് 15 കോടി രൂപ അനുവദിക്കുന്നു.

IV. ന്യൂസ് പ്രിന്റ് ഉൽപാദനം പുനരാരംഭിക്കുന്നതിനും മേൽത്തരം പേപ്പർ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതുൾപ്പടെയുള്ള വൈവിധ്യവൽക്കരണത്തിനുമായി

**കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് 20 കോടി രൂപ അനുവദിക്കുന്നു.**

V. സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള മികച്ച പൊതുമേഖലാ സ്ഥാപനങ്ങൾക്കും വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിംഗിനും അവാർഡുകൾ ഏർപ്പെടുത്തും.

199. **പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള അവാർഡിനായി 60 ലക്ഷം രൂപയും വ്യക്തിഗത അവാർഡിനായി 20 ലക്ഷം രൂപയും വകയിരുത്തുന്നു.**

## വിവര സാങ്കേതിക വിദ്യ

200. **2022-23 വർഷം വിവര സാങ്കേതിക മേഖലയ്ക്കായി 559 കോടി രൂപ നീക്കിവയ്ക്കുന്നു. ഇത് മുൻ വർഷത്തേക്കാൾ 34 കോടി രൂപ അധികമാണ്.** ഇതിൽ കെ.എസ്.ഐ.റ്റി.ഐ.എൽ.-നുള്ള നബാർഡ് സഹായമായ 31.08 കോടി രൂപയും ഉൾപ്പെടുന്നുണ്ട്.

201. **കേരള സ്റ്റേറ്റ് ഐ.ടി മിഷന് ഇ-ഗവേണൻസ് പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 131.62 കോടി രൂപ അനുവദിക്കുന്നു.**

202. 55,000 ചതുരശ്ര അടിയിൽ നിർമ്മിച്ചിട്ടുള്ള ഇ-ഗവേണൻസ് കേന്ദ്രത്തിന്റെ അവശേഷിക്കുന്ന പ്രവർത്തികൾക്കായി നടപ്പ് വർഷം 3.75 കോടി വകയിരുത്തുന്നു.

203. **കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന് നടപ്പുവർഷം ഇനി പറയുന്ന പ്രവർത്തനങ്ങൾക്കായി 127.47 കോടി വകയിരുത്തുന്നു.**

204. **സംസ്ഥാനത്ത് നിലവിലുള്ള രണ്ട് ഡാറ്റാ സെന്ററുകളുടെ പ്രവർത്തനങ്ങൾക്കായി 53 കോടി രൂപ വകയിരുത്തുന്നു.**

205. ഗവൺമെന്റ് ടു ഗവൺമെന്റ്, ഗവൺമെന്റ് ടു സിറ്റിസൺ സേവനങ്ങൾ ഒരു സുരക്ഷിത ഇൻട്രാനെറ്റിലൂടെ സാധ്യമാക്കുന്ന **കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN)-ന് വേണ്ടി നടപ്പ് വർഷം 17 കോടി രൂപ നീക്കി വയ്ക്കുന്നു.**

206. **സർക്കാർ സേവനങ്ങൾ വേഗത്തിൽ പൊതുജന ങ്ങളിലേക്ക് എത്തിക്കുന്നതിനു വേണ്ടി, സംസ്ഥാന ത്തുടനീളം 2000 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്നതാണ്.** കെ-ഫൈ നെറ്റ് വർക്കിലൂടെ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുക, വൈ-ഫൈ കവറേജ് വർദ്ധിപ്പിക്കുക, തീരദേശ മത്സ്യ ബന്ധന ഗ്രാമങ്ങളിലും, പിന്നാക്ക ആദിവാസി മേഖലകളിലും വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുക മുതലായവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. നിലവിൽ സംസ്ഥാനത്തുടനീളം 2023 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി 44000 ഉപഭോക്താക്കൾക്ക് പ്രതിദിനം 8 ടെറാ ബൈറ്റ് ഡാറ്റ ഉപയോഗിക്കാനാകും. പദ്ധതിക്കായി നടപ്പ് വർഷം 16 കോടി രൂപ വകയിരുത്തുന്നു.

207. സർക്കാർ വകുപ്പുകളിൽ വിവിധ ഇ-ഗവേണൻസ് പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും പരിപാലിക്കുന്നതിനുമായി ജീവനക്കാർക്ക് വിപുലവും സവിശേഷവുമായ ഐ.റ്റി, ഇ-ഗവേണൻസ് പരിശീലനം നൽകുന്നതിനും ഇ-ഗവേണൻസ് സംരംഭങ്ങൾ മുന്നോട്ട് കൊണ്ട് പോകുന്നതിനുമായി വകുപ്പുകളിൽ വെർച്വൽ ഐ.റ്റി. കേഡർ ടീമുകൾ രൂപീകരിക്കും. പദ്ധതിക്കായി 44 ലക്ഷം രൂപ വകയിരുത്തുന്നു.

208. നൂതന ഗവേഷണവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുക, ഡിജിറ്റൽ സാങ്കേതിക വിദ്യ വഴി വ്യവസായ, വിദ്യാഭ്യാസ മേഖലകളുടെ സഹകരണം ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഡിജിറ്റൽ സർവ്വകലാശാല സ്ഥാപിച്ചത്. **ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് 26 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ കേരളത്തിൽ പതിനൊന്ന് പുതിയ മികവിന്റെ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായുള്ള 22 കോടി രൂപയും ഉൾപ്പെടുന്നു.

**ഐ.ടി പാർക്കുകൾ**

209. **ടെക്നോപാർക്കിന്റെ സമഗ്ര വികസനത്തിനായി 26.6 കോടി രൂപ വകയിരുത്തുന്നു.**

210. **ഇൻഫോപാർക്കിന് ഭൂമി ഏറ്റെടുക്കലിനും, അടിസ്ഥാന സൗകര്യ വികസനത്തിനും, മാർക്കറ്റിങ്ങിനുമായി 35.75 കോടി രൂപ വകയിരുത്തുന്നു.**

211. **സൈബർ പാർക്കിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 12.83 കോടി രൂപ വകയിരുത്തുന്നു.**

212. **കെ.എസ്.ഐ.റ്റി.ഐ.എൽ–ന്റെ പ്രവർത്തനങ്ങൾക്കായി 201.09 കോടി രൂപ വകയിരുത്തുന്നു.**

213. **എയ്റോസ്പേസ്, പ്രതിരോധം എന്നിവയുമായി ബന്ധപ്പെട്ട് ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഒരു മികവിന്റെ കേന്ദ്രം സൃഷ്ടിക്കുന്നതിനായി പള്ളിപ്പുറം ടെക്നോസിറ്റിയിൽ 20 ഏക്കർ സ്ഥലം സർക്കാർ കെ.എസ്.ഐ.ടി.ഐ.എൽ.–ന് അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കായി 50.59 കോടി രൂപ വകയിരുത്തുന്നു.**

214. സംസ്ഥാനത്തെ പൗരന്മാർക്കും 30,000 –ത്തോളം സർക്കാർ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കാനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യ ഇന്റർനെറ്റ് സേവനം നൽകുവാനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് കെ–ഫോൺ. പദ്ധതിയുടെ ആദ്യ ഘട്ടം 2022 ജൂൺ 30 –ന് പൂർത്തിയാകും. 1532 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. ഇതിൽ 823 കോടി രൂപ കിഫ്ബി വിഹിതമാണ്. ബാക്കി തുക സംസ്ഥാന സർക്കാരും, കെ.എസ്.ഇ.ബി –യും ചേർന്ന് വഹിക്കുന്നതാണ്. **2022 –23 വർഷം സംസ്ഥാന സർക്കാരിന്റെ ആനുപാതിക വിഹിതമായി 125 കോടി രൂപ വകയിരുത്തുന്നു.**

## കേരളാ സ്റ്റാർട്ടപ്പ് മിഷൻ

215. 2022–23 ൽ സ്റ്റാർട്ടപ്പ് മിഷന് 90.52 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 20 കോടി രൂപ കൊച്ചി ടെക്നോളജി ഇന്നവേഷൻ സോണിനും, 70.52 കോടി രൂപ യുവ സംരംഭകത്വ വികസന പദ്ധതിക്കും നീക്കി വയ്ക്കുന്നു.

216. നീതി ആയോഗിന്റെ കണക്കുകൾ പ്രകാരം രാജ്യത്തെ സ്റ്റാർട്ടപ്പുകളുടെ പ്രകടനത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. ഐ.റ്റി അധിഷ്ഠിത സ്റ്റാർട്ടപ്പുകളാണ് സംസ്ഥാനത്ത് കൂടുതലുള്ളത്. ഉൽപ്പാദന രംഗത്ത് സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു.

217. വിവിധ മേഖലകളിൽ കേരളമാർജ്ജിച്ചിട്ടുള്ള ശക്തിയുടെ അടിസ്ഥാനത്തിൽ മേഖല തിരിച്ച് ഗ്രീൻഷൂവിൽ 250 കോടി രൂപയുടെ പരിധി നിശ്ചയിച്ചുകൊണ്ട് സ്റ്റാർട്ടപ്പ്കൾക്ക് സംരംഭക മൂലധന ഫണ്ട് സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നു.

## സ്റ്റാർട്ടപ്പ് ഉൽപ്പന്നങ്ങൾക്ക് സർക്കാർ വിപണി

218. സ്റ്റാർട്ട് അപ്പ് മിഷനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ വകുപ്പുകളിലെ വാങ്ങലുകളിൽ സ്റ്റാർട്ടപ്പുകൾക്ക് മുൻഗണന നൽകും. ഇതിന് ആവശ്യമായ ഭേദഗതികൾ സ്റ്റോർ പർച്ചേസ് മാന്വലിൽ വരുത്തുന്നത് പരിഗണിക്കും. സ്റ്റാർട്ട് അപ് ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഒരു വെബ് പോർട്ടൽ വികസിപ്പിക്കും.

## മേഖലാധിഷ്ഠിത ഫണ്ട് ഓഫ് ഫണ്ട് രൂപീകരണം

219. നിലവിലെ ഫണ്ട് ഓഫ് ഫണ്ട് സംവിധാനം വ്യത്യസ്ത മേഖലകളുടെ അടിസ്ഥാനത്തിൽ വിപുലീകരിക്കും. കൃഷി, ഭക്ഷ്യസംസ്കരണം, ആരോഗ്യം, ഹാർഡ് വെയർ ഉൽപ്പാദനം, സ്പേസ് ടെക്നോളജി എന്നീ രീതിയിൽ

പ്രത്യേകമായ ഫണ്ട് ഓഫ് ഫണ്ട് രൂപീകരിക്കുന്നതിനായി നടപ്പുവർഷം **20** കോടി രൂപ മാറ്റിവെയ്ക്കും.

## സ്റ്റാർട്ട് അപ്പുകൾക്ക് പ്രവർത്തനമൂലധന സഹായം

220. സ്റ്റാർട്ടപ്പുകളുടെ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കായി പുതിയ പദ്ധതി ആവിഷ്കരിക്കും. കെ.എഫ്.സി, കെ.എസ്.എഫ്.ഇ, കേരള ബാങ്ക് എന്നിവയുടെ സഹകരണത്തിൽ ലളിതമായ വ്യവസ്ഥകളോടെ തുക അനുവദിക്കും.

## ഗതാഗത മേഖല

221. **ഗതാഗത മേഖലയുടെ ആകെ ബജറ്റ് വിഹിതം മുൻവർഷത്തെ 1444.25 കോടിയിൽ നിന്നും 1788.67 കോടിയായി ഉയർത്തുന്നു.** തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ, ഷിപ്പിംഗ് മേഖല എന്നിവയ്ക്കായി 80.13 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 69.03 കോടി രൂപ തുറമുഖ വകുപ്പിന്റെ വിഹിതമായിരിക്കും.

## തീരദേശ ഷിപ്പിംഗ് വികസനം

222. റോഡ് മാർഗമുള്ള ചരക്ക് നീക്കത്തിന്റെ 20% തീരദേശ ഷിപ്പിങ്ങിലേക്ക് വഴി തിരിച്ച് വിടുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സുപ്രധാന പദ്ധതിയാണ് തീരദേശ ഷിപ്പിംഗ്. തീരദേശ യാത്രാ ഗതാഗത പദ്ധതിക്കായുള്ള ബജറ്റ് വിഹിതം 10 കോടി രൂപയായി ഉയർത്തുന്നു.

223. **അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം, പൊന്നാനി തുടങ്ങിയ തിരഞ്ഞെടുത്ത തുറമുഖങ്ങളിൽ സുസ്ഥിര ചരക്ക് നീക്കത്തിനും യാത്രാ ഗതാഗതത്തിനുമുള്ള അടിസ്ഥാന**

**സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 41.51 കോടി രൂപ വകയിരുത്തുന്നു.**

224. **വിഴിഞ്ഞം കാർഗോ തുറമുഖം, തങ്കശ്ശേരി തുറമുഖം എന്നിവയുടെ വികസനത്തിനായി 10 കോടി രൂപ വീതം വകയിരുത്തുന്നു.**

225. തീരദേശ യാത്രാ ടെർമിനലോടുകൂടി ആലപ്പുഴ തുറമുഖത്തെ ഒരു സമുദ്ര വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുന്നതിനായി 2.5 കോടി രൂപ വകയിരുത്തുന്നു.

226. പ്രതിവർഷം നടക്കുന്ന ചരക്ക് നീക്കത്തിന്റെയും യാത്രക്കാരുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ തുറമുഖമാണ് ബേപ്പൂർ തുറമുഖം. കോവിലകത്ത് ഗോഡൗൺ നിർമ്മാണം, ചാനൽ, ബേസിൻ എന്നിവയുടെ ഡ്രെഡ്ജിംഗ്, 200 മീറ്റർ വാർഫ് നിർമ്മാണം എന്നിവക്കായി **15 കോടി രൂപ വകയിരുത്തുന്നു.**

**പൊതുമരാമത്ത്**

**തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്**

227. എൻ.എച്ച്-66-ൽ പാരിപ്പള്ളിക്ക് സമീപം നാവായിക്കുളത്തു നിന്നുമാരംഭിച്ച് വിഴിഞ്ഞം ബൈപ്പാസിലവസാനിക്കുന്ന തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് തിരുവനന്തപുരം നഗരത്തിലേക്ക് വരുന്ന ഏകദേശം എല്ലാ പ്രധാന റോഡുകളേയും ബന്ധിപ്പിച്ചു കൊണ്ട് കടന്നു പോകുന്നു. തേക്കടയിൽ നിന്നും മംഗലപുരത്തേക്കുള്ള ലിങ്ക് റോഡുൾപ്പെടെ 78.880 കി.മീ നീളമുള്ള ഈ റോഡ് ഇപ്പോൾ നാലുവരിപ്പാതയായും ആവശ്യം വന്നാൽ

ഭാവിയിൽ ആറ് വരിപ്പാതയായും വികസിപ്പിക്കാവുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഭാരത് മാല പര്യോജന പദ്ധതിയിലുൾപ്പെടുത്തി ഇതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അംഗീകാരം നൽകിയിട്ടുണ്ട്. **4500 കോടി രൂപ ആകെ ചെലവ് കണക്കാക്കുന്ന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന്റെ പകുതി ചെലവ് സംസ്ഥാനമാണ് വഹിക്കുന്നത്. ഇത് ഏകദേശം 1000 കോടി രൂപയാണ്. കിഫ്ബി മുഖേന ഈ തുക നൽകുന്നതാണ്.**

**റോഡുകളും പാലങ്ങളും**

228. **റോഡുകൾക്കും പാലങ്ങൾക്കുമായി ആകെ 1207.23 കോടി രൂപ വകയിരുത്തുന്നു.** പ്രധാന ജില്ലാ റോഡുകളുടെ വികസനത്തിനും പരിപാലനത്തിനുമായി 62.5 കോടി രൂപ വകയിരുത്തുന്നു.

229. സർക്കാർ ഉടമസ്ഥതയിലുള്ള ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനിയുടെ ആദ്യ സംരംഭമായി സംസ്ഥാന-ദേശീയ പാതയ്ക്ക് സമീപം അന്താരാഷ്ട്ര നിലവാരത്തിൽ റെസ്റ്റ് സ്റ്റോപ്പ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. സ്റ്റേഷനുകൾ, വാഹന പരിപാലന കേന്ദ്രങ്ങൾ, ക്ലിനിക്കുകൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിനായി 2022-23 വർഷത്തിൽ 2 കോടി രൂപ വകയിരുത്തുന്നു.

230. പുതിയ സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തരിയാക്കിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ റോഡ് നിർമ്മാണത്തിനായി ഉപയോഗിച്ച് വരുന്നു. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ 421 ടൺ പ്ലാസ്റ്റിക് കലർത്തി 298 കി.മീ

റോഡും റബ്ബർ കലർന്ന ബിറ്റുമിൻ ഉപയോഗിച്ച് 1700 കി.മീ റോഡും നിർമ്മിച്ചു കഴിഞ്ഞു. മാത്രവുമല്ല കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണുറപ്പിച്ച് 19.1 കി.മീ റോഡും നിർമ്മിച്ചിട്ടുണ്ട്. ഇത്തരം നവീന സാങ്കേതിക വിദ്യകൾ റോഡ് നിർമ്മാണത്തിൽ തുടർന്നും പ്രയോജനപ്പെടുത്തുന്നതാണ്.

231. ദീർഘകാല ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ട് ഔട്ട്പുട്ട് ആന്റ് പെർഫോമൻസ് ബേസ്ഡ് റോഡ് മെയിന്റനൻസ് കോൺട്രാക്ട് (OPBRMC) നടപ്പിലാക്കുന്നതാണ്. ഇത്തരം കരാറുകൾ കുറഞ്ഞത് 7 വർഷത്തെ മെയിന്റനൻസും ഉറപ്പു വരുത്തുന്നു. അതുപോലെ തന്നെ പരിപാലന കാലയളവിന് ശേഷം റോഡുകളിലുണ്ടാകുന്ന കുണ്ടും കുഴികളും കാലതാമസമില്ലാതെ നന്നാക്കുന്നതിലേക്ക് റണ്ണിംഗ് കോൺട്രാക്ട് സംവിധാനവും നടപ്പിലാക്കി വരുന്നു.

232. പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേർണൻസിന്റെ ഭാഗമായി പദ്ധതി നിർവ്വഹണമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും 'പ്രൈസ് സോഫ്റ്റ് വെയർ' മുഖേനയാണ് നിലവിൽ നിർവ്വഹിക്കുന്നത്. ഇത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ നീക്കങ്ങൾ കൂടി പ്രൈസ് സോഫ്റ്റ് വെയറിലേക്ക് കൊണ്ടു വരാനുദ്ദേശിക്കുന്നു. ഇതു വഴി ഫയൽ നീക്കം കൂടുതൽ സുതാര്യമാവുകയും കാലതാമസം ഒഴിവാകുകയും ചെയ്യും. കൂടാതെ പൊതുമരാമത്ത് വകുപ്പിൽ പദ്ധതികളുടെ അവലോകനത്തിനും ശരിയായ മാനേജ്മെന്റിനും വേണ്ടി ഒരു പ്രോജക്ട് മോണിറ്ററിംഗ് സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതുമാണ്.

233. കെട്ടിട നിർമ്മാണത്തിനായി പ്രീ-ഫാബ് ടെക്നോളജി ഉൾപ്പെടെ കാലാനുസൃതമായ പുതിയ സാങ്കേതിക

വിദ്യകൾ ഉപയോഗിക്കും. കെട്ടിട നിർമ്മാണ രംഗത്ത് കേരളത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും കണക്കിലെടുത്ത് ആർക്കിടെക്ചറൽ രീതികൾ മെച്ചപ്പെടുത്തും.

234. സർക്കാർ വകുപ്പുകൾ നടത്തുന്ന എല്ലാ പ്രധാനപ്പെട്ട നിർമ്മാണ പ്രവൃത്തികളുടെയും ഗുണനിലവാരവും സുരക്ഷയും ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. പദ്ധതികളുടെ ഡിസൈൻ, സാങ്കേതികാനുമതി, നിർമ്മാണം, പൂർത്തീകരണം എന്നീ ഘട്ടങ്ങളിൽ സ്വതന്ത്ര ഏജൻസികളെ ഉപയോഗപ്പെടുത്തി ടെക്നിക്കൽ ഇവാല്യുവേഷൻ നടത്തുന്നതിന് ലക്ഷ്യമിടുന്നു.

235. **പ്രളയം ബാധിച്ച പാലങ്ങളുടെ പുനർ നിർമ്മാണം 92.88 കോടി രൂപ ചെലവിൽ നടപ്പിലാക്കും.** നിർമ്മാണ ച്ചെലവുകളിലെ അന്യായമായ വർദ്ധന, അമിതമായ നിരക്കിൽ തയ്യാറാക്കപ്പെടുന്ന എസ്റ്റിമേറ്റുകൾ എന്നിവ സംബന്ധിച്ച് പരാതികൾ ഉയർന്നുവരുന്നത് പരിശോധിക്കും.

236. സംസ്ഥാനത്തെ ഏറ്റവും ഗതാഗതക്കുരുക്കുള്ള 20 ജംഗ്ഷനുകൾ കണ്ടെത്തും. ഈ ജംഗ്ഷനുകൾക്കായി വിശദമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കും. **പദ്ധതികളുടെ സ്ഥലമെടുപ്പ് ചെലവിനും പദ്ധതി ചെലവിനും കിഫ്ബിയിൽ നിന്ന് ധനസഹായം നൽകുന്നതാണ്. ഇതിനായി ഈ വർഷം 200 കോടി രൂപ വകയിരുത്തും.**

237. പ്രധാന നഗര-ഗ്രാമ കേന്ദ്രങ്ങളിലെ ട്രാഫിക് ചോക്ക് പോയിന്റുകൾ തിരിച്ചറിയുന്നതിന് ആവശ്യമായ ട്രാഫിക്

സർവേകൾ നടത്തും. ബൈപാസുകൾ ആവശ്യമായ പ്രധാന റോഡുകൾ നിർണയിക്കാൻ ഇത് സഹായിക്കും. **ആറ് ബൈപാസ്സുകൾ നിർമിക്കുന്നതിനും അതിനാവശ്യമായ സ്ഥലമെടുപ്പിനുമായി ഈ വർഷം 200 കോടി രൂപ കിഫ്ബിയിൽ വകയിരുത്തും.**

**ദേശീയപാതാ വികസനം**

238. കേരളത്തിൽ ആകെയുള്ള 1782 കിലോമീറ്റർ ദേശീയപാതയിൽ 1624 കിലോമീറ്റർ ദൂരവും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലാണ്. ഇതിൽ 25912 കോടി രൂപ ചെലവ് വരുന്ന 361 കിലോമീറ്റർ റോഡ് നിർമ്മാണം നടന്നു വരികയാണ്. 23114 കോടി രൂപയുടെ 188.69 കിലോമീറ്റർ റോഡ് നിർമ്മാണത്തിന് അനുമതി ലഭിച്ചുകഴിഞ്ഞു. 2022-23 ൽ 66635 കോടി രൂപയുടെ 904 കിലോമീറ്റർ റോഡ് നിർമ്മാണത്തിന് അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുൾപ്പടെ 1.31 ലക്ഷം കോടി രൂപയുടെ വിവിധ റോഡ് നിർമ്മാണ പ്രവർത്തനങ്ങളാണ് ദേശീയ പാത അതോറിറ്റിയുടെ കീഴിൽ പൂർത്തിയായി വരുന്നത്. ഈ പ്രവൃത്തികളിൽ ദേശീയപാത അതോറിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള റോഡുകളുടെ സ്ഥലമേറ്റെടുക്കലിന്റെ 25 ശതമാനം തുകയും മറ്റ് റോഡുകളുടെ സ്ഥലമേറ്റെടുക്കലിന്റെ 50 ശതമാനം തുകയും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

239. **തിരുവനന്തപുരം - അങ്കമാലി എം.സി റോഡിന്റെയും കൊല്ലം - ചെങ്കോട്ട റോഡിന്റെയും വികസനത്തിനായി കിഫ്ബി വഴി 1500 കോടി രൂപ അനുവദിക്കും.**

## കെ.എസ്.ആർ.ടി.സി

240. വരുമാനം വർദ്ധിപ്പിക്കുന്നതിനും അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ കൈക്കൊണ്ട് കെ.എസ്.ആർ.ടി.സി-യെ ലാഭത്തിലേക്കെത്തിക്കുക എന്നതാണ് സർക്കാരിനു മുന്നിലുള്ള വെല്ലുവിളി. കോവിഡിനു ശേഷം കടുത്ത പ്രതിസന്ധിയിലായ സ്ഥാപനത്തിന് നടപ്പ് സാമ്പത്തിക വർഷം ഇതുവരെ സഹായമായി 1822 കോടി രൂപ സർക്കാർ നൽകി. കോവിഡിനു ശേഷം പൂർണ്ണതോതിൽ ഗതാഗതം പുനസ്ഥാപിക്കപ്പെടുന്ന ഘട്ടത്തിൽ കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തന നഷ്ടം കുറച്ചു കൊണ്ടുവരാനുള്ള ഊർജിതമായ നടപടികളുണ്ടാകും. **കെ.എസ്.ആർ.ടി.സി.-യുടെ പുനരുജ്ജീവനത്തിനായി 1000 കോടി രൂപ വകയിരുത്തുന്നു.**

241. കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളെ നവീകരിക്കുന്നതിനും പൊതുജനങ്ങൾക്കും ജീവനക്കാർക്കുമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി 30 കോടി രൂപ വകയിരുത്തുന്നു.

242. കെ.എസ്.ആർ.ടി.സി.-യിലെ GPRS സംവിധാനം, ആസ്തി, ഫ്ലീറ്റ് മാനേജ്മെന്റ് മൊഡ്യൂളുകൾ, ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം, CCTV സ്ഥാപിക്കൽ എന്നിവക്കായി 20 കോടി രൂപ വകയിരുത്തുന്നു.

243. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 'കെ.എസ്.ആർ.ടി.സി. യാത്രാ ഫ്യൂവൽസ്' എന്ന പേരിൽ പൊതുമേഖല എണ്ണകമ്പനികളുമായി ചേർന്ന്

പൊതുജനങ്ങൾക്ക് ഇന്ധനം നിറയ്ക്കാവുന്ന 50 പുതിയ പെട്രോൾ, ഡീസൽ പമ്പുകൾ സ്ഥാപിക്കുന്നതാണ്.

244. പരിസ്ഥിതി സൗഹൃദമായ ഗതാഗത സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.റ്റി.സി യുടെ ഹൈസ്പീഡ് ഡീസൽ ബസ്സുകൾ സി.എൻ.ജി./ എൽ.എൻ.ജി./ഇലക്ട്രിക്കൽ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി 50 കോടി രൂപ അനുവദിക്കുന്നു.

245. ചെക്ക് പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായുള്ള 5 കോടി രൂപ ഉൾപ്പെടെ മോട്ടോർ വാഹന വകുപ്പിന് 2022-23 സാമ്പത്തിക വർഷത്തേക്ക് 44 കോടി രൂപ വകയിരുത്തുന്നു.

**ഇ-മൊബിലിറ്റി പ്രമോഷൻ ഫണ്ട്**

246. **സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ വാഹനം ഒന്നിന് 25000 മുതൽ 30000 വരെ ഇൻസെന്റീവ് ഇനത്തിൽ നല്കി 10000 ഇ-ഓട്ടോകൾ പുറത്തിറക്കാൻ സഹായം നല്കും.** നിലവിലുള്ള ഐ.സി.ഓട്ടോ എഞ്ചിനുകൾ ഇ-ഓട്ടോയിലേക്ക് മാറുന്നതിലേക്കായി വാഹനമൊന്നിന് 15000/- രൂപ റെട്രോ ഫിറ്റ്മെന്റ് സബ്സിഡിയായി നൽകും. പദ്ധതിയുടെ ഗുണഭോക്താക്കളിൽ 50% വനിതകളായിരിക്കും. **ഇതിനായി 15.55 കോടി രൂപ വകയിരുത്തുന്നു.**

247. എല്ലാ പൊതു ഗതാഗത വാഹനങ്ങളേയും ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനങ്ങൾ/എമർജൻസി ബട്ടൺ എന്നിവ വഴി 24 മണിക്കൂറും നിരീക്ഷണത്തിലാക്കും. നിർഭയ

ചട്ടക്കൂടിന് കീഴിൽ സ്ത്രീകളുടേയും പെൺകുട്ടികളുടേയും സുരക്ഷ മുൻ നിർത്തി നടപ്പിലാക്കുന്ന 'നിർഭയ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് പ്ലാറ്റ്ഫോം' പദ്ധതിക്ക് 4 കോടി രൂപ വകയിരുത്തുന്നു.

## ഉൾനാടൻ ജലഗതാഗത വകുപ്പ്

248. ഉൾനാടൻ ജലഗതാഗത മേഖലയിലെ വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാന ജലഗതാഗത വകുപ്പിന് 29.79 കോടി രൂപയും, കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന് 8.31 കോടി രൂപയും, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് 103.56 കോടി രൂപയും ഉൾപ്പെടെ ആകെ 141.66 കോടി രൂപ വകയിരുത്തുന്നു.

249. കടത്ത് സംവിധാനം വിപുലീകരിക്കുന്നതിനും പാസഞ്ചർ-കം-ടൂറിസ്റ്റ് നൗകകൾ, സോളാർ ബോട്ടുകൾ, സുരക്ഷിതമായ സൗകര്യങ്ങളോടുകൂടിയ പുതിയ യാത്രായാനങ്ങൾ എന്നിവ വാങ്ങുന്നതിനുമായി 24 കോടി രൂപ സംസ്ഥാന ജലഗതാഗത വകുപ്പിന് വകയിരുത്തുന്നു.

250. ഉൾനാടൻ കനാൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 76.55 കോടി രൂപ വകയിരുത്തുന്നു.

251. കൊച്ചി ജല മെട്രോ പദ്ധതി കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നു. ആകെ 682.01 കോടി രൂപ പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നു. കൊച്ചിയിലെ 16 റൂട്ടുകളിലെ 38 ജെട്ടികൾ ഉൾപ്പെടെ 76 കി.മീ ജലപാതയുടെ

വികസനമാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇതിനായി 150 കോടി രൂപ ലഭ്യമാക്കുന്നതാണ്.

252. **കൊച്ചി നഗരത്തിലെ യാത്രാ സൗകര്യം വർദ്ധിപ്പിക്കാനായി പുതിയ റോ-റോ സംവിധാനത്തിനായി 10 കോടി രൂപ അനുവദിക്കുന്നു.**

**K- റെയിൽ പദ്ധതി**

253. 63,941 കോടി രൂപ പ്രതീക്ഷിത ചെലവിൽ തിരുവനന്തപുരം മുതൽ കാസറഗോഡ് വരെ 529.4 കി.മീ നീളത്തിൽ അർദ്ധ അതിവേഗ റെയിൽവേ പാതയായ 'സിൽവർ ലൈൻ', കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും പൊതു ഓഹരി പങ്കാളിത്തത്തോടെയും ഉഭയകക്ഷി വായ്പയിലൂടെയും നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്ന് വരികയാണ്. സംസ്ഥാനത്ത് വലിയ വികസന കുതിപ്പുണ്ടാക്കുന്ന ഈ പദ്ധതിയ്ക്ക് അനുമതി എത്രയും പെട്ടെന്ന് കേന്ദ്രസർക്കാർ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ന് നിലവിലുള്ള ഏറ്റവും പരിസ്ഥിതിസൗഹൃദ യാത്രാസംവിധാനമാണ് ഇലക്ട്രിക് റെയിൽവേ.

254. പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ചെലവുകൾ യഥാർത്ഥ ചെലവിനനുസൃതമായി മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പ്രോജക്ടുകൾ (MIDP) എന്ന ശീർഷകത്തിലെ വിഹിതത്തിൽ നിന്ന്

വിനിയോഗിക്കുന്നതാണ്. **ഭൂമി ഏറ്റെടുക്കലിനുവേണ്ടി 2000 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിക്കും.**

255. 2022-23 കാലയളവിൽ നടപ്പിലാക്കേണ്ട മറ്റ് ഗതാഗത സംവിധാനങ്ങൾക്കായി 200.58 കോടി രൂപ വകയിരുത്തുന്നു.

**ഇടുക്കി, വയനാട്, കാസർഗോഡ് എയർ സ്ട്രിപ്പ്**

256. പ്രാരംഭ ഘട്ടത്തിലുള്ള ഈ പദ്ധതി സംബന്ധിച്ച് സാങ്കേതിക - സാമ്പത്തിക പഠനങ്ങൾ നടത്തേണ്ടതുണ്ട്. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ 'ഉഡാൻ' പദ്ധതി പ്രകാരമുള്ള സഹായവും പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾക്കും, ഡി.പി.ആർ തയ്യാറാക്കുന്നതിനും ഭൂമി ഏറ്റെടുക്കലിനുമായി 4.51 കോടി രൂപ വകയിരുത്തുന്നു.

**ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട്**

257. ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട് പദ്ധതിക്കും സാങ്കേതിക - സാമ്പത്തിക പഠനങ്ങളും പാരിസ്ഥിതിക ആഘാത പഠനങ്ങളും നടത്തേണ്ടതുണ്ട്. സാധ്യതാ പഠനത്തിനും ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 2 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു.

**ടൂറിസം മേഖലകളിൽ എയർ സ്ട്രിപ്പുകൾ**

258. **സംസ്ഥാനത്തെ വിവിധ ടൂറിസ്റ്റ് സ്പോട്ടുകളിലേക്ക് വ്യോമ മാർഗ്ഗം യാത്രചെയ്യുന്ന വിനോദസഞ്ചാരികളുടെ**

**സൗകര്യാർത്ഥം 20 മുതൽ 40 വരെ സീറ്റുകളുള്ള വിമാനങ്ങൾ, ഹെലികോപ്റ്ററുകൾ, ഡ്രോൺ അധിഷ്ഠിത ഗതാഗതം എന്നിവയ്ക്കായി എയർ സ്ട്രിപ്പുകളുടെ ഒരു ശൃംഖല സ്ഥാപിക്കാൻ ശ്രമങ്ങൾ ആരംഭിക്കും.**

259. ടെർമിനൽ കെട്ടിടത്തോട് കൂടിയ ഓരോ എയർ സ്ട്രിപ്പിനും ഏകദേശം 125 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ടെർമിനലിലെയും എയർ സ്ട്രിപ്പിലെയും നിക്ഷേപം കിഫ്ബി ഫണ്ടിൽ നിന്ന് കണ്ടെത്തും. പിപിപി മാതൃകയിലായിരിക്കും നെറ്റ്‌വർക്കിന്റെ പ്രവർത്തനം. പദ്ധതി പ്രാവർത്തികമാക്കുവാൻ അനുയോജ്യമായ നിക്ഷേപകരെ കണ്ടെത്തുന്നതിന്, ഒരു EOI പ്രസിദ്ധീകരിക്കും. പ്രീ-എൻജിനീയറിങ് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കാൻ അഞ്ച് കോടി രൂപ വകയിരുത്തുന്നു.

**വിനോദസഞ്ചാരം**

260. കോവിഡ് മഹാമാരി ടൂറിസം മേഖലയിൽ വലിയ തോതിലുള്ള തകർച്ചയാണ് ഉണ്ടാക്കിയത്. ടൂറിസം വീണ്ടും സജീവമാക്കാനും അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ടൂറിസം മേഖലയിലെ ചെറുകിട ഇടത്തരം പദ്ധതികൾക്കായി പലിശ കുറഞ്ഞ ലോണുകളും റിവോൾവിംഗ് ഫണ്ടും ഏർപ്പെടുത്തി. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട്, ലിറ്റററി സർക്യൂട്ട്

എന്നിവ നടപ്പിലാക്കാനുള്ള പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞു.

261. **വിനോദ സഞ്ചാര ഹബ്ബുകൾ, ഡെസ്റ്റിനേഷൻ ചലഞ്ച് പോലെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് 362.15 കോടി രൂപ നീക്കിവയ്ക്കുന്നു.** ഇത് മുൻ വർഷത്തേതിനേക്കാൾ 42 കോടി രൂപ അധികമാണ്. **പരിസ്ഥിതി സൗഹൃദവും സ്വയം പര്യാപ്തവുമായ 25 ടൂറിസം ഹബ്ബുകൾ 5 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് സജ്ജമാക്കും.**

262. വിനോദ സഞ്ചാര മേഖലയുടെ വിപണന തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനും മറ്റു പ്രചാരണ പ്രവർത്തനങ്ങൾക്കുമായി 81 കോടി രൂപ അനുവദിക്കുന്നു.

263. ടൂറിസം മേഖലയിലെ പരിശീലന പ്രവർത്തനങ്ങൾക്കായി 29.3 കോടി രൂപ വകയിരുത്തുന്നു.

264. **ഒരു പഞ്ചായത്ത് – ഒരു ഡെസ്റ്റിനേഷൻ പദ്ധതി,** ടൂറിസം മേഖലയിലേയ്ക്ക് സ്വകാര്യ സംരംഭകരെ ആകർഷിക്കാനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, നിലവിലെ ഡെസ്റ്റിനേഷനുകളുടെയും ഉൽപ്പന്നങ്ങളുടെയും നവീകരണവും പുനരുജ്ജീവനവും തുടങ്ങിയ പദ്ധതികൾക്കായി **132.14 കോടി രൂപ വകയിരുത്തുന്നു.**

265. ടൂറിസം മേഖലയുടെ പുനരുജ്ജീവനത്തിനും വികസനത്തിനുമായി 1000 കോടി രൂപയുടെ വായ്പകൾ

ലഭ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കും. പലിശ ഇളവ് നല്കുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു.

**ചാമ്പ്യൻസ് ബോട്ട് ലീഗ്**

266. കേരളത്തിന്റെ തനത് ടൂറിസം ആകർഷണമായ വള്ളംകളി വീണ്ടും സജീവമാകുകയാണ്. വള്ളം കളിയെ ലോകോത്തര കായിക ഇനമായി പരിവർത്തനം ചെയ്യുന്നതിനായി ഇന്ത്യൻ പ്രീമിയർ ലീഗിന്റെ മാതൃകയിൽ വിഭാവനം ചെയ്ത **ചാമ്പ്യൻസ് ബോട്ട് ലീഗ് 12 സ്ഥലങ്ങളിൽ നടത്തുന്നതിനായി 15 കോടി രൂപ വകയിരുത്തുന്നു.**

267. പുതിയ ടൂറിസ്റ്റുകളെ ആകർഷിക്കാനായി കാരവൻ ടൂറിസം പോലെയുള്ള പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. **കാരവൻ പാർക്കുകൾ ആരംഭിക്കാനും അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും 5 കോടി രൂപ വകയിരുത്തുന്നു.**

268. **തീർത്ഥാടന ടൂറിസം സർക്യൂട്ടുകൾ ശക്തിപ്പെടുത്തും.** ശബരിമല, അച്ചൻകോവിൽ ആര്യങ്കാവ്, കുളത്തുപ്പുഴ, കൊട്ടാരക്കര, പന്തളം, ചെങ്ങന്നൂർ, എരുമേലി സർക്യൂട്ടിനാവശ്യമായ വിപുലമായ പദ്ധതി തയ്യാറാക്കും.

269. കരയും കാടും കായലും നമ്മുടെ ടൂറിസം പദ്ധതികളിൽ സജീവമായി ഉൾപ്പെടുന്നുണ്ട്. എന്നാൽ ബീച്ച് ടൂറിസത്തിനപ്പുറം സമുദ്രയാത്രകൾ കൂടി നമ്മുടെ ടൂറിസം പദ്ധതികളിൽ പ്രാധാന്യത്തോടെ ഉൾപ്പെടുത്തേണ്ടതുണ്ട്.

270. കോവളം, കൊല്ലം, കൊച്ചി, ബേപ്പൂർ, മംഗലാപുരം, ഗോവ എന്നീ പ്രദേശങ്ങളെ കോർത്തിണക്കി ക്രൂയിസ് ടൂറിസം

ആരംഭിക്കുന്നത് ടൂറിസം മേഖലയ്ക്ക് വലിയ ഉണർവ്വുണ്ടാക്കും. ഈ പദ്ധതിയ്ക്കായി 5 കോടി രൂപ അനുവദിക്കുന്നു.

## പരിസ്ഥിതി

271. **നടപ്പുവർഷം പരിസ്ഥിതി മേഖലയിലെ വിവിധ പദ്ധതികൾക്കായി 27.45 കോടി രൂപ വകയിരുത്തുന്നു.**

272. **കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി വീടുകൾ താഴ്ന്നുപോകുന്ന മൺട്രോത്തുരുത്തിൽ മാതൃകാ വീട് നിർമ്മാണ പദ്ധതിക്കായി 2 കോടി രൂപ, കുട്ടനാട് മേഖലയിലെ പ്രത്യേക വീട് നിർമ്മാണ രീതികൾ എന്ന പൈലറ്റ് പദ്ധതിയ്ക്കായി 2 കോടി രൂപ, കാലാവസ്ഥാ വ്യതിയാന പഠനത്തിനും ഇടപെടലുകൾക്കുമായുള്ള പദ്ധതികൾക്കായി 5 കോടി രൂപ എന്നിവയുൾപ്പടെയുള്ള പദ്ധതികളാണ് നടപ്പിലാക്കുക.**

273. കേരളത്തിന്റെ ജൈവ വൈവിധ്യത്തെ സംരക്ഷിക്കുകയും സുസ്ഥിരമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.

274. കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും വളരെയധികം ബാധിക്കുന്ന കേരളത്തിൽ ഇതു സംബന്ധിച്ച് അവബോധമുണ്ടാക്കുന്നതിനും പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾക്കുമായി വിപുലമായ പരിപാടികൾ നടപ്പിലാക്കും. **ശാസ്ത്രീയ സേവനങ്ങൾക്കും ഗവേഷണങ്ങൾക്കുമുള്ള ആകെ അടങ്കൽ 220.77 കോടി രൂപയാണ്.**

**പൊതുവിതരണം**

275. **പൊതുവിതരണ മേഖലയ്ക്ക് 2022-23 ൽ ആകെ 2063.64 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 75.41 കോടി രൂപയുടെ പദ്ധതി വിഹിതവും ഉൾപ്പെടുന്നു.**

**സഞ്ചരിക്കുന്ന റേഷൻ കടകൾ**

276. **കേരളത്തിലെ എല്ലാ നിയമസഭ നിയോജക മണ്ഡലങ്ങളിലേയും പ്രധാന കേന്ദ്രങ്ങളിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കുന്നതാണ്.** പട്ടിക വിഭാഗങ്ങളിൽ പെട്ടവരും മത്സ്യതൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ മുഖേന റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം നടത്തുന്നതാണ്.

**വിദ്യാഭ്യാസം**

277. **വിദ്യാഭ്യാസമേഖലയ്ക്കായി 2022-23 വർഷത്തേക്കുള്ള സംസ്ഥാനത്തിന്റെ പദ്ധതി അടങ്കൽ 2546.07 കോടി രൂപയാണ്.** ഇതിൽ 1016.74 കോടി രൂപ സ്കൂൾ വിദ്യാഭ്യാസത്തിനും 452.67 കോടി രൂപ ഉന്നത വിദ്യാഭ്യാസത്തിനും 245.63 കോടി രൂപ സാങ്കേതിക വിദ്യാഭ്യാസത്തിനുമാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും 831 കോടി രൂപയും പ്രതീക്ഷിക്കുന്നുണ്ട്.

278. 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി ആരംഭിച്ചതിനെ തുടർന്ന് കഴിഞ്ഞ ആറ് വർഷത്തിനിടെ

10.48 ലക്ഷം കുട്ടികളാണ് പൊതുവിദ്യാലയങ്ങളിലേക്ക് പുതുതായി കടന്നുവന്നത്. 2022-23 ൽ പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 70 കോടി രൂപ വകയിരുത്തുന്നു.

279. **ഭിന്നശേഷി സൗഹൃദമായി വിദ്യാലയ അന്തരീക്ഷം ഒരുക്കുന്നതിനായി 15 കോടി രൂപ വകയിരുത്തുന്നു.**

280. കേരള എഡ്യുക്കേഷണൽ ഹിസ്റ്ററി മ്യൂസിയം-കം-ട്രെയിനിംഗ് സെന്ററിനായി 2 കോടി രൂപ അനുവദിക്കുന്നു.

281. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുള്ള 2022-23 -ലെ സംസ്ഥാന വിഹിതമായി 342.64 കോടി രൂപ വകയിരുത്തുന്നു. ഇതിൽ കേന്ദ്ര സഹായത്തിനാനുപാതികമായ സംസ്ഥാന വിഹിതമായ 150 കോടി രൂപയും പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്നതിനുള്ള അധിക ചെലവായി സംസ്ഥാനം നീക്കി വച്ചിട്ടുള്ള 192.64 കോടി രൂപയും ഉൾപ്പെടുന്നു.

**ഉന്നത വിദ്യാഭ്യാസം**

282. സംസ്ഥാനത്തെ എല്ലാ കോളേജുകളിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും സോളാർ മേൽക്കൂര സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക, മാലിന്യ സംസ്കരണം, ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ പച്ചക്കറി/പുഷ്പ കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് 'ഹരിത കാമ്പസ്' പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തുന്നു.

283. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകൾ, ഹോസ്റ്റലുകൾ, കെട്ടിടങ്ങൾ, ചുറ്റമതിൽ, കളി സ്ഥലങ്ങൾ മുതലായവയുടെ പരിപാലനം, കോളേജുകളുടെ പൈതൃക മൂല്യം സംരക്ഷിക്കൽ എന്നിവയ്ക്കായി 14 കോടി രൂപ വകയിരുത്തുന്നു.

284. കഴക്കൂട്ടത്തും കളമശ്ശേരിയിലുമുള്ള അസാപ്പ് സ്കിൽ പാർക്കുകളിൽ ഓഗ്മെന്റഡ് റിയാലിറ്റി/വിർച്വൽ റിയാലിറ്റി ലാബുകൾ സ്ഥാപിക്കുന്നതാണ്. ഈ പദ്ധതിക്കായി 35 കോടി രൂപ വകയിരുത്തുന്നു.

## രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA)

285. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 18 മുതൽ 23 വരെ പ്രായമുള്ളവരുടെ മൊത്ത പ്രവേശന അനുപാതം അടുത്ത 5 വർഷം കൊണ്ട് നിലവിലുള്ള 19.4% നിന്ന് 32 % ആയി ഉയർത്തുന്നതിനും പ്രവേശനം, തുല്യത, മികവ് എന്നിവയിലൂടെ അദ്ധ്യാപകരുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രകടനം മെച്ചപ്പെടുത്തുന്നതിനും പരീക്ഷാ പരിഷ്കരണങ്ങൾ നടപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ **RUSA പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിന് സംസ്ഥാന വിഹിതമായി 50 കോടി രൂപ വകയിരുത്തുന്നു.**

286. സ്കൂളുകളുടേയും കോളേജുകളുടേയും വികസന പ്രവർത്തനങ്ങളിൽ പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണം

ഉണ്ടാകുന്നുണ്ട്. ഇത് കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിനായി ഫോർമർ സ്റ്റുഡന്റ് വീക്ക് (അലുമ്നി വീക്ക് ) എന്ന പരിപാടി എല്ലാ വർഷവും ഡിസംബർ മാസം സംഘടിപ്പിക്കാനുള്ള നടപടികൾ ആസൂത്രണം ചെയ്യും.

287. 2020-ൽ സ്ഥാപിതമായ ശ്രീ നാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിലെ പഠനവസ്തുക്കളുടെ തയ്യാറാക്കൽ, അക്കാഡമിക് ബ്ലോക്കിന്റെ നവീകരണം, സൈബർ സെന്റർ, പ്രാദേശിക കേന്ദ്രങ്ങൾ, പഠന കേന്ദ്രങ്ങൾ എന്നിവയുടെ സ്ഥാപനം തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾക്കായി 7 കോടി രൂപ വകയിരുത്തുന്നു. **സർവ്വകലാശാലയുടെ ആസ്ഥാന മന്ദിര നിർമ്മാണം 2022-23-ൽ ആരംഭിക്കും.**

288. ശ്രീ നാരായണ ഗുരു ഓപ്പൺ സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയുടെ ആസ്ഥാന മന്ദിര നിർമ്മാണത്തിന് MIDP-യിൽ തുക വകയിരുത്തിയിട്ടുണ്ട്.

289. കോട്ടയത്തെ സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ് (CPAS) ന് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറി നിർമ്മിക്കുന്നതിനായി 3 കോടി രൂപ അനുവദിക്കുന്നു.

**ലാറ്റിനമേരിക്കൻ പഠനകേന്ദ്രം**

290. കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക കാർഷിക മേഖലകളിലെല്ലാം ലാറ്റിനമേരിക്കയുടെ സ്വാധീനമുണ്ട്. പോർച്ചുഗീസുകാർ കേരളത്തിലേക്ക് വന്ന കാലം മുതൽ ലാറ്റിനമേരിക്കൻ വിളകൾ ഇവിടെ കൃഷിചെയ്തുവരുന്നു. ഭൂമിശാസ്ത്രപരമായ സമാനതകൾ ഇരു പ്രദേശങ്ങൾക്കും ഉള്ളതുകൊണ്ട് തന്നെ ലാറ്റിനമേരിക്കൻ വിളകളും കൃഷികളും കേരളത്തിനും അനുയോജ്യമാണ്. കേരളത്തിന്റെയും ലാറ്റിനമേരിക്കയുടേയും സാധ്യതകളെ പരസ്പരം പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്.

291. കേരള സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ലാറ്റിനമേരിക്കൻ സ്റ്റഡീസിന്റെ നേതൃത്വത്തിൽ ഇത്തരം താരതമ്യ പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കും. സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം ഉൾപ്പടെയുള്ള പദ്ധതികളിലൂടെ ലാറ്റിനമേരിക്കയുമായുള്ള ബന്ധം ശക്തിപ്പെടുത്തേണ്ടതുണ്ട്. **ലാറ്റിനമേരിക്കൻ സെന്ററിന്റെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കും തുടർ പദ്ധതികൾക്കുമായി 2 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു.**

**സാങ്കേതിക വിദ്യാഭ്യാസം**

292. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റിന് കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും പിണറായിയിലെ ഐ.എച്ച്.ആർ.ഡി

കോളേജിനുമായി 22.80 കോടി രൂപ വകയിരുത്തുന്നു. അക്കാദമിക് എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾക്കും ഇൻകുബേഷൻ യൂണിറ്റുകൾക്കുമായി 10 കോടി രൂപ വകയിരുത്തുന്നു.

293. എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 37.60 കോടി രൂപ വകയിരുത്തുന്നു.

294. പോളിടെക്നിക് കോളേജുകളുടെ വികസനത്തിന് 42 കോടി രൂപ വകയിരുത്തുന്നു. ഈ തുകയിൽ സിവിൽ എഞ്ചിനീയറിംഗ് കോഴ്സുകളുള്ള ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ സ്ഥാപിക്കാനുള്ള വിഹിതവും ഉൾപ്പെടുന്നു.

**കേരളാ ഡവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC)**

295. വിദ്യാഭ്യാസ നൈപുണ്യ വികസനം തുടർച്ചയായി മെച്ചപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുക എന്ന വിശാല ലക്ഷ്യത്തോട് കൂടി പ്രവർത്തിക്കുന്ന ഏജൻസിയാണ് K-DISC. **K-DISC-ന് കീഴിലുള്ള വിവിധ പദ്ധതികൾക്കായി 200 കോടി രൂപ വകയിരുത്തുന്നു.**

**കലയും സംസ്കാരവും**

296. **കലയുടെയും സംസ്കാരത്തിന്റെയും വികസനത്തിനായുള്ള അടങ്കൽ 175.09 കോടി രൂപയാണ്.**

297. **പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി 19.6 കോടി രൂപ വകയിരുത്തുന്നു.**

298. കേരള സംസ്ഥാന പുരാരേഖ വകുപ്പിനായി നടപ്പ വർഷം 16.85 കോടി രൂപ വകയിരുത്തുന്നു. ഇതിൽ കാര്യവട്ടം കാമ്പസിലെ അന്തർദേശീയ പുരാരേഖ ഹെറിറ്റേജ് കേന്ദ്രത്തിനുള്ള 6.5 കോടി രൂപയും താളിയോല മ്യൂസിയം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള 3 കോടി രൂപയും ഉൾപ്പെടുന്നു.

## മ്യൂസിയവും മൃഗശാലയും

299. തിരുവനന്തപുരത്തെ മ്യൂസിയം, ഗാലറി, സുവോളജിക്കൽ പാർക്ക്, കോഴിക്കോട്ടെ ആർട്ട് ഗാലറി, കൃഷ്ണമേനോൻ മ്യൂസിയം എന്നിവയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 28.6 കോടി രൂപ വകയിരുത്തുന്നു.

300. പുരാരേഖ, പുരാവസ്തു, മ്യൂസിയം വകുപ്പുകളുടെ കീഴിൽ നിരവധി മ്യൂസിയങ്ങളുണ്ടെങ്കിലും കേരളപ്പിറവി മുതലുള്ള സംസ്ഥാനത്തിന്റെ കലാപരവും സാംസ്കാരികവുമായ വളർച്ചയും വികാസവും അടയാളപ്പെടുത്തുകയും സൂക്ഷിക്കുകയും ചെയ്യുന്ന ഒരു മ്യൂസിയം കേരളത്തിൽ നിലവിലില്ല എന്ന പരാതി വിവിധ കോണുകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഇത് പരിഗണിച്ച് വിനോദം, വിദ്യാഭ്യാസം, ഗവേഷണം എന്നിവക്ക് മുൻഗണന നൽകിക്കൊണ്ട് കേരളാ സ്റ്റേറ്റ് മ്യൂസിയം കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ

സ്ഥാപിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ ചെലവുകൾക്കായി 30 ലക്ഷം രൂപ അനുവദിക്കുന്നു.

301. **കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് നടപ്പ് സാമ്പത്തിക വർഷം 16 കോടി രൂപ വകയിരുത്തുന്നു.**

302. **മലയാള ചലച്ചിത്ര മേഖലയുടെ വളർച്ചയും വികാസവും സംബന്ധിച്ച സമഗ്രമായ അറിവുകൾ നൽകാനുതകുന്ന ഒരു 'മലയാള സിനിമ മ്യൂസിയം' സ്ഥാപിക്കും. അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഉൾപ്പെടെയുള്ള ചലച്ചിത്ര അക്കാഡമി യുടെ പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കുമായി 12 കോടി രൂപ വകയിരുത്തുന്നു.**

303. **കേരളത്തിലെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ബിരുദം നേടി ഫെലോഷിപ്പിനർഹരാകുന്ന യുവകലാകാര ന്മാർക്ക് പ്രതിമാസം 10,000 രൂപ വീതം നൽകുന്നതാണ്.** കൂടാതെ 5000 രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നൽകുന്നതായിരിക്കും. ഇതിനായി സാംസ്കാരിക വകുപ്പിന് 13 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 4.55 കോടി രൂപ സ്ത്രീകൾക്കുള്ള പദ്ധതികൾക്കായി മാറ്റി വച്ചിരിക്കുന്നു.

304. സമ്പന്നമായ സാംസ്കാരിക പാരമ്പര്യമുള്ളതും പരമ്പരാഗത കരകൗശല വസ്തുക്കളുടെ നിർമ്മാണ ത്തിന്റെ പേരിൽ പ്രശസ്തമായതുമായ ഏതാനും ഗ്രാമങ്ങളെ സാംസ്കാരിക പൈതൃക ഗ്രാമങ്ങളായി പ്രഖ്യാപിക്കുന്നതാണ്. പൈതൃക ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ കേരളത്തിന്റെ പരമ്പരാഗതമായ കലാ, കരകൗശല വിദ്യകൾ

സംരക്ഷിക്കാനും അറിവുകൾ അടുത്ത തലമുറക്ക് കൈമാറാനും കഴിയുന്നതാണ്. സാംസ്കാരിക പൈതൃക ഗ്രാമങ്ങൾക്കായി രണ്ട് കോടി രൂപ അനുവദിക്കുന്നു.

**പി.കൃഷ്ണപിള്ള സ്മാരകം**

305. നവോത്ഥാന നായകനും സ്വാതന്ത്ര്യസമര സേനാനിയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനിഷേധ്യനായ നേതാവുമായിരുന്നു സഖാവ് പി.കൃഷ്ണപിള്ള. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ മുന്നണി പോരാളികളിൽ പ്രമുഖനായിരുന്ന **സഖാവ് പി. കൃഷ്ണപിള്ളയുടെ ജന്മസ്ഥലമായ വൈക്കത്ത് 'പി.കൃഷ്ണപിള്ള നവോത്ഥാന പഠന കേന്ദ്രം' നിർമ്മിക്കാൻ 2 കോടി രൂപ അനുവദിക്കുന്നു.**

**കൊട്ടാരക്കര തമ്പുരാൻ കഥകളി പഠന കേന്ദ്രം**

306. സർ, കേരളത്തിന്റെ അഭിമാന കലാരൂപമായ കഥകളിയുടെ ഉപജ്ഞാതാവ് കൊട്ടാരക്കര തമ്പുരാനാണ്. കഥകളിയുടെ ജന്മദേശമായ കൊട്ടാരക്കരയിൽ കൊട്ടാരക്കര തമ്പുരാന്റെ നാമധേയത്തിൽ ഒരു കഥകളി പഠന കേന്ദ്രം സ്ഥാപിക്കും. **കൊട്ടാരക്കര തമ്പുരാൻ കഥകളി പഠന കേന്ദ്രത്തിന് 2 കോടി രൂപ വകയിരുത്തുന്നു.**

**ചെറുശ്ശേരി സ്മാരകം**

307. മലയാളത്തിലെ പ്രാചീന കവിത്രയങ്ങളിൽ പ്രമുഖനാണ് ചെറുശ്ശേരി നമ്പൂതിരി. ശുദ്ധമലയാളത്തിൽ രചിക്കപ്പെട്ട ആദ്യത്തെ ബൃഹത്കാവ്യമായി കണക്കാക്കുന്നത് ചെറുശ്ശേരി രചിച്ച 'കൃഷ്ണഗാഥ'യെയാണ്. **ചെറുശ്ശേരിയുടെ**

**നാമധേയത്തിൽ ഒരു സാംസ്കാരിക കേന്ദ്രം കണ്ണൂരിലെ ചിറയ്ക്കലിൽ സ്ഥാപിക്കുന്നതിനായി 2 കോടി രൂപ വകയിരുത്തുന്നു.**

308. **വിശുദ്ധ ചാവറ അച്ചന്റെ സ്മരണാർത്ഥം മാന്നാനത്തുള്ള ചാവറ സാംസ്കാരിക ഗവേഷണ കേന്ദ്രത്തിന് 1 കോടി രൂപ അനുവദിക്കുന്നു.**

309. **ഭാഷാ പിതാവിന്റെ സ്മാരകം സ്ഥിതിചെയ്യുന്ന തിരൂർ തുഞ്ചൻ പറമ്പിൽ ഗവേഷണ കേന്ദ്രം വിപുലീകരിക്കുന്നതിനായി 1 കോടി രൂപ അനുവദിക്കുന്നു.**

310. **മലയാളത്തിന്റെ പ്രിയങ്കരനായ സംഗീതജ്ഞൻ എം.എസ്.വിശ്വനാഥന് പാലക്കാട് ഉചിതമായ സ്മാരകം പണികഴിപ്പിക്കുന്നതിന് 1 കോടി രൂപ അനുവദിക്കുന്നു.**

**പണ്ഡിറ്റ് കറുപ്പൻ സ്മാരകം**

311. കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ സവിശേഷമായ സ്ഥാനമുള്ള പണ്ഡിറ്റ് കറുപ്പൻ സംസ്കൃത പണ്ഡിതൻ, കവി, അദ്ധ്യാപകൻ, സാമൂഹിക പരിഷ്കർത്താവ്, കൊച്ചി നിയമസഭാംഗം എന്നീ നിലകളിൽ ശോഭിച്ച ഉജ്ജ്വല വ്യക്തിത്വമായിരുന്നു. ചേരാനല്ലൂർ അൽ ഫാറൂഖ്യ സ്കൂളിന് എതിർവശത്തുള്ള അകത്തട്ട് പുരയിടത്തിൽ **ശ്രീ പണ്ഡിറ്റ് കറുപ്പന്റെ പ്രതിമ ഉൾപ്പെടെയുള്ള ഒരു സ്മൃതി മണ്ഡപം നിർമ്മിക്കുന്നതിനായി 30 ലക്ഷം രൂപ വകയിരുത്തുന്നു.**

## കായികവും യുവജനകാര്യവും

312. സംസ്ഥാന ജി.ഡി.പിയുടെ 1% കായിക മേഖലയിൽ നിന്നാണ് ലഭിക്കുന്നത്. കായിക വിനോദങ്ങളിൽ ഏർപ്പെടുന്നവരും കായിക പ്രേമികളുമായ ലക്ഷക്കണക്കിന് ജനങ്ങളുള്ള കേരളത്തിൽ ഇത് 3 മുതൽ 4 വരെ ശതമാനത്തിലേക്ക് വർദ്ധിപ്പിക്കാൻ നമുക്ക് കഴിയണം. സ്വകാര്യ മേഖലയുടെ കൂടി പങ്കാളിത്തത്തോടെ കായിക ഉപകരണങ്ങളുടെ ഉൽപ്പാദനം ശക്തിപ്പെടുത്താനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്നുമുണ്ടാകും. ഈ മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കും.

313. കായിക-യുവജനകാര്യ വകുപ്പുകൾക്കായി നടപ്പ് വർഷം 130.75 കോടി രൂപ വകയിരുത്തുന്നു. നിലവിൽ ഇ-സ്പോർട്സ് വലിയ തോതിൽ പ്രചാരം ആർജ്ജിച്ച് വരുന്ന സാഹചര്യത്തിൽ യുവജനങ്ങൾക്ക് ഈ മേഖലയിൽ പരിശീലനം നൽകുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും. ഇതിനു പുറമേ 'ഹെൽത്തി കിഡ്സ്' ആയോധന മത്സരങ്ങൾ, ഫുട്ബോൾ, ബാസ്കറ്റ് ബോൾ, അത് ലറ്റിക്സ് എന്നിവക്കായുള്ള ഗ്രാസ്റൂട്ട് പരിശീലന പദ്ധതികൾക്കും പുതിയ സ്പോർട്സ് പോളിസി നടപ്പിലാക്കുന്നതിനുമായി ആകെ 6.50 കോടി രൂപ നീക്കി വക്കുന്നു.

## ഗ്രാമീണ കളി സ്ഥലങ്ങൾ

314. ഓരോ പഞ്ചായത്തിലും കളിസ്ഥലം എന്ന ലക്ഷ്യത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ

ഏജൻസിയായി നടപ്പിലാക്കുന്ന ഗ്രാമീണ കളി സ്ഥല പദ്ധതിയുടെ ചെലവിന്റെ പകുതി MLA മാരുടെ ആസ്തി വികസന ഫണ്ട് / തദ്ദേശ സ്ഥാപന ഫണ്ട് / പൊതു സ്വകാര്യ പങ്കാളിത്തം (PPP) എന്നിവ മുഖേനയാണ് കണ്ടെത്തുന്നത്. സ്കൂളുകളിലെ കളി സ്ഥലങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ വകയിരുത്തുന്നു.

315. സർക്കാർ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങൾ കേന്ദ്രീകരിച്ച് സ്വകാര്യ മേഖലയുടെ സഹകരണത്തോടെ കായിക അക്കാദമികൾ രൂപീകരിക്കുക, സ്വകാര്യ കായിക അക്കാദമികളുടെ വികസനത്തിനായി സർക്കാർ ധനസഹായം ഉറപ്പാക്കുക എന്നീ ദ്വിമുഖ പരിപാടിക്കായി മൊത്തം 2.50 കോടി രൂപ ചെലവഴിക്കുന്നതാണ്.

316. **തിരുവനന്തപുരം മേനംകുളത്ത് ജി.വി.രാജ സെന്റർ ഓഫ് എക്സലൻസും മൂന്നാറിലെ ഹൈ ആൾട്ടിട്യൂഡ് ട്രെയിനിംഗ് സെന്ററിൽ അന്തർദേശീയ സ്പോർട്ട്സ് കോംപ്ലക്സും സ്ഥാപിക്കുന്നതാണ്.**

317. **യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി 19 കോടി രൂപ വകയിരുത്തുന്നു.**

318. കോവിഡ്-19 ചികിത്സയ്ക്കുള്ള ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ സജ്ജമാക്കിയിരുന്ന സ്റ്റേഡിയങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കാനുള്ള ചെലവുകൾക്കായി 2 കോടി രൂപ അനുവദിക്കുന്നു.

## പൊതുജനാരോഗ്യം

319. കേരളത്തിന്റെ പൊതുജനാരോഗ്യസംവിധാനം പുകൾപെറ്റതാണ്. കോവിഡ് മഹാമാരിയെ നേരിടുന്നതിൽ അസാധാരണമായ മികവാണ് കേരളം പ്രകടിപ്പിച്ചത്. പതിനായിരക്കണക്കിന് ആരോഗ്യ പ്രവർത്തകർ അവിശ്രമം പണിയെടുത്താണ് ആരോഗ്യ അടിയന്തിരാവസ്ഥയെ പ്രതിരോധിച്ചത്. കോവിഡ് നേരിടുന്നതിൽ ആരോഗ്യമേഖല വഹിച്ച ഉജ്ജ്വലമായ പങ്ക് കഴിഞ്ഞ ബജറ്റിൽ വിശദമായി പ്രതിപാദിച്ചിരുന്നു. പൊതുജനാരോഗ്യ മേഖലയിലെ മുഴുവൻ അംഗങ്ങളേയും ഒരിക്കൽ കൂടി സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കു വേണ്ടി അഭിവാദ്യം ചെയ്യുന്നു.

320. **2022-23 സാമ്പത്തിക വർഷത്തിൽ വൈദ്യശാസ്ത്ര, പൊതുജനാരോഗ്യ മേഖലകൾക്കായി 2629.33 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻ വർഷത്തേക്കാൾ 288 കോടി രൂപ അധികമാണ്.** കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും 742.20 കോടി രൂപയും പ്രതീക്ഷിക്കുന്നു. നാഷണൽ ഹെൽത്ത് മിഷനു വേണ്ടി 484.8 കോടി രൂപയും നാഷണൽ ആയുർ മിഷനു വേണ്ടി 10 കോടി രൂപയും സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

321. വൈറസ് രോഗങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിനും രോഗ നിർണ്ണയത്തിനും നിയന്ത്രണങ്ങൾക്കും വേണ്ടി 202 കോടി രൂപ ചെലവിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ലോകോത്തര

നിലവാരത്തിലുള്ള സ്ഥാപനമാണ് തോന്നയ്ക്കലിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി. ഇവിടത്തെ നൂതന ലബോറട്ടറി സംവിധാനങ്ങൾ ഏർപ്പെടുത്താനും ന്യൂക്ലിക് ആസിഡ് അടിസ്ഥാന മാക്കിയുള്ള വാക്സിനുകൾ വികസിപ്പിക്കൽ മോണോ ക്ലോണൽ ആന്റിബോഡി വികസിപ്പിക്കൽ മുതലായ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ അനുവദിക്കുന്നു.

**കാൻസർ പ്രതിരോധം**

322. കേരളത്തിൽ പ്രതിവർഷം ഏകദേശം 70,000 പേർ പുതുതായി കാൻസർ രോഗബാധിതരാകുന്നു എന്നാണ് കണക്കുകൾ. 2012-19 കാലഘട്ടത്തിലെ കണക്കുകൾ പരിശോധിച്ചാൽ സ്തനാർബുദം 42 ശതമാനവും തൈറോയിഡ് കാൻസർ 22 ശതമാനവും വർദ്ധിച്ചതായി കാണാം.

323. തദ്ദേശ സർക്കാരുകളുടെ സഹകരണത്തോടെ ആരോഗ്യ വകുപ്പ് 3 ജില്ലകളിൽ ജില്ലാ കാൻസർ നിയന്ത്രണ പരിപാടി വിജയകരമായി നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2022-23 ൽ കേരളത്തിൽ സാമൂഹ്യ പങ്കാളിത്തത്തോടെ 'സ്റ്റേറ്റ് കാൻസർ കൺട്രോൾ സ്ട്രാറ്റജി' എന്ന പരിപാടി അവതരിപ്പിക്കുന്നതാണ്. ഇതിലൂടെ കാൻസർ പ്രതിരോധം സംബന്ധിച്ച് സമൂഹത്തിന് ശാസ്ത്രീയമായ അവബോധം നല്കുന്നതിനും, സർക്കാർ ആശുപത്രികളിൽ കൂടുതൽ കാൻസർ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ 'കാൻസർ കെയർ സ്യൂട്ട്' എന്ന

പേരിൽ കാൻസർ രോഗികളുടെയും, Bone Marrow Donor മാരുടേയും വിവരങ്ങളും മറ്റു സമഗ്ര കാൻസർ നിയന്ത്രണ തന്ത്രങ്ങളും ഉൾപ്പെടുത്തിയ ഒരു സോഫ്റ്റ് വെയർ ഇ-ഹെൽത്ത് സംവിധാനം മുഖേന വികസിപ്പിക്കുന്നതാണ്.

324. അർബുദ രോഗബാധ വർദ്ധിച്ചു വരുന്ന ഈ പശ്ചാത്തലത്തിൽ തിരുവനന്തപുരം RCC ഉൾപ്പെടെയുള്ള വിവിധ കാൻസർ ചികിത്സാ കേന്ദ്രങ്ങൾ മുഖേന കാര്യക്ഷമമായ കാൻസർ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരം**

325. **നടപ്പുവർഷം 81 കോടി രൂപയാണ് തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിനുവേണ്ടി വകയിരുത്തുന്നത്.** റീജണൽ കാൻസർ സെന്ററിനെ സംസ്ഥാന കാൻസർ സെന്ററായി ഉയർത്തുന്നത് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊച്ചി കാൻസർ റിസർച്ച് സെന്റർ**

326. കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കൊച്ചി കാൻസർ റിസർച്ച് സെന്ററിനെ മധ്യകേരളത്തിലെ ഒരു അപ്പെക്സ് കാൻസർ സെന്ററായി വികസിപ്പിക്കുന്നതാണ്. 360 കിടക്കകളുള്ള കൊച്ചി കാൻസർ റിസർച്ച് സെന്റർ കെട്ടിടത്തിന്റെ ഒന്നാം ഘട്ടം 2022-23-ൽ പൂർത്തീകരിക്കും. **കൊച്ചി കാൻസർ റിസർച്ച് സെന്ററിന് 2022-23 സാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിക്കുന്നു.**

## മലബാർ കാൻസർ സെന്റർ

327. കിഫ്ബിയിൽ നിന്ന് 427.39 കോടി രൂപ ചെലവഴിച്ച് മലബാർ കാൻസർ സെന്ററിന്റെ രണ്ടാം ഘട്ട വികസനവും, സ്ഥാപനത്തെ പോസ്റ്റ് ഗ്രാഡ്യുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി / സയൻസസ് ആന്റ് റീസർച്ച് ആയി ഉയർത്തുന്നതിനു വേണ്ടിയുള്ള കെട്ടിട നിർമ്മാണമുൾപ്പടെ അനുബന്ധ പ്രവർത്തികളും പുരോഗമിച്ചു വരികയാണ്. **മലബാർ കാൻസർ സെന്ററിന് 2022–23 സാമ്പത്തിക വർഷം 28 കോടി രൂപ അനുവദിക്കുന്നു.**

## സാന്ത്വന പരിചരണം

328. സാന്ത്വന പരിചരണ രംഗത്ത് (പാലിയേറ്റീവ് കെയർ) ശ്രദ്ധേയമായ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നുവരുന്നുണ്ട്. സന്നദ്ധ സംഘടനകളും രാഷ്ട്രീയ പാർട്ടികളുമൊക്കെ സജീവമായി പാലിയേറ്റീവ് രംഗത്ത് ഇടപെടുന്നത് അഭിനന്ദനാർഹമാണ്.

സർ,

329. പാലിയേറ്റീവ് പ്രവർത്തകർക്ക് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നൽകേണ്ടതുണ്ട്. ഇതിലേക്കുള്ള നൂതന കോഴ്സുകൾ ആരംഭിക്കാനും കൂടുതൽ ആളുകളെ പാലിയേറ്റീവ് പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കും.

330. പാലിയേറ്റീവ് രംഗത്തെ വിവിധ സന്നദ്ധ സംഘടനകളെയും സ്ഥാപനങ്ങളേയും കോർത്തിണക്കി സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കും. **അതിനായി 5 കോടി രൂപ വകയിരുത്തുന്നു.**

331. പി.എം.ജെ.എ.വൈ പദ്ധതിയുടെ സംസ്ഥാന വിഹിതമായും, കേന്ദ്രസർക്കാർ പദ്ധതിയിൽ ഉൾപ്പെടാത്തതും **സംസ്ഥാന പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുന്നതുമായ കുടുംബങ്ങൾക്കുള്ള സഹായമായും 500 കോടി രൂപ വകയിരുത്തുന്നു.** ഈ പദ്ധതിയിലൂടെ ആരോഗ്യ ഇൻഷുറൻസിന്റെ പ്രീമിയം തുക പൂർണമായും സർക്കാർ വഹിക്കുന്ന CHIS സ്കീമിൽ ഉൾപ്പെട്ട 19.56 ലക്ഷം കുടുംബങ്ങൾ അടക്കം ആകെ 41.59 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും.

332. **സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെയും തിരുവനന്തപുരത്തെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജിയുടെയും വികസനത്തിനായി 250.7 കോടി രൂപ വകയിരുത്തുന്നു.**

**കേരള ഡിജിറ്റൽ ഹെൽത്ത് മിഷൻ**

**ഇ–ഹെൽത്ത് പ്രോഗ്രാം**

333. ആരോഗ്യ രംഗത്ത് ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിൽ മുൻ നിരയിലാണ് കേരളം. വിവര വിനിമയ സാങ്കേതിക വിദ്യ ആരോഗ്യ മേഖലയിൽ

പ്രയോജനപ്പെടുത്തുക എന്നതാണ് ഈ കേരള ഡിജിറ്റൽ ഹെൽത്ത് മിഷൻ എന്ന പുതിയ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. 'One Citizen – One Electronic Health Record' എന്നതാണ് ഈ മിഷന്റെ പ്രധാന ലക്ഷ്യം. ഇതിനായി സ്റ്റാർട്ടപ്പുകളുടെ സാങ്കേതിക സഹകരണവും തേടുന്നതാണ്. **2022-23-ൽ ഈ പദ്ധതിക്കായി 30 കോടി രൂപ വകയിരുത്തുന്നു.** കോവിഡാനന്തര പഠനങ്ങൾക്കും ഉചിതമായ ചികിത്സാരീതിയുടെ വികസനത്തിനുമായി 5 കോടി രൂപ വകയിരുത്തുന്നു.

## പ്രാദേശിക സർക്കാരുകൾ

334. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച ജനകീയാസൂത്രണ പദ്ധതി കാൽ നൂറ്റാണ്ട് വിജയകരമായി പിന്നിട്ടിരിക്കുന്നു. ലോകം മുഴുവൻ ശ്രദ്ധിക്കപ്പെട്ട ഈ പദ്ധതിയുടെ മാതൃകകൾ രാജ്യമാകെ സ്വീകരിച്ചിരിക്കുകയാണ്. രണ്ട് മഹാപ്രളയങ്ങൾ, കോവിഡ് മഹാമാരി എന്നിവ ഉൾപ്പെടെയുള്ള ദുരന്തങ്ങളെ ജനകീയ കൂട്ടായ്മയിലൂടെ അതിജീവിക്കുന്നതിൽ കേരളത്തിലെ പ്രാദേശിക സർക്കാരുകൾ വഹിച്ച പങ്ക് നിസ്തുലമാണ്. പതിനാലാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാദേശിക സർക്കാരുകളുടെ ശേഷിയും കാര്യക്ഷമതയും പുതിയൊരു തലത്തിലേക്ക് ഉയർത്തുന്നത് സർക്കാർ ലക്ഷ്യമിടുന്നു. **2022-23 സാമ്പത്തിക വർഷം പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മിഷൻ അനുവദിച്ചിട്ടുള്ള ഗ്രാന്റുൾപ്പടെ ആകെ 12903 കോടി രൂപ പ്രാദേശിക സർക്കാരുകൾക്ക് വകയിരുത്തുന്നു.**

ഇതിൽ വാർഷിക പദ്ധതിയിൽ നിന്നുള്ള വികസന ഫണ്ട് വിഹിതമായ 8048 കോടി രൂപയും ജനറൽ പർപ്പസ് ഫണ്ട് ഇനത്തിലുള്ള 1850 കോടി രൂപയും മെയിന്റനൻസ് ഫണ്ട് ഇനത്തിലുള്ള 3005 കോടി രൂപയും ഉൾപ്പെടുന്നു.

**അതിദാരിദ്ര്യ ലഘൂകരണം**

335. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഒരു സംസ്ഥാന സർക്കാർ അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള ഒരു പദ്ധതി പ്രഖ്യാപിക്കുന്നത്. നിരാലംബരായ അതി ദരിദ്രരെ കണ്ടെത്തി പരിരക്ഷിക്കുന്നതിനുള്ള ഈ പദ്ധതിയിൽ സംസ്ഥാനത്തെ 64352 കുടുബങ്ങൾ ഗുണഭോക്താക്കളാണ്. അതിദാരിദ്ര്യത്തിൽ കഴിയുന്ന ഈ കുടുബങ്ങളുടെ അതിജീവനത്തിനും ഉപജീവനത്തിനുമുള്ള കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ട് വിഹിതം കൂടി ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പ്രാരംഭ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ വിഹിതമായി 100 കോടി രൂപ അനുവദിക്കുന്നു.

**LIFE മിഷൻ സമ്പൂർണ്ണ ഭവന-പദ്ധതി**

336. കേരള സർക്കാർ പ്രഖ്യാപിച്ച നവ കേരള കർമ്മപദ്ധതിയിൽ ഉൾപ്പെട്ട നാല് മിഷനുകളിൽ ഒന്നാണ് ലൈഫ്. ഇതുവരെ 2,76,465 വീടുകൾ ലൈഫ് മിഷൻ വഴി പൂർത്തീകരിച്ചു കഴിഞ്ഞു. മികച്ച സൗകര്യങ്ങളുള്ള ഭവനങ്ങളാണ് പദ്ധതിയിലൂടെ നിർമ്മിച്ചു നൽകുന്നത്. ഹഡ്കോയുടെ വായ്പ കൂടി ഉപയോഗപ്പെടുത്തി **2022-23**

**സാമ്പത്തിക വർഷം 1,06,000 വ്യക്തിഗത ഭവനങ്ങളും 2950 ഫ്ലാറ്റുകളും നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. പി.എം.എ.വൈ പദ്ധതിയുടെ കേന്ദ്രവിഹിതമായ 327 കോടി രൂപ ഉൾപ്പടെ ലൈഫ് ഭവന പദ്ധതിയ്ക്കുള്ള ആകെ വിഹിതം 1871.82 കോടി രൂപയാണ്.**

337. സംസ്ഥാനത്തെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളായ മാലിന്യ സംസ്കരണവും ശുചിത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ശാശ്വതമായി പരിഹരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ലോകബാങ്ക് സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ളതാണ് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി. മാനവ വിഭവശേഷിയും സാങ്കേതിക വിദ്യകളും ഉപദേശ നിർദ്ദേശങ്ങളും നൽകി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കാൻ നഗരസഭകളെ പ്രാപ്തമാക്കാൻ ഈ പദ്ധതിയിലൂടെ കഴിയും. അഞ്ചു വർഷം കൊണ്ട് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ അടങ്കൽ തുക 2100 കോടി രൂപയാണ്. **2022-23 -ലെ വിഹിതമായി 100 കോടി രൂപ വകയിരുത്തുന്നു.**

### റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

338. ലോകബാങ്കിന്റെയും ഐക്യരാഷ്ട്ര സഭയുടെയും സഹായത്തോടെ കേരളത്തെ പുനർ നിർമ്മിക്കുന്ന തിനായി റീബിൽഡ് കേരള ഇൻഷ്യേറ്റീവ് എന്ന സമഗ്ര പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. റീബിൽഡ് കേരള ഇൻഷ്യേറ്റീവുമായി ബന്ധപ്പെട്ട് 2021 ഡിസംബർ 18 വരെ 13 വകുപ്പുകളിലായി 7824 കോടി രൂപയുടെ

ഭരണാനുമതി പുറപ്പെടുവിക്കുകയും അതിൽ 12 വകുപ്പുകൾക്കായി 1185 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. **ഈ പദ്ധതിയ്ക്കായി 1600 കോടി രൂപ വകയിരുത്തുന്നു.**

339. **റീബിൽഡ് കേരള ഇൻഷ്യേറ്റീവ് വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ**

- കേരളത്തിലെ 1550 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെ നടന്നു വരുന്നു. ആയതിലൂടെ ഒരു ഏകജാലക സംവിധാനത്തിൻ കീഴിൽ ഭൂമിയെ സംബന്ധിച്ച സമഗ്രമായ വിശദാംശങ്ങൾ തയ്യാറാക്കി സൂക്ഷിക്കുകയും അതിൽ നിന്ന് ഗുണഭോക്താക്കൾക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യും.

- പ്രകൃതി ദുരന്തങ്ങളും മറ്റും ഉണ്ടാകുമ്പോൾ ഡി.ബി.റ്റി വഴി ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനായി ഏകീകൃതമായ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കും.

- പ്രളയത്തിൽ തകർന്ന 1260 കിലോ മീറ്ററിലധികം റോഡുകൾ പുനർ നിർമിച്ച് ഒരു മെച്ചപ്പെട്ട റോഡ് ശൃംഖല നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ 31 സംസ്ഥാന പാതകളും ജില്ലാപാതകളും 6 പാലങ്ങളും ഉൾപ്പെടുന്നു.

- പ്രളയദുരന്തം ബാധിച്ച 2 ലക്ഷം പേർക്ക് ധനസഹായം അനുവദിച്ചു. കൂടാതെ 1.60 ലക്ഷം പേർക്ക്

ഉപജീവനമാർഗ്ഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

- നവീനമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകും.

- 6 ജില്ലകളിലെ പ്രളയത്തിൽ തകർന്ന 29 അംഗനവാടികളുടെ പുനരുദ്ധാരണം നടന്നു വരികയാണ്. ഇതു വഴി അംഗനവാടികളുടെ ഗുണഭോക്താക്കളായ 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും പ്രയോജനം ലഭിക്കുന്നതാണ്.

- ദുരന്ത നിവാരണ പ്രവർത്തനങ്ങൾ വേഗത്തിൽ നടത്തുന്നതിനായി കേരളത്തിലെ നദികൾ, റോഡുകൾ, ആശുപത്രികൾ, കുളങ്ങൾ, ക്വാറികൾ, സ്കൂളുകൾ തുടങ്ങിയ പ്രധാന സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന ഒരു “മാപ് പ്ലാറ്റ്ഫോം” ‘മാപ്പത്തോൺ’ എന്ന പേരിൽ നടപ്പിലാക്കി വരുന്നു.

- കർഷകരുടെ ഉപജീവനമാർഗ്ഗം പരിപോഷിപ്പിക്കുന്ന തിനായി 14000 ഇന്റഗ്രേറ്റഡ് ഫാമിംഗ് യൂണിറ്റുകൾ സ്ഥാപിക്കും.

- വെള്ളത്തിന്റെ ലഭ്യതയെയും ജലസ്രോതസ്സുകളെയും കുറിച്ചുള്ള മുഴുവൻ വിവരങ്ങളും അടങ്ങുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ‘കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ

സിസ്റ്റം' എന്ന പേരിൽ വികസിപ്പിച്ച് വരികയാണ്. ജലഓഡിറ്റ്, ജലസംരക്ഷണം, പ്രളയനിയന്ത്രണം മുതലായ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന രീതിയിലാണ് ഇത് തയ്യാറാക്കുന്നത്.

340. വിഴിഞ്ഞം ആഴക്കടൽ അന്തർദേശീയ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, കൊച്ചി മെട്രോ റയിൽ സിസ്റ്റം, കണ്ണൂർ വിമാനത്താവളം, 35-ാമത് ദേശീയ ഗയിംസിനുള്ള ആന്വിറ്റി സ്കീം, കൊച്ചി സംയോജിത ജല ഗതാഗത സംവിധാനം, ജുഡീഷ്യറികളുടെ പശ്ചാത്തല വികസനം, കേരള റയിൽ വികസന കോർപ്പറേഷൻ ഏറ്റെടുത്ത സിൽവർ ലൈൻ ഉൾപ്പടെയുള്ള പദ്ധതികൾ, കൊല്ലം, ആലപ്പുഴ ബൈപാസുകൾ തുടങ്ങി സംസ്ഥാനത്തെ പ്രധാനപ്പെട്ട 10 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി **ആകെ 507 കോടി രൂപ വകയിരുത്തുന്നു.**

**കുടിവെള്ള വിതരണവും മലിനജല നിർമാർജ്ജനവും**

341. **സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിനും മലിന ജല നിർമ്മാർജനത്തിനുമായുള്ള സംവിധാനങ്ങൾക്കായി ആകെ 1405.71 കോടി രൂപ വകയിരുത്തുന്നു.**

342. **ജലജീവൻ മിഷൻ നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്കും ജലനിധിക്കും കൂടി സംസ്ഥാന വിഹിതമായി 500 കോടി രൂപ വകയിരുത്തുന്നു.** ഈ പദ്ധതിക്കായി 500 കോടി രൂപ കേന്ദ്ര വിഹിതമായും പ്രതീക്ഷിക്കുന്നു.

343. **കേരള വാട്ടർ അതോറിറ്റിയുടെയും ജലനിധിയുടെയും മറ്റ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 405.71 കോടി രൂപ വകയിരുത്തുന്നു.**

344. **എറണാകുളം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്ന തിനുള്ള ഓപ്പറേഷൻ ബ്രേക്ക്ത്രൂ പദ്ധതിക്ക് 10 കോടി രൂപ അനുവദിക്കുന്നു.**

**വർക്കിംഗ് വിമൻസ് ഹോസ്റ്റൽ**

345. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിലെ റവന്യൂ ഭൂമിയിൽ 3 നിലകളിലായി 115 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 2.25 കോടി രൂപ വകയിരുത്തുന്നു.

**നഗര വികസനം**

346. **നഗര വികസന മേഖലയ്ക്കായി ആകെ 1795.26 കോടി രൂപ വകയിരുത്തുന്നു.**

347. തദ്ദേശ സർക്കാരുകളുടെ പുനഃസംഘടനയുടെ ഭാഗമായി 2015-ൽ 28 പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുക യുണ്ടായി. **പുതിയ മുനിസിപ്പാലിറ്റികളുടെ ഓഫീസ് കെട്ടിട നിർമ്മാണത്തിന് 8 കോടി രൂപ വകയിരുത്തുന്നു.**

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

348. ദേശീയതലത്തിലും മറ്റ് സംസ്ഥാനങ്ങൾക്കും മാതൃക യാക്കാൻ കഴിയുന്ന കേരളത്തിന്റെ ഒരു തനത് പദ്ധതിയാണിത്. നഗര സമൂഹത്തിലെ തൊഴിലില്ലായ്മയും

തൊഴിൽ ദിനങ്ങളുടെ കുറവും പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായിക്കും. അവിദഗ്ധ തൊഴിൽ ചെയ്യാൻ തയ്യാറുള്ള ഓരോ ഭവനത്തിലെയും പ്രായപൂർത്തിയായവർക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ഈ പദ്ധതിയിലൂടെ  ഉറപ്പാക്കുന്നു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ രൂപീകരിച്ചിട്ടുള്ള ഈ പദ്ധതിക്ക് കീഴിൽ 50% ഗുണഭോക്താക്കൾ വനിതകൾ ആയിരിക്കും. വർഷം 50 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്ന **ഈ പദ്ധതിയ്ക്കായി 125 കോടി രൂപ വകയിരുത്തുന്നു.**

## സ്മാർട്ട് സിറ്റി മിഷൻ

349. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ അനുപാതത്തിലുള്ള സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തെയും മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരത്തെയും തിരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കായി 292 കോടി രൂപ കേന്ദ്രവിഹിതം പ്രതീക്ഷിക്കുന്നു.

**കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിവിധ റോഡുകളുടെ വികസന പദ്ധതികൾക്കായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് 5 കോടി രൂപ അനുവദിക്കുന്നു.**

## ഇൻഫർമേഷനും പബ്ലിസിറ്റിയും

350. മാധ്യമ അക്കാഡമിക്കായി 7.40 കോടി രൂപയും മാധ്യമ പ്രവർത്തകരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പ്രസ് ഫെസിലിറ്റീസ്

പദ്ധതിക്കായി 70 ലക്ഷം രൂപയും തിരുവനന്തപുരം ടാഗോർ തീയറ്ററിന്റെ നവീകരണത്തിനായി 2.60 കോടി രൂപയും ഉൾപ്പടെ വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പദ്ധതികൾക്കായി **40.43 കോടി രൂപ വകയിരുത്തുന്നു.**

**തൊഴിലും തൊഴിലാളി ക്ഷേമവും**

351. തൊഴിലാളി ക്ഷേമത്തിനും തൊഴിലാളി താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും സംസ്ഥാനത്തിന് പ്രതിബദ്ധത യുണ്ട്. തൊഴിലും തൊഴിലാളി ക്ഷേമ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കുമായി ബജറ്റിൽ **ആകെ 482.16 കോടി രൂപ വകയിരുത്തുന്നു.**

352. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് വിവിധ വകുപ്പുകളും ക്ഷേമനിധി ബോർഡുകളും മുഖേനയുള്ള പദ്ധിതികളിലൂടെ വരുമാന പിന്തുണ ഉറപ്പ് വരുത്തുന്നുണ്ട്. പരമ്പരാഗത മേഖലകളിലെ തൊഴിലിൽ ഏർപ്പെട്ടിരി ക്കുന്നവരിൽ 75% സ്ത്രീകളാണ്. ഈ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കും പദ്ധതിയുടെ വിലയിരുത്തലിനുമായി **86 കോടി രൂപ വകയിരുത്തുന്നു.**

353. പ്ലാന്റേഷൻ മേഖലയിലെ ലയം/പാഡികൾ എന്നീ വാസ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കും. **ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.**

354. **നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സ്റ്റുഡിയോ അപാർട്ട്മെന്റ് പദ്ധതിയ്ക്കായി 2 കോടി രൂപ വകയിരുത്തുന്നു.**

## പ്രവാസികാര്യ വകുപ്പ്

355. ലോകമെമ്പാടുമുള്ള വിദേശ മലയാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള പ്രവാസികാര്യ വകുപ്പ് നേരിട്ടും അതിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ 'നോർക്കാ റൂട്ട്സ്'വഴിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2022-23 സാമ്പത്തിക വർഷം **പ്രവാസികാര്യ വകുപ്പിനായി ആകെ 147.51 കോടി രൂപ വകയിരുത്തുന്നു.**

356. പ്രവാസി മലയാളികൾക്കായി പുതുതായി രൂപകല്പന ചെയ്തിട്ടുള്ള **'പ്രവാസികളുടെ ഏകോപന പുനസംയോജന പദ്ധതി'ക്കായി 50 കോടി രൂപ വകയിരുത്തുന്നു.**

357. രണ്ടോ അതിലധികമോ വർഷം വിദേശത്തു ജോലി ചെയ്ത ശേഷം മടങ്ങിയെത്തിയ പ്രവാസി മലയാളികൾക്കായുള്ള സമയബന്ധിതമായ ഒരു ധനസഹായ പദ്ധതിയാണ് സാന്ത്വന പദ്ധതി. **നടപ്പ് വർഷം ഈ പദ്ധതിക്കായി 33 കോടി രൂപ വകയിരുത്തുന്നു.**

358. **നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ഫണ്ട് ബോർഡിന് 9 കോടി രൂപ വകയിരുത്തുന്നു.**

## യുക്രൈൻ പ്രതിസന്ധി

359. റഷ്യ-യുക്രൈൻ സംഘർഷത്തിനിടയിൽ യുക്രൈനിലെ വിവിധ സ്ഥലങ്ങളിൽ കുടുങ്ങിപ്പോയ വിദ്യാർത്ഥി കളുൾപ്പടെയുള്ളവരെ നോർക്ക മുഖേന സുരക്ഷിതമായി

നാട്ടിൽ എത്തിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 3123 വ്യക്തികളെ 15 ചാർട്ടേർഡ് വിമാനങ്ങൾ ഉൾപ്പടെ വിവിധ വിമാനങ്ങൾ വഴി സുരക്ഷിതമായി നാട്ടിലെത്തിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകളും മറ്റ് വിലപ്പെട്ട രേഖകളും കൈമോശം വന്നവർക്ക് അത് വീണ്ടെടുക്കാനും പഠനം തുടരാനും കഴിയണം. അതിനുള്ള സഹായം സംസ്ഥാന സർക്കാർ നൽകുന്നതാണ്. റഷ്യ-യുക്രൈൻ സംഘർഷത്തിന്റെ ഭാഗമായി നാട്ടിലേക്ക് തിരികെവന്ന വിദ്യാർത്ഥികളുടെ തുടർപഠനം സാധ്യമാക്കാൻ കേന്ദ്ര സർക്കാരിന്റെ പ്രത്യേക ഇടപെടൽ ആവശ്യമുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നോർക്കയുടെ നേതൃത്വത്തിൽ പ്രത്യേക സെൽ പ്രവർത്തിക്കും. **ഇതിന്റെ ആവശ്യങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

360. വിദേശങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ ഡാറ്റാ ബാങ്ക് നോർക്കാ വകുപ്പ് ഉടൻ തയ്യാറാക്കും.

## കേരള അതിഥി മൊബൈൽ ആപ്പ്

361. കേരളത്തിൽ തൊഴിൽ ചെയ്യാനെത്തുന്ന അതിഥി തൊഴിലാളികൾ വെബ്ബ് പോർട്ടൽ വഴിയോ മൊബൈൽ ആപ്പ് മുഖേനയോ രജിസ്റ്റർ ചെയ്ത് പ്രത്യേകമായ തിരിച്ചറിയൽ നമ്പർ നേടേണ്ടതുണ്ട്. കേരള അതിഥി മൊബൈൽ ആപ്പ് പദ്ധതിയ്ക്കായി 40 ലക്ഷം രൂപ വകയിരുത്തുന്നു.

## വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടി (KASE)

362. വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടിയുടെ (KASE) വിവിധങ്ങളായ **പദ്ധതികൾക്കായി 37 കോടി രൂപ വകയിരുത്തുന്നു.**

363. **ഐ.റ്റി.ഐ കളെ ആധുനികവൽക്കരിക്കുന്നതിനായി 30.5 കോടി രൂപ വകയിരുത്തുന്നു.**

## പട്ടികജാതി വികസനം

364. **പട്ടികജാതിക്കാർക്കു വേണ്ടി ഭൂമി, പാർപ്പിടം മറ്റു വികസന പദ്ധതികൾ എന്നിവക്കായി ആകെ 1935.38 കോടി രൂപ വകയിരുത്തുന്നു.** ഭൂരഹിതരായിട്ടുളള കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനുളള ഭൂമി വാങ്ങുന്നതിന് 180 കോടി രൂപയും, ഭാഗികമായി നിർമ്മിച്ച വീടുകളുടെ പൂർത്തീകരണത്തിനും ജീർണ്ണാവസ്ഥയിലായ വീടുകളുടെ പുനരുദ്ധാരണത്തിനും പഠന മുറി നിർമ്മാണത്തിനുമായി 205 കോടി രൂപയും, പട്ടികജാതിക്കാർക്കിടയിലെ ദുർബല വിഭാഗങ്ങളുടെ വികസന പരിപാടികൾക്കായി 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

365. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുളള പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് വിവാഹ ധനസഹായമായി 1,25,000 രൂപ വരെ നൽകുന്നതാണ്. **ഇതിനായി 83.39 കോടി രൂപ വകയിരുത്തുന്നു.**

366. **പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സഹായം, മോഡൽ റസിഡൻഷ്യൽ സ്കൂളിനും ഹോസ്റ്റലിനും കെട്ടിട നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ മുതലായവയ്ക്കുമായി ആകെ 325.61 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ പാലക്കാട് ഗവ:മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായുള്ള 70 കോടി രൂപയും ഉൾപ്പെടുന്നു.

## പ്രീ–മെട്രിക്, പോസ്റ്റ്–മെട്രിക് ഹോസ്റ്റൽ മെസ്സ് അലവൻസ്

367. സംസ്ഥാനത്തെ പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, അയ്യങ്കാളി മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിക്കുന്ന മെസ്സ് അലവൻസ് വർധിപ്പിക്കുകയാണ്. പ്രീമെട്രിക് ഹോസ്റ്റലുകളിലെയും പ്രീമെട്രിക് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും കുട്ടികൾക്ക് അനുവദിക്കുന്ന പ്രതിമാസ മെസ്സ് അലവൻസ് 2500 ൽ നിന്ന് 3125 രൂപയായും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും പോസ്റ്റ് മെട്രിക് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും പ്രതിമാസ മെസ്സ് അലവൻസ് 2875 ൽ നിന്ന് 3575 രൂപയായും അയ്യങ്കാളി മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളുകളിലെ പ്രതിദിന മെസ്സ് അലവൻസ് 200 രൂപയിൽ നിന്ന് 250 രൂപയായും വർധിപ്പിക്കുന്നു.

368. **പട്ടികജാതി വിഭാഗത്തിലെ യുവാക്കൾക്ക് പരിശീലനം, തൊഴിൽ, മാനവശേഷി വികസനം എന്നിവയ്ക്കായി 49 കോടി രൂപ വകയിരുത്തുന്നു.** നൈപുണ്യ വികസനം, തൊഴിൽ എന്നിവയ്ക്കുള്ള പദ്ധതികൾ കേരള നോളേജ് ഇക്കോണമി മിഷനുമായി ഏകോപിപ്പിച്ച് കെ-ഡിസ്ക് (K-DISC) മുഖാന്തിരം നടപ്പിലാക്കും.

**സാങ്കേതിക വിദഗ്ധർക്ക് ഹ്രസ്വകാല നിയമനവും പരിശീലനവും**

369. പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളും, പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശവകുപ്പും സംയുക്തമായി എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമുള്ള പദ്ധതികളുടെ നിർമ്മാണങ്ങൾക്ക് മേൽനോട്ടം വഹിച്ച് സമയോചിത ഇടപെടലുകൾ നടത്തുന്നതിനായി സിവിൽ എഞ്ചിനീയറിംഗിൽ ബിരുദം / ഡിപ്ലോമ/ ഐ.ടി.ഐ യോഗ്യതയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 35 വയസ്സ് കവിയാത്ത വരെ അക്രഡിറ്റഡ് എഞ്ചിനീയർ /ഓവർസീയർമാരായി രണ്ട് വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ നിയമിക്കുന്ന പദ്ധതി നടപ്പിലാക്കും. പ്രതിമാസം 18,000/-രൂപ നിരക്കിൽ പട്ടികജാതി വികസന വകുപ്പിൽ 300 പേരേയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 200 പേരേയുമാണ് നിയമിക്കുന്നത്. രണ്ട് വർഷത്തിനുശേഷം ഇവർക്കു പകരം പുതിയ ആളുകളെ നിയമിക്കും. പഠനം കഴിഞ്ഞ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പരിശീലനവും തൊഴിൽ പരിചയവും സർക്കാർ സംവിധാനത്തിൽ പ്രവർത്തിച്ചതിന്റെ പരിചയ സർട്ടിഫിക്കറ്റും ലഭിക്കുന്നതോടെ മികച്ച ജോലി സാധ്യതയുണ്ടാകും.

**പട്ടികവർഗ്ഗ വികസനം**

370. **പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ആകെ 735.86 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻ വർഷത്തേക്കാൾ 57.28 കോടി രൂപ അധികമാണ്.**

371. ഗോത്രവർഗ്ഗ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണന സൗകര്യങ്ങൾക്കുമായി എറണാകുളത്ത് ഫോർഷോറിൽ ഒരു ഗോത്രവർഗ്ഗ സാംസ്കാരിക ഹബ്ബ് പട്ടിക വർഗ്ഗ വികസന വകുപ്പ് ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. പ്രകടന കലകളുടെയും പരിശീലനത്തിന്റെയും കേന്ദ്രമായി ഈ ഹബ് പ്രവർത്തിക്കും. ഇതുൾപ്പെടെ വിവര വിദ്യാഭ്യാസ വിനിമയ പദ്ധതികൾക്കായി 2.2 കോടി രൂപ വകയിരുത്തുന്നു.

372. പട്ടിക വർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 1.5 ലക്ഷം രൂപ വീതം നൽകും. അച്ഛനമ്മമാർ മരണപ്പെട്ട പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം 2 ലക്ഷം രൂപ വീതമാണ്. ഈ പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 4.13 കോടി രൂപ വകയിരുത്തുന്നു.

## കേരള ട്രൈബൽ പ്ലസ്

373. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ 'കേരള ട്രൈബൽ പ്ലസ്' എന്ന പേരിൽ ഒരു പദ്ധതി പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നൽകപ്പെടുന്ന 100 ദിവസത്തെ തൊഴിലിന് പുറമേ 100 ദിവസത്തെ അധിക തൊഴിൽ കൂടി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ ലഭ്യമാക്കും. ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ കൂടുതൽ ആദിവാസി കുടുംബങ്ങൾക്ക് അംഗത്വം നൽകുന്നതിനായി പട്ടികവർഗ്ഗക്കാർ കൂടുതലുള്ള ജില്ലകളായ വയനാട്, പാലക്കാട്, ഇടുക്കി, കാസറഗോഡ്, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ പട്ടികവർഗ്ഗ വികസന വകുപ്പും MGNREGA മിഷനും ചേർന്ന് സ്പെഷ്യൽ ഡ്രൈവ് നടത്തും. **ഈ പദ്ധതിയ്ക്കായി 35 കോടി രൂപ വകയിരുത്തുന്നു.**

## ഇടമലക്കുടി സമഗ്ര വികസന പാക്കേജ്

374. സംസ്ഥാനത്തെ ആദ്യ പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടി അഭിമുഖീകരിക്കുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമായി ഇടമലക്കുടി സമഗ്ര വികസന പാക്കേജ് എന്ന പേരിൽ ഒരു പ്രത്യേക ലക്ഷ്യ പരിപാടി വിഭാവനം ചെയ്യുന്നു. 2022-23 വർഷത്തിൽ ഭവനം, വൈദ്യുതി, റോഡ്, ഉപജീവനമാർഗ്ഗം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനും

നിലവിലുള്ള സംയോജിത ഇടമലക്കുടി വികസന പദ്ധതിയിൽ വിഭാവനം ചെയ്യുന്ന വിവിധ പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനുമായി **ഈ പദ്ധതിയ്ക്ക് 15 കോടി രൂപ വകയിരുത്തുന്നു.**

375. ലൈഫ് മിഷൻ ആരംഭിക്കുന്നതിനു മുമ്പ് പട്ടികവർഗ്ഗ വകുപ്പ് ഏറ്റെടുത്തതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിനും പഴയ വീടുകളുടെ കേട്ടുപാടുകൾ പരിഹരിക്കുന്നതിനുമായി **2022–23 സാമ്പത്തിക വർഷം ആകെ 57.20 കോടി രൂപ നീക്കി വയ്ക്കുന്നു.**

376. അരിവാൾ രോഗികളുടെ കുടുംബങ്ങൾക്ക് ജീവിത വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി ഒറ്റത്തവണ ധനസഹായമായി 2 ലക്ഷം രൂപ വീതം അനുവദിക്കും. പദ്ധതിയ്ക്കായി 3.78 കോടി രൂപ വകയിരുത്തുന്നു.

377. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 2000 രൂപ നിരക്കിൽ 18 മാസക്കാലം സാമ്പത്തിക സഹായം നൽകുന്ന **ജനനി ജന്മരക്ഷാ പദ്ധതിക്കായി 2022–23 സാമ്പത്തിക വർഷം 16.5 കോടി രൂപ വകയിരുത്തുന്നു.**

378. പരമ്പരാഗത ഗോത്ര വൈദ്യന്മാർക്ക് ധനസഹായമായി 10,000/– രൂപ നൽകുന്ന 'ഗോത്ര വൈദ്യന്മാർക്ക് ധനസഹായം' പദ്ധതിയിലെ ഗുണഭോക്താക്കളെ

കിർത്താർഡ്സ്-ന്റെ സഹായത്തോടെ തിരഞ്ഞെടുക്കുന്ന താണ്. പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

379. അട്ടപ്പാടി മേഖലയിലെ സ്ത്രീകളും കുട്ടികളും നേരിടുന്ന പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകും. **ഗോത്ര മേഖലയിലെ സ്ത്രീകൾക്കും കുട്ടികൾക്കു മുള്ള ഭക്ഷ്യ സുരക്ഷാ പദ്ധതിക്കായി നടപ്പ് വർഷം 25 കോടി രൂപ വകയിരുത്തുന്നു.**

380. കോഴിക്കോട്ടുള്ള ഗോത്രവർഗ മ്യൂസിയത്തിന്റെ പുനർനിർമ്മാണത്തിനും നവീകരണത്തിനും 'ആദി കലാകേന്ദ്രത്തിന്റെ' ആധുനികവൽക്കരണത്തിനും ആദിവാസി സ്വാതന്ത്ര്യ സമരസേനാനികളെ സംബന്ധി ച്ചുള്ള ഒരു മ്യൂസിയത്തിന്റെ നിർമ്മാണത്തിനുമായി കിർത്താഡ്സ് മുഖേന നടപ്പാക്കുന്ന പദ്ധതിക്ക് സംസ്ഥാന വിഹിതമായി 53.33 ലക്ഷം രൂപ വകയിരുത്തുന്നു.

## മറ്റ് പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമം

381. **മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുള്ള ആകെ അടങ്കൽ 183.84 കോടി രൂപയാണ്.**

382. മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപ്പെട്ട മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥിനികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ് പദ്ധതിയ്ക്കായി 2022-23 കാലയളവിൽ 1 കോടി രൂപ വകയിരുത്തുന്നു.

383. സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൂലധന വിഹിതമായി 16 കോടി രൂപ വകയിരുത്തുന്നു. കേരളത്തിലെ 65 വയസിൽ താഴെയുള്ള മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട തെരുവ് കച്ചവടക്കാർക്ക് 4% പലിശ നിരക്കിൽ പരമാവധി 50000 രൂപ വരെ വായ്പ ലഭ്യമാക്കുന്നതാണ്.

384. പട്ടിക വിഭാഗത്തിൽ നിന്നും മറ്റ് ശുപാർശിത വിഭാഗങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായി ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, വിവാഹ ധനസഹായം, മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം തുടങ്ങി വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കുന്നതിനായി **കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന് 5.70 കോടി രൂപ അനുവദിക്കുന്നു.**

385. മറ്റ് അർഹരായ സമുദായത്തിൽപ്പെട്ട (ഒ.ഇ.സി) വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസ ധനസഹായത്തിനായി 50 കോടി രൂപ വകയിരുത്തുന്നു.

386. പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള വിദേശ സ്കോളർഷിപ്പ് പദ്ധതിയ്ക്കായി 2.30 കോടി രൂപ വകയിരുത്തുന്നു.

387. SSLC, +2 പരീക്ഷകളിൽ A+ ഗ്രേഡും, ബിരുദത്തിന് 80%-വും ബിരുദാനന്തര ബിരുദത്തിന് 75%-വും മാർക്ക് നേടുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യ രേഖക്ക് താഴെയുള്ള

മിടുക്കരായ വിദ്യാർത്ഥികൾക്ക് 10000 രൂപ മുതൽ 15000 രൂപ വരെ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് നൽകുന്നതാണ്. ഇതുൾപ്പെടെയുള്ള വിവിധ സ്കോളർഷിപ്പുകൾ നൽകുന്നതിനായി 6.52 കോടി രൂപ നീക്കി വയ്ക്കുന്നു.

388. ത്രിവൽസര ഡിപ്ലോമാ കോഴ്സുകൾ പഠിക്കുന്ന ദാരിദ്ര്യ രേഖക്ക് താഴെ വരുന്ന ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് നൽകുന്നതിനായി 82 ലക്ഷം രൂപ വകയിരുത്തുന്നു.

389. **കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷന് വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കുന്ന തിലേക്ക് 38.05 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ 5 കോടി രൂപ കോർപ്പറേഷന്റെ മൂലധനത്തിലേക്കുള്ള സർക്കാർ സഹായമാണ്.

390. **'സാമൂഹ്യ സുരക്ഷയും ക്ഷേമവും' എന്ന മേഖലയിൽ വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കുമായി ആകെ 679.92 കോടി രൂപ വകയിരുത്തുന്നു.**

391. തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്-ന് ന്യൂറോ ഡെവലപ്മെന്റ് സയൻസ് പ്രോഗ്രാം, അക്കാദമിക പരിപാടികൾ, ഉന്നതവിദ്യാഭ്യാസ ഫൗണ്ടേഷൻ പ്രോഗ്രാം തുടങ്ങിയ പദ്ധതികൾക്കായി 18.93 കോടി രൂപ വകയിരുത്തുന്നു.

392. സമഗ്ര എൻഡോസൾഫാൻ പാക്കേജിനായി 17 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 80%-വും വനിതാ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നതാണ്.

## ട്രാൻസ് ജെൻഡർ

393. ട്രാൻസ് ജെൻഡർമാരുടെ ക്ഷേമവും ആരോഗ്യവും തൊഴിലും ഉറപ്പുവരുത്താനുള്ള പദ്ധതികൾ ഇപ്പോൾ തന്നെ സംസ്ഥാനത്തുണ്ട്. എന്നാൽ ട്രാൻസ് ജെൻഡറുകൾക്ക് തൊഴിൽ ചെയ്യാൻ കഴിയാത്ത സാഹചര്യവും ചിലയിടങ്ങളിൽ നിലവിലുണ്ട്. ട്രാൻസ് ജെൻഡറുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാമൂഹ്യ പരിരക്ഷ നൽകാനുമുള്ള കൂടുതൽ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കും. **ട്രാൻസ്ജൻഡർമാർക്ക് വേണ്ടിയുള്ള മഴവില്ല് പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തുന്നു.**

## മുതിർന്ന പൗരന്മാരുടെ സംരക്ഷണം

394. സംസ്ഥാനത്തിന്റെ ജനസംഖ്യയിലെ മുതിർന്ന പൗരന്മാരുടെ അനുപാതം ഓരോ വർഷവും വർദ്ധിക്കുകയാണ്. 2021-ൽ ഇത് 16.5% ആയി ഉയരുമെന്നാണ് സെൻസസ് അനുമാനം. മുതിർന്ന പൗരന്മാരുടെ ആരോഗ്യകരമായ ജീവിതവും സംരക്ഷണവും ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. പലപ്പോഴും അവർ പൊതുജീവിതത്തിൽ നിന്നും മാറ്റിനിർത്തപ്പെടുന്ന സാഹചര്യം പലയിടങ്ങളിലുമുണ്ട്. പലവിധ കഴിവുകളുള്ള ഇവരെ വീടിനുള്ളിലേക്ക്

ഒതുക്കാതെ പൊതുരംഗത്തും വിവിധ മേഖലകളിലും സജീവമാക്കുന്നതിന് വേണ്ട പദ്ധതികളും ആവിഷ്കരിക്കണം. ആരോഗ്യ പ്രശ്നങ്ങളുള്ള വയോജനങ്ങളെ സഹായിക്കുന്നതിനായി നിലവിലുള്ള വയോമിത്രം പദ്ധതിയ്ക്ക് പുറമേ പുതിയ പദ്ധതികൾ കൂടി ആവിഷ്കരിക്കും. അന്താരാഷ്ട്ര നിലവാരത്തിലുള്ള വയോജന സൗഹൃദ പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. വയോജന പരിപാലനത്തിനുള്ള വിവിധ കോഴ്സുകളും പരിശീലന പദ്ധതികളും ആരംഭിക്കും. **മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയിട്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു.**

395. **നടപ്പ് വർഷം വയോമിത്രം പദ്ധതിക്ക് 27.50 കോടി രൂപ വകയിരുത്തുന്നു.**

396. വയോജനങ്ങൾക്കായി 'പ്രത്യേക വയോജന ക്ലിനിക്കുകൾ' ആരംഭിക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**വനിതാ-ശിശു വികസനം**

397. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഒഴിവാക്കുകയാണ് 'നിർഭയ' പ്രവർത്തനങ്ങൾ കൊണ്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്കായി 9 കോടി രൂപയും ലിംഗ അവബോധത്തിന് 1 കോടി രൂപയും വനിതാശാക്തീകരണത്തിന് 14 കോടി രൂപയും ഉൾപ്പെടെ 24 കോടി രൂപ വകയിരുത്തുന്നു.

398. ലിംഗ സമത്വത്തെക്കുറിച്ച് പഠിക്കുന്നതിനും, ഗവേഷണം നടത്തുന്നതിനുമായി സംസ്ഥാന സർക്കാരും അക്കാദമിക് സമൂഹവും പൊതു സമൂഹവും ഒന്നിക്കുന്ന ഒരു വേദി എന്ന നിലയിൽ വിഭാവനം ചെയ്തിരിക്കുന്ന ജെൻഡർ പാർക്കിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

**ജെൻഡർ ബജറ്റ്**

399. **2022-23 ൽ ജെൻഡർ ബജറ്റിനായുള്ള അടങ്കൽ 4665.20 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.** ഇത് സംസ്ഥാനത്തെ ആകെ പദ്ധതി വിഹിതത്തിന്റെ 20.90 ശതമാനമാണ്. നിലവിലുള്ള സ്കീമുകൾ തുടരുന്നതിന് പുറമേ സ്ത്രീകൾക്കും കുട്ടികൾക്കും ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെട്ടവർക്കും സാമൂഹിക സുരക്ഷാ ഉറപ്പ് വരുത്താൻ ഉതകുന്ന പുതിയ 16 സ്കീമുകൾ ആരംഭിക്കുന്നതാണ്. ലിംഗ സമത്വത്തിന് വേണ്ടിയുള്ള സാംസ്കാരിക ഉദ്യമമായ 'സമം', നിർഭയ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള 'വെഹിക്കിൾ ട്രാക്കിംഗ് ഫ്ലാറ്റ്ഫോം' സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വിഭാഗകാർക്കും വേണ്ടിയുള്ള കലാ സാംസ്കാരിക പരിപാടി, എം.എസ്.എം.ഇ കൾക്കുള്ള പ്രത്യേക പാക്കേജ് എന്നിവ ഇവയിൽ ചിലതാണ്. സ്ത്രീകൾക്ക് മെച്ചപ്പെട്ട ലിംഗ സൗഹൃദസൗകര്യങ്ങളും സുരക്ഷിതമായ ഭവനവുമാണ് 2022-23 ൽ ജെൻഡർ ബജറ്റിന്റെ പ്രധാന ലക്ഷ്യം.

**അംഗനവാടി മെനുവിൽ പാലും, മുട്ടയും ഉൾപ്പെടുത്തൽ**

400. കേരളത്തിലെ കുട്ടികളുടെ പോഷക ആഹാര നിലവാരം മെച്ചപ്പെടുത്താനും വിശപ്പ് രഹിത ബാല്യം എന്ന സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിനുമായി അംഗനവാടി മെനുവിൽ ആഴ്ചയിൽ രണ്ട് ദിവസം പാലും, രണ്ട് ദിവസം മുട്ടയും ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. **പദ്ധതിക്കായി 61.5 കോടി രൂപ വകയിരുത്തുന്നു.**

401. **സംയോജിത ശിശു വികസന പദ്ധതിയ്ക്കായി 188 കോടി രൂപ വകയിരുത്തുന്നു.**

402. കോവിഡ്-19 മഹാമാരി മൂലം മാതാപിതാക്കളിൽ ഒരാളെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപ്പെട്ട കുട്ടികളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്രമായ പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് പ്രകാരം 3 കാര്യങ്ങളാണ് ഉദ്ദേശിക്കുന്നത്.

    1. കുട്ടിയുടെ പേരിൽ 3 ലക്ഷം രൂപ നിക്ഷേപിക്കും.
    2. ഓരോ കുട്ടിക്കും 18 വയസ്സ് തികയുന്നതു വരെ പ്രതിമാസം 2000 രൂപ അനുവദിക്കും.
    3. മറ്റ് അടിയന്തിര സഹായങ്ങൾ

403. ഈ പുതിയ പദ്ധതിക്കായി 2022-23 ബജറ്റിൽ 2 കോടി രൂപ വകയിരുത്തുന്നു.

**ചിൽഡ്രൻസ് ഹോം**

404. ഇടുക്കി ജില്ലയിൽ ഒരു ചിൽഡ്രൻസ് ഹോം ആരംഭിക്കും. ഇതിനായി 1.30 കോടി രൂപ വകയിരുത്തുന്നു.

**ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്ക് കെട്ടിടം**

405. **ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്കും, ഡി.പി.സി കെട്ടിടങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 15.42 കോടി രൂപ വകയിരുത്തുന്നു.**

**കിഫ്ബി**

406. മൂലധന നിക്ഷേപം ഉയർത്തി സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള സംവിധാനമെന്ന നിലയിലാണ് കേരളം കിഫ്ബിയെ ഉറ്റുനോക്കുന്നത്. 50000 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്ക് കിഫ്ബി വഴി പണം നൽകി നടപ്പാക്കുമെന്ന് മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്നു. റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളവിതരണം, ജലസേചനം, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലെ പദ്ധതികൾക്ക് കിഫ്ബി ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്. അങ്ങനെ **50,762.05 കോടി രൂപയുടെ 955 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും 20,000 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കൽ പൂൾ ഉൾപ്പെടെ ഏഴ് പദ്ധതികളും അനുവദിച്ചു. കിഫ്ബി**

**ഫണ്ടിംഗ് വഴി ഇതുവരെ 70,762.05 കോടി രൂപയുടെ 962 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.**

407. അംഗീകാരം നൽകിയ പദ്ധതികളിലേയ്ക്കായി നാളിതുവരെ 17,052.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ് 19-ന്റെ ആദ്യ തരംഗത്തിൽ നിന്ന് വ്യത്യസ്തമായി, രണ്ടാം തരംഗത്തിലും ഉയർന്ന തീവ്രതയുള്ള മൂന്നാം തരംഗത്തിലും കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ തുടർന്നു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രകടനം മെച്ചപ്പെടുത്തി എന്നതിൽ സംശയമില്ല.

408. കഴിഞ്ഞ സർക്കാരിന്റെ ബജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച തീരസംരക്ഷണ പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും കിഫ്ബി ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കി വരികയാണ്. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ചെല്ലാനത്തെ തകർന്ന കടൽഭിത്തിയുടെയും പുലിമുട്ടിന്റെയും നവീകരണവും പുനർനിർമ്മാണവും എൻ.സി.സി.ആർ (NCCR)-ന്റെയും എൻ.ഐ.ഒ.റ്റി (NIOT) യുടെയും സാങ്കേതിക പിന്തുണയോടെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. എം.എൽ.എ ഫണ്ടും കിഫ്ബിയിൽ നിന്നുള്ള ധനസഹായവും ഉപയോഗിച്ച് എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നതും യാഥാർത്ഥ്യമാവുകയാണ്. പലതും ഇപ്പോൾ നിർമ്മാണത്തിന്റെ ഘട്ടങ്ങളിലാണ്. 2134.50

കോടി രൂപ ചെലവിൽ കേരളത്തിലെ ആനക്കാംപൊയിൽ- കല്ലടി-മേപ്പാടി ടണൽ റോഡ് പദ്ധതിയ്ക്ക് കിഫ്ബി അംഗീകാരം നൽകി. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡായിരിക്കും നിർവ്വഹണ ഏജൻസി.

409. കൊച്ചി–ബംഗളൂരു വ്യവസായ ഇടനാഴിയുടെ (കെ.ബി.ഐ.സി) വികസനത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് കിൻഫ്ര പാലക്കാട് 1351 ഏക്കറിൽ ഇൻഡസ്ട്രിയൽ മാനുഫാക്ചറിംഗ് ക്ലസ്റ്റർ (എൽ.എം.സി) ഏറ്റെടുക്കാൻ തുടങ്ങി. കെ.ബി.ഐ.സിയുടെ ഭാഗമായി ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ട്രേഡ് (ഗിഫ്റ്റ് ) സിറ്റി എന്ന പേരിൽ ഒരു പ്രോജക്ട് വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നു. ഗിഫ്റ്റ് സിറ്റി ഒരു നോൺ–മാനുഫാക്ചറിംഗ് ക്ലസ്റ്ററായും അങ്കമാലിയിലെ ഒരു ബിസിനസ് കേന്ദ്രമായും വികസിപ്പിക്കും. പദ്ധതിയ്ക്കായി 144.9759 ഹെക്ടർ (358.24 എക്കർ) ഭൂമി ഏറ്റെടുക്കുന്നതിന് പലിശയോടുകൂടിയ വായ്പ നൽകാൻ കിഫ്ബി സമ്മതിച്ചിട്ടുണ്ട്.

410. കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ തിരുവനന്തപുരത്തെ കാരോട് വരെയുള്ള എൻ.എച്ച് 66–ന്റെ 600 കിലോമീറ്റർ ദൈർഘ്യമുള്ള ആറുവരിപ്പാത യാഥാർത്ഥ്യമാകുന്നത് ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25 ശതമാനം കിഫ്ബി പങ്കിട്ടതിനാലാണ്. ഇതിനായി **കിഫ്ബി 6769.01 കോടി രൂപ അനുവദിക്കുകയും 5311 കോടി രൂപ എൻ.എച്ച്.എ.ഐ (NHAI)–യ്ക്ക് നൽകുകയും ചെയ്തു.**

## കേരള ഭാഗ്യക്കുറി

411. ഭാഗ്യക്കുറി മേഖലയിലെ എഴുത്തുലോട്ടറി പോലുള്ള അനധികൃത ഭാഗ്യക്കുറികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പ്രത്യേക സെൽ രൂപീകരിക്കുന്നതാണ്.

412. ഭാഗ്യക്കുറികളിലൂടെ വലിയ തുക സമ്മാനമായി ലഭിക്കുന്ന വ്യക്തികൾക്ക് ഈ തുകയുടെ വിനിയോഗം സംബന്ധിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ സാമ്പത്തിക വിദഗ്ധരുമായി ചേർന്ന് ധനകാര്യ മാനേജ്മെന്റിൽ പരിശീലനം നൽകുന്നതാണ്.

413. ഭാഗ്യക്കുറി വകുപ്പിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിന്റെ രണ്ടാം വേർഷൻ അപ്ഡേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതോടൊപ്പം Sales Tracking System നടപ്പിലാക്കും.

414. ഭാഗ്യക്കുറി ടിക്കറ്റിൽ നിലവിലുള്ളതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തും.

415. കോവിഡിനെ തുടർന്ന് നിർത്തി വച്ചിരുന്ന ലോട്ടറികൾ പൂർണമായും പുനസ്ഥാപിക്കും. കോവിഡിന് മുമ്പുണ്ടായിരുന്ന സ്ഥിതിയിലേക്ക് ലോട്ടറികളുടെ ഘടനയും പ്രവർത്തനങ്ങളും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

**ട്രഷറി**

416. **ധനകാര്യ ഇടപാടുകളുടെ അധിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഐ.എഫ്.എം.എസ് (IFMS). ആപ്ലിക്കേഷനുകൾ ട്രഷറി നെറ്റ് വർക്കിൽ മാത്രം ലഭ്യമാകുന്ന തരത്തിൽ നിയന്ത്രണം ഏർപ്പെടുത്തും.** ജീവനക്കാരുടെ പെൻ നമ്പർ, ഒ.ടി.പി. എന്നിവ ഉപയോഗിച്ച് മാത്രം സിസ്റ്റത്തിൽ പ്രവേശിക്കുവാൻ കഴിയുന്ന തരത്തിൽ സ്പാർക്കുമായി ബന്ധിപ്പിക്കും. ജീവനക്കാർ ഓഫീസിൽ ഹാജരാകുകയാണെങ്കിൽ മാത്രം ഒ.ടി.പി. ജനറേറ്റ് ചെയ്ത് ഇടപാടുകൾ നടത്തുവാൻ കഴിയുംവിധം നിയന്ത്രണം കൊണ്ടുവരും. ഐ.പി. അധിഷ്ഠിത സുരക്ഷ, ലോഗിൻ ചെയ്യുവാൻ കഴിയാത്ത തരത്തിൽ അവധിദിന നിയന്ത്രണം, ഹാജർ അടിസ്ഥാനത്തിലുള്ള ഇടപാട് നിയന്ത്രണം, സേവനത്തിൽ നിന്ന് വിരമിക്കുമ്പോഴും, സ്ഥലം മാറ്റം ലഭിക്കുന്നതിന് അനുസൃതമായും ട്രഷറി സിസ്റ്റം ഉപയോഗിക്കുവാൻ കഴിയാത്ത തരത്തിൽ ഓട്ടോ ഡീ-ആക്ടിവേഷൻ എന്ന അധിക സുരക്ഷാ നിയന്ത്രണങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുന്നതാണ്.

417. ട്രഷറി ഇടപാടുകളുടെ പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 01.04.2022 മുതൽ ആധാർ അധിഷ്ഠിത ബയോമെട്രിക് ഓതന്റിക്കേഷൻ (AEBAS) ഏർപ്പെടുത്തുന്നതാണ്.

## ഇ-വാലറ്റ് സംവിധാനം

418. അടുത്ത സാമ്പത്തിക വർഷത്തിൽ TSB Online പോർട്ടലിനെ ഇ-ട്രഷറിയുമായി ബന്ധിപ്പിച്ച് ഇടപാടുകാർക്ക് സാദ്ധ്യമാകുന്ന തരത്തിൽ ഒരു ഇ-വാലറ്റ് സംവിധാനം നടപ്പിലാക്കും. അതുവഴി Utility Payments സാദ്ധ്യമാക്കും.

## പെൻഷൻ അദാലത്ത് - വാതിൽപ്പടി സേവനം

419. മുതിർന്ന പൗരന്മാർക്ക് മസ്റ്ററിംഗിനായി ട്രഷറികൾ സന്ദർശിക്കേണ്ടിവരുന്നത് മൂലമുണ്ടാകുന്ന പ്രയാസങ്ങൾ ഒഴിവാക്കുന്നതിനും, വാതിൽപ്പടി സേവനം ട്രഷറി വകുപ്പിൽ നടപ്പാക്കുന്നതിന്റെ ആദ്യപടിയായും, 80 വയസ്സ് കഴിഞ്ഞ പെൻഷൻകാരുടെ ലൈഫ് മസ്റ്ററിംഗ് വീട്ടുപടിക്കൽ എത്തി ചെയ്യാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## കെ.എസ്.എഫ്.ഇ

420. കെ.എസ്.എഫ്.ഇ വിഭാവനം ചെയ്തിട്ടുള്ള 'വിഷൻ 2025' പ്രകാരം 2025-ഓടെ ശാഖകളുടെ എണ്ണം 1000 ആയും ഇടപാടുകാരുടെ എണ്ണം ഒരു കോടിയായും വിറ്റുവരവ് ഒരു ലക്ഷം കോടി രൂപയായും ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി 2022-23-ൽ മൂന്ന് മേഖലാ ഓഫീസുകളും 50 പുതിയ ശാഖകളും 15 മൈക്രോ ശാഖകളും ആരംഭിക്കും. പൊതുജനങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും സമീപിക്കാവുന്ന ഒരു ലോൺ ഹബ്ബായി

കെ.എസ്.എഫ്.ഇ–യെ ഉയർത്തുന്നതിനുള്ള പരിഷ്കാരങ്ങളും പുതിയ വായ്പാ പദ്ധതികളും ആരംഭിക്കും.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

421. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ കാര്യക്ഷമമായ പ്രവർത്തന ഫലമായി രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന ധനകാര്യ സ്ഥാപനമായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മാറുകയുണ്ടായി. സ്ഥാപനത്തിന്റെ നിർജ്ജീവ ആസ്തികൾ 2015–16–ലെ 10.75 ശതമാനത്തിൽ നിന്നും 3.58 ശതമാനമാക്കി കുറക്കാൻ കഴിഞ്ഞു. 2015–16–ൽ 838.36 കോടി രൂപയായിരുന്ന വായ്പ വിതരണം 2021–22–ൽ 1040 കോടിയിലധികമായി. മാത്രവുമല്ല വായ്പ തിരിച്ചടവ് 2015–16–ലെ 758.26 കോടി രൂപയിൽ നിന്നും 2021–22–ൽ 2150 കോടിയിലധികമായി ഉയരുകയും ചെയ്തു.

422. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ മൊത്ത വായ്പാ ആസ്തി അടുത്ത രണ്ട് വർഷത്തിനകം 10,000 കോടി രൂപയായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. കെ.എഫ്.സി ക്ക് 16 ബ്രാഞ്ചുകളാണ് നിലവിലുള്ളത്. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ സാന്നിദ്ധ്യം കേരളത്തിന്റെ മറ്റു പ്രദേശങ്ങളിലേക്കും എത്തേണ്ട തായുണ്ട്. ഈ ആവശ്യത്തിലേക്കായി കോർപ്പറേഷന്റെ ബ്രാഞ്ചുകളുടെ എണ്ണം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ വർഷം കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ കെ.എഫ്.സി.യുടെ അഞ്ച് പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതാണ്.

## സ്റ്റാർട്ടപ്പ് കേരള

423. സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ ആശയ രൂപീകരണം, ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഉൽപ്പന്ന പരീക്ഷണം, വാണിജ്യവത്കരണം, വിപുലീകരണം തുടങ്ങി എല്ലാ വളർച്ചാ ഘട്ടങ്ങളിലും സഹായം നൽകത്തക്കരീതിയിൽ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ സ്റ്റാർട്ടപ്പ് കേരള പദ്ധതിയെ പുനരാവിഷ്കരിക്കും. സ്റ്റാർട്ടപ്പ് ഗ്യാരണ്ടി ഫണ്ടിൽ ഉൾപ്പെടുത്തി കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ പർച്ചേയ്സ് ഓർഡറുകൾ, വെഞ്ചർ ഡെബ്റ്റ്, ഉൾപ്പെടെ ലളിതമായ വ്യവസ്ഥയിൽ 10 കോടി രൂപ വരെ വായ്പ അനുവദിക്കത്തക്ക രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. **കെ.എഫ്.സി 250 കോടി രൂപ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കായി വകയിരുത്തുന്നതാണ്.**

## മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി (CMEDP)

424. സംരംഭകരെ കൂടാതെ ഓരോ സ്ഥാപനത്തിൽനിന്നും 10 പേർക്ക് പ്രത്യക്ഷമായും 10 പേർക്ക് പരോക്ഷമായും തൊഴിൽ നൽകത്തക്ക രീതിയിൽ ഒരു വർഷം 500 ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി. 5% പലിശനിരക്കിൽ 1 കോടി രൂപവരെ ഒരോ സംരംഭത്തിനും വായ്പ ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ വായ്പാ പരിധി 2 കോടി രൂപയായി വർദ്ധിപ്പിച്ച് ഈ വർഷം

**500 കോടി രൂപ വായ്പ നൽകത്തക്ക രീതിയിൽ പദ്ധതിയെ പുനരാവിഷ്കരിക്കുന്നതാണ്. ഈ പദ്ധതിയ്ക്ക് പലിശയിളവ് നൽകുന്നതിനായി 18 കോടി രൂപ വകയിരുത്തുന്നു.**

**കേരളാ MSME ബിൽ ഡിസ്കൗണ്ടിംഗ് പ്ലാറ്റ്ഫോം (KMBDP).**

425. പൊതുമേഖലാ സ്ഥാപനങ്ങൾ ചെറുകിട ഇടത്തര സംരംഭമേഖലയിലെ നിരവധി സംരംഭങ്ങളുടെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിനായി പുതയൊരു സ്കീം കെ.എഫ്.സി നടപ്പിലാക്കും. ബില്ലുകൾ ലളിതമായ വ്യവസ്ഥയിലും കുറഞ്ഞപലിശ നിരക്കിലും ഡിസ്കൗണ്ട് ചെയ്ത് നൽകത്തക്കരീതിയിലാണ് പദ്ധതി ആവിഷ്കരിക്കുന്നത്. **കെ.എഫ്.സി MSME ബിൽ ഡിസ്കൗണ്ടിംഗ് പദ്ധതിക്കായി 1000 കോടി രൂപ വകയിരുത്തുന്നതാണ്.**

**ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് പ്രവർത്ത മൂലധന വായ്പ**

426. ചെറുകിട-ഇടത്തര വ്യവസായ സംരംഭങ്ങൾ അഭിമുഖീ കരിക്കുന്ന പ്രധാന പ്രശ്നമാണ് പ്രവർത്തമൂലധനത്തിന്റെ അഭാവം. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ചെറുകിട-ഇടത്തര വ്യവസായ സംരംഭങ്ങൾക്കായി വെർച്ച്വൽ പ്രവർത്തമൂലധന വായ്പ പദ്ധതി ആരംഭിക്കുന്നതാണ്. ഉദ്യം രജിസ്ട്രേഷനുള്ള ചെറുകിട-ഇടത്തര-മൊത്ത കച്ചവടക്കാരെയും പ്രവർത്തനമൂലധന വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തും.

**കെ.എഫ്.സി MSME പ്രവർത്തനമൂലധന വായ്പയ്ക്കായി 500 കോടി രൂപ വകയിരുത്തുന്നു.**

### കാർഷിക മേഖലയ്ക്കുള്ള വായ്പ

427. കാർഷിക വ്യവസായങ്ങൾ, അഗ്രി-സ്റ്റാർട്ടപ്പുകൾ, സംസ്കരണം, വിപണനം കാർഷിക ഉൽപന്നങ്ങളുടെ വ്യാപാരം, ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ, വെയർഹൗസ്, ഗോഡൗൺ, കോൾഡ് സ്റ്റോറേജ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് 5% പലിശ നിരക്കിൽ 10 കോടി രൂപ വരെ വായ്പ നൽകാൻ കെ.എഫ്.സി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കും. ഈ പദ്ധതിക്കായി **കെ.എഫ്.സി 250 കോടി രൂപ മാറ്റിവയ്ക്കും. ഇതിന് പലിശയിളവ് നൽകുന്നതിനായി 3 കോടി രൂപ വകയിരുത്തുന്നു.**

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

428. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ലോക്കൽ ഫണ്ട് വിനിയോഗത്തെക്കുറിച്ച് സമഗ്ര വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ ഭരണാധികാരികൾക്ക് യഥാസമയം നൽകുന്നതിനായി 'Comprehensive data Analysis & Reporting Management System' എന്ന പേരിൽ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതാണ്.

429. ഓഡിറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുഴുവനായും ഓട്ടോമേഷൻ ചെയ്യുന്നതിനായി നിലവിലുള്ള Audit Information Management System (AIMS)-നെ നവീകരിക്കുന്നതാണ്.

## ഐ.എം.ജി

430. ഐ.എം.ജി യുടെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ ഒന്നാണ് സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി (STP). പോളിസിയുടെ ഭാഗമായി വർഷം തോറും ആയിരത്തി നട്ടത്ത് പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. പദ്ധതിക്കായി 19.8 കോടി രൂപ വകയിരുത്തുന്നു.

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

431. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഴുവൻ ജില്ലാ ഓഫീസുകൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പി.എസ്.സി യുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 6 കോടി രൂപ വകയിരുത്തുന്നു. **പി.എസ്.സി-യുടെ റീജണൽ ഓഫീസുകളുടെ നിർമ്മാണത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.**

## പോലീസ്

432. പോലീസ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിനായി വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതുവഴി ഫീൽഡ്തല സേനാംഗങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുകയും വകുപ്പ് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യമിടുന്നത്. **പോലീസ് വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി 149.47 കോടി രൂപ വകയിരുത്തുന്നു.**

### പോക്സോ കോടതി സ്ഥാപിക്കൽ

433. പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ തീർപ്പാക്കുന്നതിനായി നിലവിലുള്ള 28 കോടതികൾക്ക് പുറമെ 28 പുതിയ അതിവേഗ സ്പെഷ്യൽ കോടതികൾ കൂടി നടപ്പ് വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലേക്ക് 8.5 കോടി രൂപ വകയിരുത്തുന്നു.

### അഗ്നി രക്ഷാ വകുപ്പ്

434. **അഗ്നിരക്ഷാ സേനയുടെ ആധുനിക വൽക്കരണത്തിനായി 77 കോടി രൂപ അനുവദിക്കുന്നു.** ഇതിൽ 72.5 കോടിയും വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായാണ് വകയിരുത്തിയിട്ടുള്ളത്.

### ജയിലുകളുടെ നവീകരണം

435. സംസ്ഥാനത്തെ ജയിലുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 13 കോടി രൂപ വകയിരുത്തുന്നു.

### തടവുകാരുടെ ക്ഷേമം

436. സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ, ജില്ലാ ജയിലുകൾ തുടങ്ങി എല്ലാ ജയിലുകളിലേയും തടവുകാരുടെ മാനസാന്തരത്തിനും പുനരധിവാസത്തിനും ഉതകുന്ന രീതിയിൽ തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും മറ്റ്

ക്ഷേമപ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതാണ്. ഇതിനായി 8 കോടി രൂപ വകയിരുത്തുന്നു. തൊഴിലധിഷ്ഠിത പരിശീലനം, സെമിനാറുകൾ, റിഫ്രഷർ കോഴ്സുകൾ മുതലായവ സംഘടിപ്പിക്കുന്നതാണ്.

**എക്സൈസ്**

437.

1. കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വൈനും മറ്റ് ചെറു-ലഹരി പാനീയങ്ങളും പഴങ്ങളിൽ നിന്നും മറ്റ് ധാന്യേതര കാർഷിക വിഭവങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്നതിന് ചെറുകിട നിർമ്മാണ യൂണിറ്റുകളുൾപ്പെടെയുള്ളവയെ പ്രോത്സാഹിപ്പിക്കും.

2. അബ്കാരി കുടിശ്ശികകകൾ ഈടാക്കുന്നതിന് ആംനസ്റ്റി സ്കീം നടപ്പിലാക്കും. കോടതി വ്യവഹാരങ്ങൾ പിൻവലിക്കുന്നവർക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നത് പരിഗണിക്കുന്നതാണ്. ആംനെസ്റ്റി പദ്ധതി പുനരവതരിപ്പിക്കുന്നതിലൂടെ അബ്കാരി കേസുകൾ തീർപ്പാക്കി കുടിശ്ശിക കാര്യക്ഷമമായി പിരിച്ചെടുക്കാനുമുള്ള നടപടികൾ സ്വീകരിക്കും. ഒറ്റത്തവണ തീർപ്പാക്കൽ ആംനെസ്റ്റി പദ്ധതി പ്രത്യേക വ്യവസ്ഥകൾ പ്രകാരമാകും നടപ്പിലാക്കുക.

3. ഓരോ ജില്ലയിലും ഒരു കൗൺസലിംഗ് കേന്ദ്രവും രണ്ട് ഡീ അഡിക്ഷൻ കേന്ദ്രങ്ങളും തുടങ്ങുന്നതാണ്. കൂടാതെ മയക്ക് മരുന്നിന് അടിമകളായവർക്ക് വേണ്ടി പുനരധിവാസ കേന്ദ്രങ്ങളും ആരംഭിക്കും.

4. മയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികളെ കായിക പ്രവർത്തനങ്ങളിലും മറ്റും കൂടുതൽ ആകൃഷ്ടരാക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ള 'ഉണർവ് ' പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കും.

5. തിരുവല്ലയിലെയും ചിറ്റൂരിലെയും പഴയ പഞ്ചസാര മില്ലുകൾ പുനരുദ്ധരിച്ച് പൊതുമേഖലയിൽ തന്നെ നിലനിർത്തി നവീനങ്ങളായ വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നു. ഇതിലൂടെ കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നതാണ്.

438. എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി വയർലസ് സംവിധാനം സ്ഥാപിയ്ക്കൽ, പുതിയ വാഹനം വാങ്ങൽ, കൈത്തോക്ക് വാങ്ങൽ, എക്സൈസ് റേഞ്ച് ഓഫീസുകളുടെയും കോംപ്ലക്സുകളുടെയും നിർമ്മാണം മുതലായവക്കായി 10.5 കോടി രൂപ വകയിരുത്തുന്നു.

## വിമുക്തി – ഡി അഡിക്ഷൻ സെന്റർ

439. മദ്യവും മയക്ക് മരുന്നും ഉൾപ്പടെയുള്ള ലഹരി വസ്തുക്കൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന വിപത്തുകൾക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനായി രൂപം നല്കിയ **ലഹരി വിരുദ്ധ പ്രചാരണ പരിപാടിയായ വിമുക്തിക്ക് 8.18 കോടി രൂപ വകയിരുത്തുന്നു.**

## റവന്യൂ വകുപ്പ്

### സ്മാർട്ട് റവന്യൂ ഓഫീസുകൾ

440. പൗരൻമാർക്ക് അതിവേഗം സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഉതകുന്ന വിധം ജില്ലാ കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ/ സബ് കളക്ടർ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ **സ്മാർട്ട് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 48 കോടി രൂപ വകയിരുത്തുന്നു.**

441. **റവന്യൂ വകുപ്പ് കംപ്യൂട്ടർവൽക്കരിക്കുന്നതിനായി 23 കോടി രൂപ വകയിരുത്തുന്നു.**

## സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

442. മാറിയ നികുതി നിയമങ്ങളുടെയും സാങ്കേതിക രംഗത്തുണ്ടായിട്ടുള്ള നവീകരണത്തിന്റെയും ഭാഗമായി നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം

നടപ്പാക്കുന്നതിനായി വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് സാധ്യമാക്കുന്നതിനായി മോഡൽ 2 GSTN സൊല്യൂഷൻ പൊലുള്ള വിവര സാങ്കേതിക രംഗത്തെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന 'ടാക്സ് പേയേഴ്സ് പ്രൊഫൈൽ കാർഡ്' എന്ന സംരംഭത്തിലൂടെ നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനും അതുവഴി 'നികുതി ചോർച്ച' ഒഴിവാക്കാനും സഹായകരമാകും. **വകുപ്പിനെ സാങ്കേതികമായി ശക്തിപ്പെടുത്തുന്നതിനായി 100% ഡിജിറ്റൈസേഷൻ നടപ്പാക്കും.**

443. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് വിവര സാങ്കേതിക വിദ്യാ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായി 2.92 കോടി രൂപ വകയിരുത്തുന്നു.

444. **കണ്ണൂരിൽ സ്റ്റേറ്റ് GST കോംപ്ലക്സ് നിർമ്മിക്കുന്നതിനായി നടപ്പ് വർഷം 3.5 കോടി രൂപ വകയിരുത്തുന്നു.**

445. പൊതുജനങ്ങൾക്കും സർക്കാരിനും ഒരുപോലെ ഗുണകരമാകുന്ന രീതിയിൽ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് പുനഃ സംഘടിപ്പിക്കും. പൊതുജനങ്ങൾക്ക് വകുപ്പിൽ നിന്നും മെച്ചപ്പെട്ട നിലവാരത്തിലുള്ള സേവനം ലഭ്യമാക്കും. പുനസംഘടനയിലൂടെ നികുതി നിർവഹണത്തിലും നികുതി പിരിവിലും ഉള്ള കാര്യക്ഷമതയിൽ വലിയ രീതിയിൽ വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടങ്ങൾ, വാഹനങ്ങൾ, വിവര സാങ്കേതികതയുമായി ബന്ധപ്പെട്ട

അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ വകുപ്പിന് ലഭ്യമാക്കും.

**ലക്കി ബിൽ സ്കീം**

446. ലക്കി ബിൽ സ്കീം എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കും. ഈ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ജി.എസ്.ടി. ഇൻവോയ്സുകൾ അപ്-ലോഡ് ചെയ്യാവുന്നതും ഇപ്രകാരം ഇൻവോയ്സുകൾ അപ്-ലോഡ് ചെയ്യുന്നവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതുമാണ്. ഈ മൊബൈൽ ആപ്ലിക്കേഷൻ മുഖേന സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന് നികുതിദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ സാധിക്കുന്നതാണ്. ഇത് നികുതി നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നതിന് സഹായിക്കും. ലക്കി ബിൽ സ്കീം **പദ്ധതിയ്ക്കായി 5 കോടി രൂപ അനുവദിക്കുന്നു.**

## ഭാഗം – IV
## നികുതി നിർദ്ദേശങ്ങൾ

**റവന്യൂ**

447. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 40.47 ആറിനു മുകളിൽ പുതിയ

സ്ലാബ് ഏർപ്പെടുത്തി അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കും. എല്ലാ സ്ലാബുകളിലെയും അടിസ്ഥാന ഭൂനികുതി നിരക്കുകൾ കൃത്യതയും സൂക്ഷ്മതയും ഉറപ്പ് വരുത്തി വർദ്ധിപ്പിക്കുന്നതാണ്. ഇത് ഏകദേശം 80 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 339 കോടി രൂപ ചിലവിൽ ഡിജിറ്റൽ ഭൂസർവ്വെ പദ്ധതി ഉൾപ്പെടെ ലാൻഡ് റെക്കോർഡ് മാനേജ്മെന്റിൽ അത്യാധുനിക സാങ്കേതിക മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള പദ്ധതികളും ഒന്നാം ഘട്ടമായി സർക്കാർ നടപ്പിലാക്കുന്നുണ്ട്.

448. ഭൂമിയുടെ ന്യായവില നമ്മുടെ സംസ്ഥാനത്തെ പല പ്രദേശങ്ങളിലും നിലവിലുള്ള വിപണി മൂല്യവുമായി പൊരുത്തപ്പെടുന്നില്ല. ദേശീയ പാത വികസനം, മെട്രോ റെയിൽ പദ്ധതി, കോർ റോഡ് ശൃംഖല വിപുലീകരണം തുടങ്ങിയ ബൃഹത്തായ അടിസ്ഥാന സൗകര്യ പദ്ധതികൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഫലമായി സമീപ പ്രദേശങ്ങളിൽ വിപണി മൂല്യം പലമടങ്ങ് വർദ്ധിച്ചു. ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിന്, ഇത് പരിശോധിക്കുന്നതിനും ന്യായവില അടിസ്ഥാന യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തു വാനും സർക്കാർ ഒരു ഉന്നതതല സമിതി രൂപീകരിക്കും.

449. എല്ലാ വിഭാഗങ്ങളിലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കും. 200 കോടിയോളം രൂപയുടെ അധിക വരുമാനം ഇതുവഴി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്

450. മുൻ നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി 2020 –ൽ പ്രഖ്യാപിച്ച സമഗ്രമായ ആംനസ്റ്റി പദ്ധതി 2021 ലും തുടർന്നിട്ടുണ്ടായിരുന്നു. പൊതു വില്പന നികുതി, കേന്ദ്ര വില്പന നികുതി, മൂല്യവർദ്ധിത നികുതി, സർചാർജ് നിയമം, ആഡംബര നികുതി, കാർഷികാദായ നികുതി എന്നീ നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശ്ശികകൾക്ക് ഈ പദ്ധതി ബാധകമായിരുന്നു. മുൻ നിയമങ്ങൾ പ്രകാരമുള്ള അസ്സെസ്സ്മെന്റുകൾ തുടരുന്നതിനാൽ പുതിയ നികുതി കുടിശ്ശികകൾ ഉണ്ടായിട്ടുണ്ട്. ഈ പദ്ധതി, താഴെ പറയുന്ന രണ്ടു മാറ്റങ്ങളോടെ മുൻപുണ്ടായിരുന്ന മറ്റു നിബന്ധനകൾ നിലനിർത്തി ഈ വർഷവും തുടരുന്നതാണ്.

- ഈ പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നതിനായി 2022 ഓഗസ്റ്റ് 31–നു മുൻപായി ഓപ്ഷൻ സമർപ്പിക്കുകയും 2022 ഡിസംബർ 31 നു മുൻപായി കുടിശ്ശിക അടച്ചു തീർക്കുകയും ചെയ്യേണ്ടതാണ്.
- 2021–22 സാമ്പത്തിക വർഷത്തിലെ കേരള പൊതു വില്പന നികുതി കുടിശ്ശികകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

451. സർക്കാർ നയത്തിന്റെ ഭാഗമായി അടച്ചുപൂട്ടുകയും പിന്നീട് ലൈസൻസ് ലഭിക്കുകയും ചെയ്ത ബാർ ഹോട്ടലുകൾക്കു സോഫ്റ്റ്‌വെയറിന്റെ പ്രശ്നങ്ങൾ മൂലവും തുടർന്ന് കോവിഡ് സൃഷ്ടിച്ച പ്രതിസന്ധികൾ മൂലവും റിട്ടേണുകൾ യഥാസമയം

സമർപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. കഴിഞ്ഞ ബഡ്ജറ്റുകളിൽ ഇത്തരത്തിലുള്ള ബാർ ഹോട്ടലുകൾക്കു കോമ്പോണ്ടിങ് രീതിയിൽ 2020 ഡിസംബർ 31 വരെ കുടിശ്ശിക തീർപ്പാക്കുവാൻ അനുവദിച്ചിരുന്നു. കോവിഡ് സംബന്ധമായ പ്രതിസന്ധികൾ ഈ അടുത്തകാലം വരെ തുടർന്നതിനാൽ ഓപ്ഷൻ നൽകുന്നതിനുള്ള തീയതി 2022 മാർച്ച് 31 വരെ നീട്ടി നൽകുന്നു. കുടിശ്ശിക2022 ഏപ്രിൽ 30 നു മുൻപായി അടച്ചു തീർക്കേണ്ടതാണ്.

452. മുൻപെങ്ങും ഉണ്ടായിട്ടില്ലാത്ത രീതിയിൽ 2018-ൽ ഉണ്ടായ പ്രളയത്തെ തുടർന്ന് 01.08.2019 മുതൽ രണ്ടു വർഷത്തേക്ക് പ്രളയ സെസ്സ് നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. കേരള പ്രളയ സെസ്സ് നിയമ പ്രകാരം പ്രളയ സെസ്സ് ആയി അടച്ച തുകയ്ക്ക് റീഫണ്ടിനു അർഹതയില്ലാത്തതിനാൽ അബദ്ധത്തിൽ കൂടുതൽ തുക പ്രളയ സെസ്സ് റിട്ടേൺ മുഖേന അടച്ചവർക്കു നിലവിൽ റീഫണ്ട് ലഭിക്കാത്ത സ്ഥിതിയാണ്. ഈ പ്രശ്നം പരിഹരിക്കുന്നത്തിന് ആവശ്യമായ ഭേദഗതികൾ വരുത്തും.

453. ജി. എസ്. ടി. കൗൺസിലിന്റെ ശുപാർശയോടെ 2022 ലെ കേന്ദ്ര ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള കേന്ദ്ര ചരക്കു സേവന നികുതി നിയമത്തിന് വരുത്തിയിട്ടുള്ള ഭേദഗതികൾക്കു സമാനമായ ഭേദഗതികൾ സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലും ഉൾപെടുത്തുന്നതാണ്.

**മോട്ടോർ വാഹന വകുപ്പ്**

454. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1% വർദ്ധിപ്പിക്കുന്നതാണ്. ഇതുവഴി പ്രതിവർഷം 60 കോടിയോളം രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

455. **ഹരിത നികുതി:** പഴയ വാഹനങ്ങൾ മൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്രസർക്കാർ സ്ക്രാപ്പിംഗ് നയം ആവിഷ്കരിച്ചിട്ടുണ്ട്. ഡീസൽ വാഹനങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുകയും വൈദ്യുത വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. പഴയ വാഹനങ്ങൾക്ക് (15 വർഷത്തിന് മുകളിലുള്ളവ) ഹരിത നികുതി 50% വർധിപ്പിക്കുന്നു. കൂടാതെ, മോട്ടോർ സൈക്കിളുകൾ ഒഴികെയുള്ള ഇനിപ്പറയുന്ന വിഭാഗങ്ങളിലുള്ള ഡീസൽ വാഹനങ്ങൾക്കും ഹരിത നികുതി ചുമത്തും. മുച്ചക്ര വാഹനങ്ങൾ, സ്വകാര്യ മോട്ടോർ വാഹനങ്ങൾ, ഇടത്തരം മോട്ടോർ വാഹനങ്ങൾ, ഹെവി മോട്ടോർ വാഹനങ്ങൾ, മറ്റ് ഡീസൽ വാഹനങ്ങൾ. ഏകദേശം 10 കോടിയോളം രൂപയുടെ അധിക വരുമാനം ഇതുവഴി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

456. മോട്ടോർ വാഹന നികുതി കുടിശ്ശിക അടയ്ക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഈ വർഷവും തുടരും. രണ്ടു കോടിയോളം രൂപയുടെ അധിക വരുമാനം ഇതുവഴി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

457. കാരവൻ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് വാടകയ്ക്ക് എടുക്കുന്നതും കരാറിൽ ഏർപ്പെട്ടിട്ടുള്ളവയുമായ കാരവനുകളുടെ ത്രൈമാസ നികുതി KMVT നിയമം 1976–ലെ ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന നിരക്കിൽ ഭേദഗതി വരുത്തി നിബന്ധനകൾക്ക് വിധേയമായി സ്ക്വയർ മീറ്ററിന് 1000 രൂപയിൽ നിന്ന് 500 രൂപയായി കുറയ്ക്കുന്നു. ആയതിന് കരാർ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**രജിസ്ട്രേഷൻ**

458. 2018–19 ബജറ്റ് പ്രസംഗത്തിൽ 31.03.2017 വരെ റിപ്പോർട്ട് ചെയ്യപ്പെട്ട അണ്ടർവാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് പദ്ധതി സർക്കാർ പ്രഖ്യാപിച്ചിരുന്നു. വിവിധ ഉത്തരവുകളാൽ കാലാവധി ദീർഘിപ്പിച്ചുനൽകിയ ഈ പദ്ധതിക്ക് നിലവിൽ 2022 മാർച്ച് 31 വരെ പ്രാബല്യം ഉണ്ട്. പ്രസ്തുത പദ്ധതിയിലൂടെ 1.20 ലക്ഷം കേസുകളിൽ നിന്ന് 51.18 കോടി രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ 31.03.2017 വരെ റിപ്പോർട്ട് ചെയ്യപ്പെട്ട 2.10 ലക്ഷം കേസുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി കോമ്പൗണ്ടിംഗ് പദ്ധതി അടുത്ത സാമ്പത്തിക വർഷത്തേക്കും നീട്ടുകയാണ്. 50 കോടിയോളം രൂപയുടെ അധിക വരുമാനം ഇതുവഴി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഗ്യാരണ്ടി സീലിംഗ് നിയമ ഭേദഗതി:**

459. നിലവിലെ ഗ്യാരണ്ടി പരിധി നിശ്ചയിച്ചത് 2018-ലെ ഭേദഗതിയിലൂടെയാണ്. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് കണക്കാക്കിയ പ്രകാരം അതാത് സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ ജിഎസ്ഡിപിയുടെ 5% ആണ് സർക്കാർ ഗ്യാരന്റിയുടെ നിലവിലെ പരിധി. സർക്കാർ ഈ പരിധി ഇനി പറയുന്ന പ്രകാരം ഭേദഗതി ചെയ്യുന്നതാണ്. 'ഏത് വർഷത്തിലേയും ഏപ്രിൽ ആദ്യ തീയതിയിലെ മൊത്തം സർക്കാർ ഗ്യാരണ്ടി, മുൻവർഷത്തെ സംസ്ഥാനത്തിന്റെ വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ ജിഎസ്ഡിപിയുടെ 10 ശതമാനമോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും.'

**ധനസ്ഥിതി**

460. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരുകളെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ്. അർഹമായ സാമ്പത്തിക വിഹിതം നിഷേധിച്ചും, പരോക്ഷ നികുതികൾ വർദ്ധിപ്പിച്ചും, ഡിവിസിബിൾ പൂളിൽ നിന്നും ലഭിക്കേണ്ടതിന്റെ ശതമാനം വെട്ടിക്കുറച്ചും സംസ്ഥാനങ്ങൾക്കുമേൽ ഭാരം അടിച്ചേൽപ്പിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കേന്ദ്രത്തിൽ നിന്നുള്ള ധനവിഹിതത്തിൽ വലിയ കുറവ് ഉണ്ടാകുകയാണ്. സംസ്ഥാനങ്ങളുടെ അവകാശങ്ങളെ കവർന്നെടുക്കുന്ന കേന്ദ്ര നയത്തിനെതിരേ ഇതര സംസ്ഥാനങ്ങളെ

ഒന്നിപ്പിച്ചുകൊണ്ട് അതിശക്തമായ പ്രതിരോധം തീർക്കാൻ കേരളം മുൻകൈയ്യെടുക്കും.

461. സംസ്ഥാനത്തിന്റെ റവന്യൂവരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേന്ദ്രത്തിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവ് വരികയാണെന്ന് ഞാൻ നേരത്തേ സൂചിപ്പിച്ചല്ലോ. പല തരത്തിലാണ് നികുതിവിഹിതത്തിലെ കുറവ് പ്രതിഫലിക്കുന്നത്. (i) വൻകിട കോർപ്പറേറ്റുകളെ സഹായിക്കുന്ന തരത്തിലുള്ള നികുതിയിളവുകൾ ഒരുവശത്ത് നൽകുകയും മറുവശത്ത് സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ടാത്ത സെസ്സ്, സർചാർജ്ജ് ഇനത്തിൽ വലിയ തോതിൽ കേന്ദ്രം വിഭവ സമാഹരണം നടത്തുകയും ചെയ്യുന്നു. ഇത് കാരണം സംസ്ഥാനങ്ങൾക്ക് അർഹമായ വിഹിതം ലഭിക്കാതിരിക്കുന്നു. (ii) കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് വീതിച്ചുനൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതത്തിലും കുറവ് വരുന്നു. പതിനാലാം ധനകാര്യ കമ്മീഷൻ 42 ശതമാനമാണ് ശുപാർശ ചെയ്തിരുന്നതെങ്കിൽ നിലവിലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഇതിൽ കുറവ് വരുത്തി 41 ശതമാനമാക്കി മാറ്റി. (iii) ഇത് കൂടാതെ ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതവും കാലാകാലങ്ങളായി കുറഞ്ഞ് വരുന്നു. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം ക്രമേണ കുറഞ്ഞ് പതിനാലാം ധനകാര്യ

കമ്മീഷന്റെ സമയത്ത് 2.5 ശതമാനമായി മാറുകയും ഇപ്പോൾ അത് വെറും 1.925 ശതമാനമായി കുറയുകയും ചെയ്തു.

462. ജി.എസ്.ടി നഷ്ടപരിഹാര ഇനത്തിൽ 2022 ജൂണിന് ശേഷം ഏകദേശം 11,000 കോടി രൂപയുടെ കുറവാണ് കേരളത്തിന് ഉണ്ടാകാൻ പോകുന്നത്. ജി.എസ്.ടി നഷ്ടപരിഹാരം നൽകുന്ന സംവിധാനം കേന്ദ്രസർക്കാൻ അവസാനിപ്പിക്കാൻ ശ്രമിക്കുകയാണ്.

463. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യത്തിലും സമാനമായ സാഹചര്യമാണ് നിലനിൽക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി കേരളത്തിന് ലഭിക്കുന്നത് വെറും 1% വിഹിതം മാത്രമാണ്. കേരളത്തിലെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങളും പ്രത്യേകതകളും കണക്കിലെടുത്ത് പ്രത്യേക പാക്കേജുകളായോ കേരളത്തിന്റെ ആവശ്യാനു സരണമുള്ള പ്രോജക്ടുകളുടെ അടിസ്ഥാനത്തിലോ കേന്ദ്രവിഹിതം വർദ്ധിപ്പിക്കാനുള്ള രാഷ്ട്രീയ സമ്മർദ്ദം ദേശീയ തലത്തിൽ കൊണ്ടുവരേണ്ടതുണ്ട്.

464. ചുരുക്കത്തിൽ സംസ്ഥാനങ്ങൾക്ക് വിഭവങ്ങൾ നൽകുന്നതിൽ കേന്ദ്ര സർക്കാർ തലത്തിൽ വന്ന നയം മാറ്റമാണ് പ്രധാനമായും കേരളത്തെ സാമ്പത്തിക ബുദ്ധിമുട്ടിലേക്ക് തള്ളിവിടുന്നത്.

465. മഹാമാരി ജനജീവിതത്തെ മാത്രമല്ല സർക്കാരുകളുടെ ധനസ്ഥിതിയെയും ബാധിച്ചു. ലോകമെമ്പാടും സർക്കാരുകൾ വരുമാനം കുറയുന്നതിന്റേയും ചെലവുകൾ

അധികരിക്കുന്നതിന്റെയും പൊതുകടം കൂടുന്നതിന്റെയും പ്രശ്നങ്ങൾ നേരിട്ടു. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ധനകാര്യ വൈഷമ്യം കുറച്ചുകൂടി തീവ്രമായി അനുഭവപ്പെടുകയുണ്ടായി. പ്രതിസന്ധികൾ വരുമ്പോൾ ചെലവ് ചുരുക്കി ഒഴിഞ്ഞുമാറുന്ന സമീപനമല്ല കേരളത്തിലെ സർക്കാർ സ്വീകരിച്ചത്. പ്രശ്നങ്ങൾ പരിഹരിക്കാൻ കൂടുതൽ സജീവമായി ഇടപെടുന്ന സമീപനമാണ് കൈക്കൊണ്ടത്.

466. ചികിത്സ സൗജന്യമാക്കിയും സാമൂഹ്യ അടുക്കള സ്ഥാപിച്ചും ഭക്ഷ്യ കിറ്റ് വിതരണം ചെയ്തും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചും തൊഴിലാളികൾക്ക് സംരക്ഷണം നൽകിയും പൊതു മൂലധന നിക്ഷേപം വർദ്ധിപ്പിച്ചും പ്രത്യേക പാക്കേജുകൾ വഴി ധനലഭ്യത ഉറപ്പ് വരുത്തിയും കാലഘട്ടത്തിന്റെ വെല്ലുവിളി ഏറ്റെടുക്കുകയാണ് ചെയ്തത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പ്രധാന വരുമാനക്കാർ കോവിഡ് മൂലം മരണപ്പെടുകയാണെങ്കിൽ അത്തരം കുടുംബങ്ങൾക്ക് 36 മാസത്തേക്ക് പ്രതിമാസം 5000 രൂപ ധനസഹായം ഏർപ്പെടുത്തി. തികച്ചും ജനകീയമായി ധനകാര്യ ഭരണം കൈകാര്യം ചെയ്ത ഈ രീതി സ്വീകരിച്ചിരുന്നില്ലായെങ്കിൽ റവന്യൂ കമ്മിയും ധനക്കമ്മിയും നേരത്തേ ലക്ഷ്യമിട്ട പരിധിയിൽ നിൽക്കുമായിരുന്നു.

# ഉപസംഹാരം

സർ,

467. പ്രതിസന്ധി നിറഞ്ഞ കാലത്തും ഉത്തരവാദിത്തങ്ങൾ ഇച്ഛാശക്തിയോടെ നിർവ്വഹിക്കുന്ന സർക്കാരാണ് കേരളത്തിലേത്. വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് യാതൊരു കുറവും വരുത്താതെ സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോവുകയാണ് ശ്രീ.പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ് സർക്കാർ. നിപ്പയും കോവിഡും പ്രളയവും സൃഷ്ടിച്ച പ്രതിസന്ധികളേയും അസാധാരണമായ വരുമാന നഷ്ടത്തെയും സുധീരമായി നേരിടാൻ നമുക്ക് കഴിഞ്ഞു. ഒരു ദിവസം പോലും ട്രഷറി അടച്ചിടാതെ നമുക്ക് മുന്നോട്ട് പോകാൻ കഴിഞ്ഞു. പ്രത്യേക പരിഗണന നൽകി എല്ലാ വിഭാഗങ്ങളേയും സംരക്ഷിക്കാൻ സർക്കാർ ശ്രദ്ധിച്ചിട്ടുണ്ട്. ഉത്തരവാദിത്തങ്ങളിൽ നിന്നും ഒഴിഞ്ഞ് മാറിയുള്ള ചെലവ് ചുരുക്കൽ നയമല്ല, പകരം എല്ലാവരേയും ചേർത്ത് പിടിക്കുന്ന സമീപനമാണ് നമ്മുടെ ബദൽ എന്ന് തെളിയിച്ച കാലത്തിനാണ് നാം സാക്ഷ്യം വഹിച്ചത്. എന്നാൽ കേന്ദ്രസർക്കാർ രാജ്യത്തിന്റെ ജനാധിപത്യ ഘടനയേയും ഫെഡറൽ മൂല്യങ്ങളേയും തകർത്ത് സംസ്ഥാനങ്ങളുടെ അധികാരവും വിഭവങ്ങളും കവർന്നെടുക്കുന്ന ഈ കാലഘട്ടത്തിൽ ഇതിനെതിരെ എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവെച്ച് നമ്മളാകെ ഒന്നിക്കേണ്ടതുണ്ട്.

468. രാഷ്ട്രീയമായി പല വിഷയങ്ങളിലും ഭിന്നാഭിപ്രായ ങ്ങളുള്ളവരാണ് നമ്മൾ. അതൊന്നും സംസ്ഥാന താൽപര്യം സംരക്ഷിക്കുന്നതിന് വിഘാതമാകാൻ പാടില്ല.

ഭരണപക്ഷവും പ്രതിപക്ഷവും ഉൾപ്പടെ എല്ലാ രാഷ്ട്രീയ കക്ഷികളും നമ്മുടെ സംസ്ഥാനത്തിന്റെ പൊതു താൽപര്യം സംരക്ഷിക്കാനായി ഒന്നിച്ച് നിൽക്കും എന്നുതന്നെയാണ് എന്റെ പ്രതീക്ഷ.

469. സർ, പുതിയ മേഖലകളുടെയും സാങ്കേതികവിദ്യകളുടെയും സാധ്യതകൾ ഉപയോഗപ്പെടുത്തി സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താനും കേരളത്തെ കൂടുതൽ പുരോഗതിയിലേക്ക് നയിക്കുവാനും നമ്മുക്ക് കഴിയും. ഈ ലക്ഷ്യത്തിലേക്ക് നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം. ഈ പരിശ്രമത്തിൽ നാം വിജയിക്കുകതന്നെ ചെയ്യും.

470. ഇനി ഞാൻ 2021-22 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുകളുടേയും 2022-23 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെയും സംക്ഷിപ്ത രൂപം അവതരിപ്പിക്കട്ടെ.

<u>**2021–22 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്**</u>

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യൂ വരവ് | 117888.16 |
| റവന്യൂ ചെലവ് | 149803.21 |
| റവന്യൂ കമ്മി* | (–)23176.05 |
| മൂലധന ചെലവ് (തനി) | (–)12183.51 |
| വായ്പകളും മുൻകൂറുകളും (തനി) | (–)2296.91 |
| പൊതുകടം (തനി)* | 26633.31 |
| പൊതുകണക്ക് (തനി) | 10980.00 |
| ആകെ കമ്മി | (–)43.16 |
| വർഷാരംഭ രൊക്ക ബാക്കി | (–)206.42 |
| വർഷാന്ത്യ രൊക്ക ബാക്കി | (–)249.58 |

**ജി.എസ്.ടി നഷ്ടപരിഹാര ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും 2021–22 (പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്) ൽ വായ്പയായി ലഭ്യമായ 8739 കോടി രൂപയുടെ തിരിച്ചടവ് സംസ്ഥാനത്തിന്റെ ബാധ്യതയല്ല. അതിനാൽ ഈ തുകയെ ധനസൂചികകളുടെ കണക്ക് കൂട്ടലിനായി റവന്യൂ ഗ്രാന്റായി പരിഗണിക്കാവുന്നതാണ്.*

## 2022-23 ലെ ബജറ്റ് എസ്റ്റിമേറ്റ്

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യൂ വരവ് | 134097.80 |
| റവന്യൂ ചെലവ് | 157065.89 |
| റവന്യൂ കമ്മി | (–)22968.09 |
| മൂലധന ചെലവ് (തനി) | (–)14841.16 |
| വായ്പകളും മുൻകൂറുകളും (തനി) | (–)1307.36 |
| പൊതുകടം (തനി) | 27856.03 |
| പൊതുകണക്ക് (തനി) | 11230.00 |
| ആകെ കമ്മി | (–)30.58 |
| വർഷാരംഭ രൊക്ക ബാക്കി | (–)249.58 |
| വർഷാന്ത്യ രൊക്ക ബാക്കി | (–)280.16 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | (–)1081.00 |
| നികുതി ഇളവുകൾ | (–)2.00 |
| അധിക വിഭവ സമാഹരണം | 602.00 |
| വർഷാന്ത്യ രൊക്ക ബാക്കി | (–)761.16 |

471. സർ, 2022-23-ലെ ഈ ബജറ്റ് സഭയുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തെ ആദ്യ നാല് മാസത്തേക്കുള്ള (2022 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള) വോട്ട് ഓൺ അക്കൗണ്ടും സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.